

# ആധുനികശാസ്ത്രം ഇന്ത്യയിൽ

(അഷ്റഫ്, എ. എം. III B. Sc.)

ആധുനിക കാലഘട്ടത്തിൽ ഇൻഡ്യയിൽ ശാസ്ത്രത്തിനുണ്ടായ വളർച്ച നമ്മുടെ പ്രാചീന ശാസ്ത്രീയനേട്ടങ്ങളിൽനിന്നു പൊട്ടിമുളച്ചതായിരുന്നില്ല. അപരിചിതമായ ഭാഷയിൽ ബ്രിട്ടീഷുകാർ പറിച്ചുനട്ടതാണത്.

ആധുനിക ശാസ്ത്രം ഇൻഡ്യയിൽ വേരുപിടിച്ചു തുടങ്ങിയതു് 18-ാംനൂററാണ്ടിലാണ്. 1784ൽ സർ വില്യം ജോൺസ് ഏഷ്യാററിക് സൊസൈററി ഓഫ് ബംഗാൾ സ്ഥാപിച്ചതോടെയാണ് ഇന്ത്യയിൽ ആധുനിക ശാസ്ത്രപുരോഗതിയുടെ തുടക്കം കുറിച്ചതെന്നു പറയാം. ഗവേഷണത്തിനുള്ള താല്പര്യമാണ് ഇത്തരമൊരു സ്ഥാപനത്തിനു ബീജാവാപം ചെയ്തതു്. തുടർന്നു വളരെക്കാലത്തേക്ക് ഇന്ത്യയിലെ ശാസ്ത്രസംബന്ധമായ പ്രവർത്തനങ്ങളിൽ ആ സ്ഥാപനം പങ്കുവഹിയ്ക്കുകയും ചെയ്തു:

പത്തൊൻപതാം നൂററാണ്ടിൽ ജന്തുശാസ്ത്രം, സസ്യശാസ്ത്രം, മാനവവംശശാസ്ത്രം ഗണിതം, ഭൗതികശാസ്ത്രം, രസതന്ത്രം, വാനനിരീക്ഷണം, ഭൂമിശാസ്ത്രം, വൈദ്യശാസ്ത്രം എന്നിങ്ങനെ വിവിധ ശാസ്ത്രശാഖകളിലെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാൻ ഒട്ടേറെ സംഘടനകൾ രൂപംകൊണ്ടു. ട്രീഗ്നോ മെട്രിക്കൽ സൊസൈററി (1800), ജിയോളജിക്കൽ സർവ്വേ(1851), ആർക്കിയോളജിക്കൽ ഡിപ്പാർട്ട്മെൻറ് (2802), ദി ഇൻഡ്യൻ മ്യൂസിയം (1866), ഇൻഡ്യൻ മീററിയറോളജിക്കൽ ഡിപ്പാർട്ടുമെൻറ് (1875), ബോട്ടണിക്കൽ സർവേ (1890) എന്നിവ ഗവേഷണത്തിനും പഠനത്തിനുമുള്ള ഒട്ടേറെ മേഖലകൾ കണ്ടെത്തി.

ഈ കാലഘട്ടത്തിലാണ് ഇന്ത്യയിലെ ആദ്യത്തെ മൂന്നു മെഡിക്കൽ കോളേജുകൾ - 1835-ൽ മദ്രാസിലും കൽക്കട്ടയിലും 1845-ൽ ബോംബെയിലും സ്ഥാപിതമായതു്. ഒന്നാംലോകമഹായുദ്ധംവരെയുള്ള കാലത്തു് ഇന്ത്യയിലെ ഗവേഷണം പ്രധാനമായും കേന്ദ്രീകരിച്ചിരുന്നതു് കൃഷി, വൈദ്യശാസ്ത്രരംഗങ്ങളിലായിരുന്നു. കോളറ, മലേറിയ, ബെറിബെറി, കാൻസർ എന്നീ രോഗങ്ങളെക്കുറിച്ചു വ്യവസ്ഥാപിതമായ ഗവേഷണം സംഘടിപ്പിക്കാൻ 1869-ൽ ഡോ. ലൂയിസും, ഡോ. കണ്ണിംഗാമും മുൻകൈ എടുത്തതോടെയാണ് ഇന്ത്യൻ വൈ

ഭൃശാസ്ത്രംഗത്തു സംഘടിതാടിസ്ഥാനത്തി ലുള്ള ഗവേഷണമാരംഭിച്ചതു് പ്ളേഗ് സംബന്ധിച്ച ഗവേഷണത്തിനായി 1899ൽ ഹാഫ്കിൻസ് ഇൻസ്റ്റിട്യൂട്ട് സ്ഥാപിതമായി. പിന്നീട് അതിൻെറ പ്രവർത്തനം പേപ്പട്ടിവിഷത്തെക്കുറിച്ചും ഔഷധപ്രയോഗരീതികളെപ്പററിയും ജൈവരസതന്ത്രത്തിലുള്ള ഗവേഷണമേഖലകളിലേക്കും വ്യാപിച്ചു.

കാർഷികഗവേഷണത്തിനു് തുടക്കമിട്ടതു് വിവിധപ്രവിശ്യകളുടേയും സംസ്ഥാനങ്ങളുടേയും കാർഷികമൃഗസംരക്ഷണവകുപ്പുകളാണു്. ബോംബെയിൽ 1895-ലും മദ്രാസിൽ 1899_ലും ഷില്ലോംഗിൽ 1894-ലും അലഹബാദിലും നാഗപ്പൂരിലും 1895-ലും ബംഗാളിൽ 1896_ലും കൃഷിവികസനത്തിനു് പ്രത്യേക വകുപ്പുകളുണ്ടായി.

ഇരുപതാം നൂററാണ്ടിൻെറ ആരംഭകാലത്തു കാർഷിക ഗവേഷണത്തിനായി ഇന്ത്യാഗവർമ്മെണ്ട് ഒട്ടേറെ റിസർച്ച് ഇൻസ്റ്റിട്യൂട്ടുകൾ സ്ഥാപിച്ചു. ബീഹാറിലെ പൂസയിൽ 1905_ൽ റോയൽ അഗ്രികൾച്ചറൽ റിസർച്ച് ഇൻസ്റ്റിട്യൂട്ട് സ്ഥാപിതമായി. അതിനുമുമ്പേ 1889_ൽ മൃഗസംരക്ഷണഗവേഷണങ്ങൾക്കായി സ്ഥാപിതമായതാണ് പൂനയിലെ ഇംപീരിയൽ ബാക്ടീറിയോളജിക്കൽ ലാബറട്ടറി. 1893_ൽ മുക്തേശ്വരത്തേക്കു് മാററപ്പെട്ട ഈ സ്ഥാപനമാണു് പിന്നീട് ഇന്ത്യൻ വെററിനറി റിസർച്ച് ഇൻസ്റ്റിട്യൂട്ട് ആയതു്.

കസൗലിയിൽ 1905-ൽ സ്ഥാപിതമായ സെൻട്രൽ റിസർച്ച് ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ റിസർച്ച്, 1906-ൽ ഡറാഡൂണിൽ സ്ഥാപിച്ച ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിട്യൂട്ട്, 1903_ൽ മദ്രാസിൽ സ്ഥാപിച്ച കിംഗ് ഇൻസ്റ്റിട്യൂട്ട് ഓഫ് പ്രിവൻറീവ് മെഡിസിൽ, കന്നൂരിൽ 1907-ൽ സ്ഥാപിച്ച പാസ്ച്ചർ ഇൻസ്റ്റിട്യൂട്ട് എന്നിവ രോഗകാരണങ്ങളെയും രോഗപ്രതിരോധത്തേയും കുറിച്ച ഗവേഷണം നടത്താൻ സ്ഥാപിതമായ സ്ഥാപനങ്ങളിൽ പ്രധാനപ്പെട്ടവയാണു്.

ഇന്ത്യാഗവർമ്മെണ്ട് 1911_ൽ സ്ഥാപിച്ച ഇൻറ്യൻ റിസർച്ച് ഫണ്ട് അസോസിയേഷനാണു് പിന്നീട് ഇൻറ്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് ആയതു്. 1916_ൽ കൽക്കട്ടയിൽ ദിസുവോളജിക്കൽ സർവേ ഓഫു് ഇൻറ്യയും സ്ഥാപിതമായി.

അടുത്ത രണ്ടു ദശകങ്ങൾ ഒട്ടേറെ പ്രായോഗികഗവേഷണസ്ഥാപനങ്ങളുടെ പിറവിക്കു സാക്ഷ്യം വഹിച്ചു. ബോംബെയിലെ കോട്ടൺ ടെക്നോളജിക്കൽ റിസർച്ച് ലാബറട്ടറി (1924), ഇൻഡോറിലെ ഇൻസ്റ്റിട്യൂട്ട് ഓഫു് പ്ലാൻറ് റിസർച്ച് (1924), റാഞ്ചിയിലെ ഇന്ത്യൻ ലാക്റിസർച്ച് ഇൻസ്റ്റിട്യൂട്ട് (1925), ആസാമിലെ തേയില ഗവേഷണത്തിനുള്ള ടൊക്ലെയ് എക്സ്പെരിമെൻറൽ സ്റ്റേഷൻ (1911), ബാംഗ്ളൂരിലെ, ഡയറി റിസേർച്ച് ഇൻസ്റ്റിട്യൂട്ട് (1923) എന്നിവ അവയിൽ സുപ്രധാനങ്ങളാണു്. ലിൻലിത്ഗോ പ്രഭു അദ്ധ്യക്ഷനായുള്ള കാർഷികവികസനത്തിനുവേണ്ടിയുള്ള റോയൽക്കമ്മീഷൻെറ (1928) ശുപാർശപ്രകാരം 1929-ൽ സ്ഥാപിതമായ ഇംപീരിയൽ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച് ആണു് ഇപ്പോൾ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച് ആയിട്ടുള്ളതു്.

ഇന്ത്യൻ ശാസ്ത്രപുരോഗതിയുടെ പാതയിലെ മറെറാരു നാഴികക്കല്ലാണു് ഇന്ത്യൻ സയൻസ് കോൺഗ്രസ്സിൻെറ ജനനം. ഇന്ത്യൻ ശാസ്ത്രജ്ഞന്മാർ മുൻകൈയെടുത്തു സംഘടിപ്പിച്ച ഇൻഡ്യൻ സയൻസ് കോൺഗ്രസ്സ് 1914-ൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. സർ ആശുതോഷ് മുക്കർജിയായിരു

ന്നു പ്രഥമ പ്രസിഡൻറ്. ഇന്ത്യൻ ശാസ്ത്രജ്ഞന്മാർക്കു സമ്മേളിക്കാനും ശാസ്ത്രഗവേഷണങ്ങളെക്കുറിച്ചു ചർച്ച ചെയ്യാനുമുള്ള വേദിയൊരുക്കുന്നതിൽ സുപ്രധാനമായ പങ്കു വഹിച്ച ഈ സ്ഥാപനം.

ഇന്ത്യൻ സയൻസ് കോൺഗ്രസിന്റെ ബാല്യകാലത്തു് ഇന്ത്യയിൽ ഒട്ടേറെ ശാസ്ത്രസംഘടനകൾ ജനിച്ചു. ഇൻസ്റ്റിട്യൂട്ട് ഓഫ് എൻജിനിയേർസ് (1920) ഇൻഡ്യൻ ബോട്ടാണിക്കൽ സൊസൈററി (1921), ഇൻഡ്യൻ കെമിക്കൽ സൊസൈററി (1924), ജിയോളജിക്കൽ മൈനിംഗ് ആൻറ് മെററലർജിക്കൽ സൊസൈററി (1923), ആന്ത്രോപോളജിക്കൽ സൊസൈററി (1920) എന്നീ സമിതികൾ ഇക്കാലഘട്ടത്തിൽ കൽക്കട്ടയിൽ ജന്മംകൊണ്ടവയാണ്.

രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ സർവകലാശാലകൾ സ്ഥാപിതമായതോടെ ശാസ്ത്രഗവേഷണരംഗത്തു് ഒരു പുതിയ ഉണർവുണ്ടായി. ലണ്ടൻ സർവകലാശാലയുടെ മാതൃകയിൽ 1857-ൽ ബോംബെയിലും കൽക്കട്ടയിലും മദ്രാസിലും ഓരോ സർവകലാശാല സ്ഥാപിതമായി. ഇരുപതാം നൂററാണ്ടിന്റെ ആരംഭകാലംവരെ ഇവ വെറും പരീക്ഷ നടത്തുന്ന സ്ഥാപനങ്ങളായിരുന്നു. ശാസ്ത്രാദ്ധ്യാപനത്തിനും ഗവേഷണത്തിനുമുള്ള സ്ഥാപനങ്ങളാക്കി സർവകലാശാലകളെ മാററുന്നതിനു പാത ഒരുക്കിയതു് 1903-ൽ ഇന്ത്യൻ വദ്യാഭ്യാസനയപ്രഖ്യാപനവും 1910-ൽ സാൽദർ കമ്മീഷൻ സമർപ്പിച്ച ശുപാർശകളുമാണ്. ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി എന്നീ വിഷയങ്ങളുടെ ചുമതല വഹിക്കുന്ന പ്രത്യേക ഡിപ്പാർട്ടുമെൻറുകൾ സർവകലാശാലകളിലുണ്ടായി. വിവിധശാസ്ത്രശാഖകളുടെ പ്രായോഗികോപയോഗങ്ങളെക്കുറിച്ചു ഗവേഷണം നടത്താനുള്ള ഡിപ്പാർട്ടുമെൻറുകൾ കൽക്കട്ടയിലും ബനാറസിലും ബോംബെയിലും സർവകലാശാലകളിൽ നിലവിൽ വന്നു.

സാങ്കേതികവിദ്യാഭ്യാസ വികസനത്തിനായി ഇന്ത്യാഗവണ്മെൻറ് 1946-ലാണ് ഓൾ ഇൻഡ്യാ കൗൺസിൽ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ സ്ഥാപിച്ചതു്. ശാസ്ത്രവിദ്യാഭ്യാസഗവേഷണ പ്രവർത്തനങ്ങൾ 1930നു ശേഷം പുരോഗതിയിലായി. ആദ്യത്തെ സയൻസ് അക്കാദമി 1930-ൽ യുണൈററഡ് പ്രോവിഡൻസ് അക്കാദമി ഓഫ് സയൻസസ് എന്ന പേരിൽ അലഹബാദിൽ സ്ഥാപിക്കപ്പെട്ടു. ഈ സ്ഥാപനമാണ് പിന്നീട് നാഷണൽ അക്കാഡമി ഓഫ് സയൻസസ് ആയിത്തീർന്നതു്. ഇൻഡ്യൻ അക്കാദമി ഓഫ് സയൻസസ് 1934-ൽ ബാംഗ്ലൂരിൽ ആരംഭിച്ചു. ലണ്ടനിലെ റോയൽ സൊസൈററിയുടെ മാതൃകയിൽ കൽക്കട്ടയിൽ സ്ഥാപിതമായ നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് സയൻസസ് ഓഫ് ഇൻഡ്യ 1935ൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് സയൻസസ് ഇൻഡ്യയിലെ പ്രഥമസ്ഥാനം വഹിക്കുന്ന ശാസ്ത്രസംഘടനയായിരിക്കുമെന്നു് 1945-ൽ ഇൻഡ്യാ ഗവണ്മെൻറ് പ്രഖ്യാപനം ചെയ്തു. 1947-ൽ ഇതിന്റെ ആസ്ഥാനം ഡൽഹിയിലേക്കു് മാററപ്പെട്ടു. 1970-ൽ ഈ സ്ഥാപനത്തിനു് ഇൻഡ്യൻ നാഷനൽ സയൻസ് അക്കാദമിയെന്നു് പുനർനാമകരണവും ചെയ്യപ്പെടുകയുണ്ടായി.

ഇരുപതാം നൂററാണ്ടിന്റെ പൂർവാർദ്ധത്തിൽ ഇൻഡ്യൻ ശാസ്ത്രജ്ഞന്മാർ അന്താരാഷ്ട്രരംഗത്തു് അംഗീകാരം നേടി. സി.വി. രാമൻ, ശ്രീനിവാസരാമാനുജം, പി.സി. റേ, ജഗദീശ്, ചന്ദ്രബോസ്, മെഹ്നാഥസാഹ, ബീർബാൽ സാഹ്നി, കെ.എസ്. കൃഷ്ണൻ, ഹോമിഭാഭ, എസ്.എസ്. ഭട്നഗർ, സത്യൻ ബോസ്, എസ്. ചന്ദ്രശേഖർ, പി. മഹേശ്വരി, ഡി. എൻ. വാഡിയ, ഡി. ആർ. ശേഷാദ്രി, സി. ആർ. റാവു, എം. ജി. കെ. മേനോൻ, വിക്രം സാരാഭായി, ജോർജ് സുദർശൻ ചാണ്ടി തുടങ്ങിയവരുടെ നേട്ടങ്ങൾ അന്തരാഷ്ട്ര ബഹുമതികളും ഇൻഡ്യൻ ശാസ്ത്രയത്നങ്ങൾക്കു് അംഗീകാരവും നേടിക്കൊടുത്തു.

കവിത

# ആരാമശ്രീ

അബ്ദുൽ മജീദ്, ഇ. കെ
I P. D. C.

സുമങ്ങൾ തന്നണിയേററമൊളിയാർന്നിട്ടാരാമത്തിൽ
മനം കവരുന്നു താരനിര കണക്കേ
മലരുകൾക്കകമ്പടി പകർന്നുകൊണ്ടതിൻ താഴെ
രസനസേനയെന്നപോലെ പത്രവൃന്ദങ്ങൾ
ഹരിമരതക്കല്ലുമേന്തി സുമപാളിനിലകൊൾവൂ
ഗഗനചുംബിയാം മണിസൗധം കണക്കെ.
വിവസ്വാൻ തൻ മരീചികളേററം കുതുകവും പൂണ്ട്
രജനിയങ്ങകലാതെ പറന്നെത്തുന്നു.
അഴകാർന്ന ഭൃംഗം തന്റെ നൂതന സന്ദേശമേന്തി_
യട്ടത്തകലുന്നു മധു നുകർന്നുകൊണ്ട്
മധുപങ്ങളിണ ചേർന്ന് മധുരമാം സുധയുണ്ട്
മലർദളം ചുററി രാഗഗീതമോതുന്നു.
ഇടയ്ക്കിടെ ശാഖിതന്നിൽ നിന്നുയർന്നു കേട്ടിടുന്നു
മദിച്ചേററം മയൂരത്തിൻ മധുരഗീതം
തളിർത്ത തൈമാവൊന്നിതാ തഴപ്പാടീയാരാമത്തിൽ
വിളങ്ങുന്നു പ്രവാളത്തിൻ പ്രഭ ചൊരിഞ്ഞ്
ഇളം തെന്നലേററം മലർപ്പൊടിയും ഭ്രമണവന്നി—
ട്ടതിൻ മൃദുകരം മൊത്തിയുമ്മവെയ്ക്കുന്നു.

# അന്വേഷണം-
# അലച്ചിൽ

പ്രമീള, കെ
III B. Sc. Physics

യാത്ര!!!
    അനസ്യൂതമായയാത്ര!
    തീരംതേടി.
    കാലുകൾ തളരുമ്പോൾ നിമന്ത്രണം
    തളരരുത്, മുന്നോട്ട്
ശക്തി!
    വീണ്ടും പ്രയാണം
    വഴിയറിയാതെ നാൽക്കവലകളിൽ
            പകച്ചു നിൽക്കുമ്പോൾ
    പലമുഖങ്ങൾ, പലവേഷങ്ങൾ പല
            ഭാവങ്ങൾ.
ഒരു നിമിഷം!
    പ്രിയംതോന്നിയ മുഖങ്ങളിലലിഞ്ഞു
    ശ്രുതികൾ, ഈണങ്ങൾ, താളങ്ങൾ,
            വ്യത്യസ്തങ്ങളായിരുന്നു
എന്നിട്ടും,
    ശ്രുതിതെറ്റാതെ പാടി
    ഈണത്തിലലിഞ്ഞു.
    താളത്തിനൊത്താടി
പിന്നെ,
    പലതും പൊയ്മുഖങ്ങളെന്നറിഞ്ഞ
            പ്പോൾ വേദന
    വേദനയില്ലാത്ത ലോകത്തിൽ എന്റെ
        അസ്തിത്വത്തിന് വേരുകളില്ലല്ലോ?
വീണ്ടും യാത്ര!
    തനിച്ച്!!!
    ഒരേ ലക്ഷ്യത്തിലേയ്ക്ക് കുതിച്ചവരുടെ
            പാതകൾ സമാന്തരങ്ങളായിരുന്നു
ആവർത്തനം!

പലമുഖങ്ങൾ.
വേദനയുടെ പരകോടിയിൽ
നിസ്സംഗമായ മനസ്സ് മറ്റൊന്നും
പ്രതീക്ഷിച്ചില്ല
അല്ലെങ്കിലെന്തു പ്രതീക്ഷിക്കാൻ?
സ്നേഹം?– ഉത്തരംപറഞ്ഞ കടംകഥ
ആത്മാർത്ഥത?– വെറുമൊരു പാഴ്
വാക്ക്.
ആത്മവിശകലനം–
ഞാനിന്നൊരപഭ്രംശംവന്നശ്രുതിമാത്രം
അപ്പോൾ പുതിയമുഖങ്ങളോ?
വേണ്ട വിശകലനത്തിനൊരുങ്ങി
യാൽ
കാപട്യമുണ്ടെന്ന പൊയ്മുഖങ്ങൾ
തെളിഞ്ഞുകണ്ടാലോ?
ഞാനെന്റെ യാത്രതുടരട്ടെ.
തീരം തേടി
അനന്തതയിലേക്ക്!

# കോളേജ് യൂനിയൻ റിപ്പോർട്ട്
# 1978–79

അനുവദിക്കപ്പെട്ട സമയപരിധിക്കകത്തുനിന്നുകൊണ്ട് വിദ്യാർത്ഥി ക്ഷേമകരമായ വളരെയധികം കാര്യങ്ങൾ ചെയ്തു എന്ന ചാരിതാർത്ഥ്യത്തോടെ, 1978-'79 അദ്ധ്യയനവർഷത്തെ കോളേജ് യൂനിയൻെറ റിപ്പോർട്ട് ഇവിടെ അവതരിപ്പിക്കട്ടെ. കോളെജ് യൂനിയൻെറയും വിവിധ അസോസിയേഷനുകളുടെയും എല്ലാ പ്രവർത്തനങ്ങളും വിശദമായി ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ലെങ്കിലും യൂനിയൻെറ എല്ലാ പ്രവർത്തനങ്ങളെയും ഏരേകീകൃതരൂപത്തിൽ ഇതിൽ ഉൾക്കൊള്ളിക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്

കോളേജ്‌യൂനിയനിലേക്കുള്ള തെരഞ്ഞെടുപ്പ് 1978 ഒക്ടോബർ 27ന് നടന്നു. താഴെ പറയുന്നവർ യൂനിയൻ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടു.

ചെയർമാൻ : സി. പി. അബ്ദുന്നാസർ
വൈ.ചെയർമാൻ : പി. വി. ഷക്കീല
സിക്രട്ടറി : വി. കെ. പി. ഇസ്മയിൽ
ജോ. സിക്രട്ടറി : റഫിയ
ഫൈനാർട്ട്സ് സിക്രട്ടറി : ഹേമന്ത്കുമാർ
യൂണി. യൂണി. കൌൺസിലർമാർ : മമ്മദ് പി.
മോഹനൻ എം.
സ്റ്റുഡൻറ് എഡിററർ : അബ്ദുറഹിമാൻ പൊയിലൻ
ജനറൽ ക്യാപ്ററൻ : അമീർ അലി പി.എം.

കോളേജ് യൂനിയൻെറ പ്രഥമജനറൽ കൌൺസിൽയോഗം എക്സിക്യൂട്ടീവ് മെമ്പർമാരായി ടി. കെ. വിനോദ്, അബ്ദുള്ളക്കുട്ടി, സിദ്ദീഖ് എന്നിവരെ തെരഞ്ഞെടുത്തു.

## യൂണിയൻ ഉൽഘാടനം:-

വൈകി നടന്ന സപ്തംബർ പരീക്ഷ കാരണം ഡിസംബർ 7നാണ് കോളേജ് യൂനിയൻെറ ഔപചാരികമായ ഉൽഘാടനം നടന്നത്. പക്ഷെ അതിനുമുമ്പുതന്നെ നമ്മുടെ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടിവന്നു. തികച്ചും വേദനാജനകവും ദുഃഖകരവുമാണെങ്കിലും ആ സംഭവത്തെപ്പററി ഇവിടെ സ്മരിക്കാതെ വയ്യ. നമ്മുടെ കലാലയത്തിലെ ലക്ചററായിരുന്ന ജ: എം. ആർ. കുഞ്ഞുമുഹമ്മദിൻെറ അകാലനിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്താൻ 78 നവമ്പർ 28ന് കോളേജ് ഓഡിറേറാറിയത്തിൽ ഒരു യോഗം ചേരുകയുണ്ടായി.

കലിക്കററ് സർവ്വകലാശാല ആക്ടിങ്ങ് വൈസ് ചാൻസലർ പ്രൊഫ: എൻ. പുരുഷോത്തമനാണ് യൂനിയൻ പ്രവർത്തന

ങ്ങളുടെ ഔപചാരികമായ ഉൽഘാടനം നിർവ്വഹിച്ചത്. യൂണിയൻ ചെയർമാൻ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു. പ്രിൻസിപ്പൽ സ്വാഗതവും സിക്രട്ടറി നന്ദിയും പ്രകാശിപ്പിച്ചു. കോളേജ് ഓർക്കെസ്ട്രാ ടീമിനെ പങ്കെടുപ്പിച്ചുകൊണ്ട് ഗാനമേളയും തുടർന്ന് നടത്തപ്പെട്ടു.

## സർവ്വകലാശാലാകലോത്സവം:-

ഡിസംബർ 22, 23 തിയ്യതികളിൽ കൊയിലാണ്ടി ഗവ: കോളേജിൽ നടന്ന ബി. സോൺ കലോത്സവത്തിലേക്ക് നമ്മുടെ കലാലയത്തിൽനിന്ന് വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുവാൻ ഫൈൻ ആർട്ട്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 15, 16 തിയ്യതികളിൽ ഓഡിറ്റോറിയത്തിൽവെച്ച് വിവിധകലാമത്സരങ്ങൾ നടത്തപ്പെട്ടു. പല മത്സരങ്ങളിലും പങ്കെടുക്കുവാൻ വിദ്യാർത്ഥികൾ, വിശിഷ്യ വിദ്യാർത്ഥിനികൾ മുന്നോട്ടുവന്നില്ലെന്നു മാത്രമല്ല, തെരഞ്ഞെടുക്കപ്പെട്ടവർതന്നെ പലരും ബി. സോൺ കലോത്സവത്തിൽ പങ്കെടുക്കുകയുമുണ്ടായില്ല എന്ന യാഥാർത്ഥ്യം അത്യന്തം ഖേദകരമായിരുന്നു. എങ്കിലും ബി. സോൺ കലോത്സവത്തിലും തുടർന്ന് ഫിബ്രവരി 2, 3 തിയ്യതികളിൽ ത്രിസ്സൂർ കോളേജിൽവെച്ചു നടന്ന ഇന്റർസോൺ കലോത്സവത്തിലും നമ്മുടെ കലാലയത്തിലെ താഴെ പറയുന്ന വിദ്യാർത്ഥികൾ സമ്മാനങ്ങൾ നേടി. അവരെ അഭിനന്ദിക്കുവാൻ കൂടെ ഞാനീ അവസരം വിനിയോഗിക്കട്ടെ.

1. ബാബുരാജ് പി. കെ. (മിമിക്രി) 2. ബാലരാമൻ കെ. കെ. (കർട്ടൂൺ) 3. അബ്ദുൾ ഗഫൂർ പി. കെ. (അറബിക് പ്രബന്ധം) 4. രജിത്നായർ, രാജൻ സി. കെ. (ക്വിസ് ജൂനിയർ) 5. എം. പി. വിജയകൃഷ്ണൻ (ഇംഗ്ലീഷ് പ്രസംഗം. ജൂനിയർ) 6. എം. പി. അബ്ദുസ്സമദ് (മലയാളം പ്രസംഗം_സീനിയർ) 7. മനോജ് വി. എൻ. (ചെറുകഥ-ജൂനിയർ) 8. പി. സി. ഹരീഷ് (കാർട്ടൂൺ)

മുൻവർഷങ്ങളെ അപേക്ഷിച്ച് സർവ്വകലാശാലാകലോത്സവത്തിൽ കൂടുതൽപേർ വിജയികളായി എന്ന കാര്യം അഭിമാനപൂർവ്വം ഇവിടെ സ്മരിക്കട്ടെ.

## ഫൈനാർട്സ് ഉൽഘാടനം:-

ഫൈൻആർട്സ് അസോസിയേഷന്റെ ഉൽഘാടനം ജൂൺ 18ന് കേരളസംസ്ഥാന ഗവൺമെണ്ടിന്റെ അവാർഡിന്നർഹനായ പ്രസിദ്ധസംവിധായകൻ രാജീവ്നാഥ് നിർവ്വഹിച്ചു. തദവസരത്തിൽ സുപ്രസിദ്ധനോവലിസ്റ്റ് പി. വത്സല പ്രസംഗിച്ചു. യൂണിയൻ ചെയർമാന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഫൈൻ ആർട്സ് സെക്രട്ടറി സ്വാഗതവും സെക്രട്ടറി നന്ദിയും പറഞ്ഞു. ഉൽഘാടനത്തിനുശേഷം നമ്മുടെ കോളേജിലെ വിദ്യാർത്ഥികളും വിദ്യാർത്ഥിനികളുമൊരുക്കിയ വിവിധകലാപരിപാടികൾ നടത്തപ്പെട്ടു. നമ്മുടെ പ്രതിഭാധനരായ കലാകാരികൾക്കും കലാകാരന്മാർക്കും തങ്ങളുടെ സർഗ്ഗവാസനകളെ പ്രകടിപ്പിക്കുവാൻ ലഭിച്ച ഒരപൂർവ്വാവസരമായിരുന്നു അത്.

## മററുപരിപാടികൾ:-

കലിക്കറ്റ്സർവ്വകലാശാലാ കലോത്സവത്തിൽ വിജയികളായ കലാകാരന്മാർക്കും ഫുട്ബോളിൽ വാഴ്സിറ്റി കിരീടം പിടിച്ചുപററി നമ്മുടെ കലാലയത്തിന്റെ അന്തസ്സുയർത്തിയ ഫുട്ബാൾ ടീമംഗങ്ങൾക്കും ഫിബ്രുവരി 5ന് ഒരു സ്വീകരണം നൽകപ്പെട്ടു.

14-2-79ന് കോളെജ് യൂനിയന്റെയും ഫൈൻആർട്സ് അസോസിയേഷ

ൻെറയും സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെട്ട ഫിലിം പ്രഭാഷണം യൂണിയൻ പ്രവർത്തനത്തിൻെറ ചരിത്രത്തിൽ പുതിയൊരനുഭവമായിരുന്നു. 'ചലച്ചിത്രത്തിൻെറ സാമൂഹ്യപ്രസക്തി' എന്ന വിഷയത്തെപ്പററിയുള്ള ശ്രീ. എം. ടി. വാസുദേവൻനായരുടെ വിജ്ഞാനപ്രദമായ പ്രഭാഷണത്തിനു് പുതിയ ചലച്ചിത്രസംസ്കാരത്തെക്കുറിച്ചു ശരിയായ ഒരു അവബോധം വിദ്യാത്ഥികളിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞു എന്നകാര്യം പ്രസ്താവ്യമാണ്. സിനിമയെന്ന കലയുടെ ചരിത്രത്തെയും സാങ്കേതികവശങ്ങളെയും പററിയുള്ള ഒരക്കാഡമിക് സ്വഭാവത്തോടു കൂടിയ ഒരു ക്ലാസ്സായിരുന്നു ശ്രീ. എം. ടി. യുടെ പ്രഭാഷണം.

## ഡിബേററ്:-

മാർച്ച് 2നു് നടത്തപ്പെട്ട അബ്ദുസ്സബാസാഹബ് മെമ്മോറിയൽ റോളിങ്ങ്ട്രോഫിക്കുവേണ്ടിയുള്ള ഡിബേററിൽ നമ്മുടെ കോളെജ് ടീം ട്രോഫി നേടി. ബെസ്റ്റ് സ്പീക്കർക്കുള്ള പ്രത്യേകസമ്മാനവും നമ്മുടെ കലാലയത്തിലെ എം. പി. അബ്ദുസ്സമദാണ് നേടിയതെന്നു് സന്തോഷപൂർവ്വം രേഖപ്പെടുത്തട്ടെ.

## ചിത്രകലാപ്രദർശനം:-

ഫൈൻആർട്സ് അസോസിയേഷൻെറ ആഭിമുഖ്യത്തിൽ മാർച്ച് 9നു് സംഘടിപ്പിക്കപ്പെട്ട 'ചിത്രകലാ പ്രദർശനം' നമ്മുടെ പ്രവർത്തനങ്ങൾക്കൊരു പുതുമ നൽകിയ പരിപാടിയായിരുന്നു ഈ പരിപാടിയുമായി സഹകരിച്ച നമ്മുടെ ചിത്രകാരന്മാർക്ക് ഇത്തരുണത്തിൽ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

## വിവിധകലാ-സാഹിത്യ മത്സരങ്ങൾ:-

മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഇൻറർ കോളേജിയററ് മത്സരങ്ങളിൽ ഏററവുമധികം വിദ്യാർത്ഥികൾ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്ത വർഷമായിരുന്നു ഇതു്. ക്രിസ്തുൻകോളേജിൽ സംഘടിപ്പിക്കപ്പെട്ട ഇൻറർകോളജിയററ് മത്സരങ്ങളിൽ ബാബുരാജ് പി. കെ. (ട്രിപ്പിൾഡ്രം) എം. പി. സമദ്, മമ്മദ് (ഡിബേററ്) എന്നിവർ സമ്മാനങ്ങൾ നേടി. ഗുരുവായൂരപ്പൻ കോളേജ് ജൂബിലിയോടനുബന്ധിച്ച നടത്തിയ മത്സരങ്ങളിൽ ബാബുരാജ് (ട്രിപ്പിൾഡ്രം ആൻറ് മിമിക്രി), ബാലകൃഷ്ണൻ (ലൈററ്മ്യൂസിക്ക്) എന്നിവർ സമ്മാനം നേടി. അതുപോലെയൂനിവേഴ്സിററി യൂനിയൻ പെരുവണ്ണാമുഴിയിൽ വെച്ച നടത്തിയ പ്രതിഭാസംഗമത്തിൽ പങ്കെടുക്കാൻ നമ്മുടെ കോളേജിലെ വിദ്യാത്ഥികളായ പി. കെ. അബ്ദുൾഗഫൂർ, ടി. അബൂബക്കർ എന്നിവർ തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. മുൻകാലങ്ങളെ അപേക്ഷിച്ച വിവിധകലാ-സാഹിത്യമത്സരങ്ങളിൽ പങ്കെടുക്കുവാൻ ഫൈൻആർട്സ് അസോസിയേഷൻ അവസരങ്ങൾ സൃഷ്ടിച്ചതുകൊണ്ടാണ് ഈ രംഗത്തു് മികച്ച പ്രദർശനം കാഴ്ചവെക്കാൻ നമുക്ക് കഴിഞ്ഞതു്.

## കായികരംഗം:-

കായികരംഗത്തു് അഭിമാനകരമായ നേട്ടങ്ങളാണ് ഇക്കൊല്ലം നാം കൈവരിച്ചതു്. കലിക്കററ് യൂനിവേഴ്സിററി ഫുട്ബാൾ ടീമംഗങ്ങളായ റഷീദും അഷ്റഫും നമ്മുടെ കലാലയത്തിലെ വിദ്യാർത്ഥികളാണ്. ഇക്കൊല്ലത്തെ സ്പോട്സ് ഡെ ഫിബ്രവരി 16, 17 തിയ്യതികളിൽ നടത്തപ്പെട്ടു. ജനാർദ്ദനൻ, അഷ്റഫ്, ഗീത എന്നിവർ ഇൻഡിവിഡ്വൽ ചാമ്പ്യന്മാരായി തെരഞ്ഞെടുക്കപ്പെട്ടു.

## അസോസിയേഷൻ പ്രവർത്തനങ്ങൾ:-

കോളേജ് യൂനിയനുമായി അഫിലിയേററ് ചെയ്തിട്ടുള്ള വിവിധഅസോസിയേ

ഷനുകൾ പ്രവർത്തനക്ഷമമായ ഒരു വർഷമായിരുന്നു ഇതു്. വിജ്ഞാനപ്രദമായ പ്രഭാഷണങ്ങളും സിമ്പോസിയങ്ങളും നടത്തുന്നതിൽ ഇസ്ലാമിക്-ഇംഗ്ലീഷ് അസോസിയേഷനുകളും, വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ പ്രകടിപ്പിക്കുന്നതിനുള്ള വേദിയൊരുക്കുന്നതിൽ കൊമേഴ്സ് അസോസിയേഷനും എക്കണോമിക്സ് അസോസിയേഷനും സുവോളജി അസോസിയേഷനും മുന്നിട്ടുനിന്നു.

## കോളേജ്ഡെയും കലോത്സവവും

മാർച്ച് 12, 13 തിയ്യതികളിൽ നടത്തപ്പെട്ട ആർട്ട്സ് ഫെസ്റ്റിവൽ പ്രൊഫ: കരിമ്പുഴ രാമകൃഷ്ണനാണ് ഉൽഘാടനം ചെയ്തതു്. മുൻവർഷങ്ങളെയപേക്ഷിച്ചു കൂടുതൽ ഇനങ്ങൾ മത്സരത്തിൽ ഉൾപെടുത്തിയതു കാരണം ഏററവുമധികം വിദ്യാർത്ഥിപങ്കാളിത്തം നൽകുവാൻ കഴിഞ്ഞിട്ടുണ്ടു്. മത്സരങ്ങളിൽ പി. എൻ. ബീരാൻകോയ കൺവീനറായുള്ള ഡെ സ്കോളേഴ്സ് (ഔട്ട്ഗോയിങ്ങ്) ടീം ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി: മുഹമ്മദ് അഷ്റഫ് കൺവീനറായ എ എൽ. എം. ഹൗസ് റണ്ണേഴ്സ് അപ്പായി.

മാർച്ച് 14ന് നടന്ന കോളേജ്ദിനാഘോഷപരിപാടിയോടെ അഞ്ചുമാസക്കാലത്തെ കോളേജ്‌യൂനിയന്റെ സംഭവബഹുലമായ പ്രവർത്തനങ്ങൾക്കു് തിരശ്ശീലവീണു. കോളെജ് ദിനാഘോഷത്തിൽ R. E. C. പ്രിൻസിപ്പൽ പ്രൊഫ: ബഹാവുദ്ദീൻ മുഖ്യാതിഥിയായിരുന്നു.

കോളെജ്‌യൂനിയന്റെ ഫണ്ട് പ്രവർത്തനങ്ങൾക്കു് വേണ്ടത്ര പോരാത്തതു കാരണം ഫിബ്രവരി 6ന് ഒരു ബെനിഫിററ് ഷോ നടത്തിയിരുന്നുവെങ്കിലും ഉദ്ദേശിച്ച തരത്തിൽ മതിയായ സംഖ്യ പിരിഞ്ഞുകിട്ടിയിട്ടില്ല. ഈ പരിതഃസ്ഥിതിയിലും കോളെജ്‌യൂനിയന്റെ പ്രവർത്തനങ്ങൾക്കു് ആശയും ആവേശവും പകർന്നുതന്ന ഈ കലാലയത്തിലെ ചെറുപ്പക്കാരായ അദ്ധ്യാപകരോടു് ഞങ്ങൾ കടപ്പെട്ടവരാണ്. അതോടൊപ്പം യൂനിയന്റെ പ്രവർത്തനങ്ങളുമായി സഹകരിച്ച എല്ലാവർക്കും. പ്രത്യേകിച്ച് ഞങ്ങൾക്കു വേണ്ട നിർദ്ദേശങ്ങൾ തന്ന നമ്മുടെ പ്രിൻസിപ്പലിനും കെ. എസ്. കുര്യൻ, മുഹമ്മദ് ഹസ്സൻ, പ്രൊഫ: എ. പി, പി. നമ്പൂതിരി എന്നീഅദ്ധ്യാപകർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ടു ഈ റിപ്പോർട്ട് അവസാനിപ്പിക്കട്ടെ.

എന്നു്,

അഭിവാദനങ്ങളോടെ,

**വി. കെ. പി. ഇസ്മയിൽ**

സെക്രട്ടറി.



# ദത്ത! ദയധ്വം!

# ദമ്യത!

Aboobacker P. P.
II M. A. English

പതിനാറാം നൂററാണ്ടിന്റെ അന്ത്യഘട്ടത്തിൽ വിശ്വവിഖ്യാതനായ ആംഗലേയ സാഹിത്യകാരൻ ഷേക്സ്പിയർപാടി ''മനുഷ്യൻ ഹാ എത്ര സുന്ദരൻ!'' പക്ഷെ, മനുഷ്യനെക്കുറിച്ച് ഇങ്ങനെ ഊററം കൊള്ളുമ്പോൾ, അവന്റെ ബാഹ്യസൗന്ദര്യമായിരുന്നില്ല അദ്ദേഹം വിവക്ഷിച്ചത്; മറിച്ച് ഉത്തമമായ സാംസ്കാരികമൂല്യങ്ങളിലും മാനുഷികമൂല്യങ്ങളിലും ഊന്നിനിന്നുകൊണ്ട് ചുററും സൗരഭ്യം വിതറുന്ന മനുഷ്യനെക്കുറിച്ചാണ് അദ്ദേഹമിങ്ങനെ ഉൽഘോഷിച്ചത്. പ്രകൃതി മനുഷ്യനു സമ്മാനിച്ച ബുദ്ധിവൈഭവവും ചിന്താശക്തിയുമുപയോഗിച്ച് വശ്യമധുരമായ പെരുമാററച്ചട്ടങ്ങൾ ആവിഷ്കരിച്ച്, അതിലൂടെ തന്റെ സഹജീവികൾക്ക് മാതൃകയായി ഭവിക്കുന്ന മനുഷ്യനെക്കുറിച്ചാണ് ഷേക്സ്പിയർ ഇത്രയും പറഞ്ഞത്.

പക്ഷെ ഇന്ന്, ധാർമ്മികമൂല്യങ്ങളെയും, മാനുഷികമൂല്യങ്ങളെയും കാററിൽ പറത്തിക്കൊണ്ട്, ''മനുഷ്യൻ'' എന്ന പേരിനുള്ള അർഹതപോലും കളഞ്ഞുകുളിച്ച്, വികൃതവും വിരൂപവുമായിത്തീർന്നുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തെയാണ് നാം കാണുന്നത്. ആധുനികമനുഷ്യനിൽ ഷേക്സ്പിയർ വാഴ്ത്തിയ ആന്തരികസൗന്ദര്യം തീരെ അപ്രത്യക്ഷമായിരിക്കുന്നു. കുടുംബബന്ധങ്ങളും സ്നേഹബന്ധങ്ങളും മുറിച്ചുമാററി, മഹത്തായ സാംസ്കാരികമൂല്യങ്ങളെ കൈവെടിഞ്ഞ്, സ്വന്തം താല്പര്യങ്ങൾക്കും സ്വാർത്ഥമോഹങ്ങൾക്കും വേണ്ടി മാത്രം ജീവിക്കുകയെന്ന പരിതാപകരമായ ഒരവസ്ഥയിലേക്ക് മനുഷ്യൻ താണുപോയിരിക്കുന്നു. ഇവിടെയവൻ മൃഗങ്ങളെക്കാൾ ഒരു പടി താഴെയാണ്; പരസ്പര സ്നേഹത്തിന്റെയും വർഗബോധത്തിന്റെയും കാര്യത്തിൽ മൃഗങ്ങൾ മനുഷ്യനു മാതൃകയായി വർത്തിക്കുന്ന വൈപരീത്യത്തിലേക്ക് കാര്യങ്ങൾ എത്തിച്ചേർന്നിരിക്കുന്നു.

വിധിവൈപരീത്യമെന്നു പറയട്ടെ, ഷേക്സ്പിയർക്കു ജന്മം നൽകിയ ഇംഗ്ലണ്ടടക്കമുള്ള പാശ്ചാത്യരാജ്യങ്ങളിലും, അമേരിക്കപോലെയുള്ള ''വികസിത'' രാജ്യങ്ങളിലുമാണ് ഈ ''ആധുനികത''യുടെ അതിപ്രസരം കാണപ്പെടുന്നത്. കുടുംബവും കുടുംബബന്ധങ്ങളുമെന്ന ശക്തമായ അടിത്തറയിലേ ഭദ്രമായ ഒരു സമൂഹം കെട്ടിപ്പടുക്കാനാവൂ. പക്ഷെ, ഈ ആധുനിക രാഷ്ട്രങ്ങ

ളിൽ കുടുംബമെന്ന ആശയം എന്നേ കൈയൊഴിക്കപ്പെട്ടിരിക്കുന്നു. ഓരോ വ്യക്തിയും സ്വന്തം താൽപര്യങ്ങൾക്കും അഭിരുചിക്കുമൊത്തു് ജീവിക്കുന്നു. ആർക്കും ആരുടെമേലും നിയന്ത്രണമോ അവകാശമോ ഇല്ല. എല്ലാവരും എല്ലാ അർത്ഥത്തിലും സ്വതന്ത്രരാണു്. സ്വന്തം ഇണകളെ തെരഞ്ഞെടുത്തു് അവരുടെകൂടെ പൊറുക്കുന്നതിനു് നിയമവും സമൂഹവും എതിരല്ല. വിവാഹമെന്ന ചരടിലൂടെ പരസ്പരം ബന്ധിതരാവാൻ, പക്ഷെ ഒട്ടുമുക്കാൽ സ്ത്രീപുരുഷന്മാരും ഇഷ്ടപ്പെടുന്നില്ല; കാരണം, ഒരു ബന്ധത്തിൽ വിരസത തോന്നുമ്പോൾ അതിൽനിന്നും ക്ലേശമെന്യേയുള്ള മോചനം സാദ്ധ്യമാവണമെങ്കിൽ വിവാഹബന്ധമെന്ന കീറാമുട്ടി അവിടെ ഉണ്ടായിക്കൂടാ. ഏതു വിധേനയും സുഖിക്കുക, അതാണോരോ വ്യക്തിയുടെയും ലക്ഷ്യം. ഈ ലക്ഷ്യത്തിനു മുമ്പിൽ മാനുഷിക മൂല്യങ്ങളും സാംസ്കാരികമൂല്യങ്ങളും അവർക്കൊരു പ്രശ്നമല്ല. അച്ഛനും മകനും സഹോദരനും സഹോദരിയും ഒരുമിച്ചു് ബാറുകളിലും ക്ലബ്ബുകളിലും കുടിച്ചു് കൂത്താടുന്നതു് കാണുമ്പോൾ നാമൊരുവേള ഞെട്ടിത്തെറിച്ചെന്നുവരും. പക്ഷെ അവരെ സംബന്ധിച്ചേടത്തോളം അതൊരു പ്രശ്നമേയല്ല.

സുഖഭോഗങ്ങൾ തേടിയുള്ള ഈ കുത്തഴിഞ്ഞ യാത്രയിൽ സ്ഥായിയായ സുഖം കണ്ടെത്താൻ ഇവർക്കൊരിക്കലും കഴിയുന്നില്ലെന്നുള്ളതാണു് വസ്തുത. ആഡംബരജീവിതത്തിലും ലൈംഗികസ്വാതന്ത്ര്യത്തിലും അനശ്വരമായ നിർവൃതി ലഭിക്കുമെന്ന വ്യാമോഹത്തോടെ അവയെ പിന്തുടരുന്ന ഇവർ ഇത്തരം സുഖങ്ങൾ കേവലം നൈമിഷികമാണെന്ന യാഥാർത്ഥ്യം കണ്ടെത്തുമ്പോൾ നിരാശരാവുന്നു. ഈ നിരാശയിൽനിന്നും മുക്തിനേടാനുള്ള ശ്രമത്തിലിവർ കൂടുതൽ കൂടുതൽ തകരുന്നതല്ലാതെ ഒരിക്കലും മോചിതരാവുന്നില്ല. ഒടുവിൽ ജീവിതത്തിന്റെ തണുത്ത യാഥാർത്ഥ്യങ്ങളിൽനിന്നും ഒളിച്ചോടാൻ ഇവർ മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും അടിമകളായിത്തീരുകയും, അതുവഴി തകർച്ചയുടെ കയത്തിലെത്തുകയും ചെയ്യുന്നു.

സുഖം എന്ന അവസ്ഥയെ തെററായി നിർവ്വചിച്ചതാണിവർക്ക് പററിയ തെററു്. യഥാർത്ഥസുഖം മനസ്സിന്റെ സംതൃപ്തിയിലും ശാന്തിയിലും കുടികൊള്ളുന്നുവെന്ന യാഥാർത്ഥ്യം ഇവർ മനസ്സിലാക്കാതെ പോയി. പരസ്പരസ്നേഹത്തിലും സേവനസന്നദ്ധതയിലുമൂന്നിയുള്ള ജീവിതക്രമത്തിലൂടെ നാം നേടുന്ന സംതൃപ്തിയാണു് യഥാർത്ഥസുഖം. മഹത്തായ ആർഷഭാരതസംസ്കാരം കെട്ടിപ്പടുത്തതു് ഈ ആശയത്തിന്റെ അടിത്തറയിലാണു്. അച്ഛൻ, അമ്മ, സഹോദരൻ, സഹോദരി എന്നിങ്ങനെ പാവനമായ ബന്ധങ്ങളിലൂടെ മനുഷ്യനെ കോർത്തിണക്കി, അതിലൂടെ കുടുംബമെന്ന ഭദ്രമായ അടിത്തറ പാകപ്പെടുത്തിയശേഷം ആ അടിത്തറക്കുമുകളിൽ കെട്ടിപ്പടുത്ത ഒരു സമൂഹത്തെയാണു് നമ്മുടെ ഭാരതീയസംസ്കാരം വിഭാവനം ചെയ്യുന്നതു്. ഇവിടെ വ്യക്തികൾക്കു് തന്നിഷ്ടപ്രകാരം ജീവിക്കാനുള്ള സ്വാതന്ത്ര്യമില്ല. അനുസരിക്കേണ്ടവരെ അനുസരിച്ചു് കടമകളും കർത്തവ്യങ്ങളും നിറവേററി ജീവിക്കാൻ നമ്മുടെ സാംസ്കാരികപൈതൃകം നമ്മെ ഉൽബോധിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ഓരോ വ്യക്തിക്കും തന്റെ ജീവിതത്തിനു് ഒരടുക്കം ചിട്ടയും, ലക്ഷ്യബോധവുമുള്ളതായി തോന്നുന്നു. സ്വന്തം സുഖഭോഗങ്ങൾക്കുവേണ്ടി മററുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്ന തരത്തിലുള്ള ജീവിതക്രമം നമ്മുടെ പാരമ്പര്യം ഒരിക്കലുമനുവദിക്കുന്നില്ല; മറിച്ചു് കർമ്മത്തിന്റെ പാതയിലൂടെ ജീവിച്ചു് അതിലൂടെ സമൂഹത്തിനു നന്മവരുത്താനും, സമൂഹത്തിന്റെ ക്ഷേമത്തിൽ സംതൃപ്തി കണ്ടെത്താനും നമ്മെ പഠിപ്പിക്കുന്നു.

വിചിത്രമെന്നു പറയട്ടെ, ഇത്രയും മഹത്തായ ഒരു സാംസ്കാരികപാരമ്പര്യമുണ്ടായിട്ടുകൂടി, അതിന്റെ മഹത്വവും അന്തസ്സത്തയും യഥാവിധി ഉൾക്കൊള്ളാതെ, അതിനെ പുറംകാലുകൊണ്ടു തട്ടിയെറിയാനും, കുത്തഴിഞ്ഞ പാശ്ചാത്യസംസ്കാരത്തെ അന്ധമായി പിന്തുടരാനുമുള്ള ഒരു വാസന നമ്മുടെ യുവതലമുറയിൽ അനുദിനം വളർന്നുവരുന്നതായി കാണുന്നു. സാംസ്കാരികമായി ഉത്തുംഗത പ്രാപിക്കണമെന്ന ലക്ഷ്യത്തോടെ കലാലയങ്ങളിലേക്കയക്കപ്പെടുന്ന നമ്മുടെ വിദ്യാർത്ഥിനീവിദ്യാർത്ഥികളിലാണ് ഈ പ്രവണത കൂടുതലായി കാണപ്പെടുന്നത് എന്നതാണേറെ ദുഃഖകരം. നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ മാറ്റുരച്ചു നോക്കണമെങ്കിൽ ഏറെ ക്ലേശിക്കേണ്ടതില്ല; ധാർമ്മികമൂല്യങ്ങളേയും മാനുഷികമൂല്യങ്ങളെയും കൈയൊഴിച്ച്, കാടത്തത്തിലേക്കും മൃഗീയതയിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്ന പാശ്ചാത്യലോകത്തെ നോക്കി നെടുവീർപ്പിടുമ്പോൾ ടി. എസ്. എലിയട്ടിനെപ്പോലെയുള്ള സാംസ്കാരികനവോത്ഥായികൾ തിരിഞ്ഞു തിരിഞ്ഞു നോക്കുന്നത്, “ദത്ത! ദയധ്വം! ദമ്യത! ശാന്തി! ശാന്തി! ശാന്തി! എന്ന മൂല്യപ്രമാണത്തിൽ കെട്ടിപ്പടുത്ത മഹത്തായ ആർഷഭാരത സംസ്കാരത്തിലേക്കാണ് എന്ന യാഥാർത്ഥ്യം മനസ്സിലാക്കുന്ന പക്ഷം നാമൊരിക്കലും പാശ്ചാത്യരെ അന്ധമായി അനുകരിക്കാൻ മുതിരില്ല. സേവനസന്നദ്ധതയും, സഹാനുഭൂതിയും, ക്ഷമാശീലവും, അനുസരണാശീലവും മുറുകെ പിടിച്ചുകൊണ്ട് ജീവിച്ചെങ്കിൽമാത്രമേ ഈ ലോകത്തിൽ ശാന്തിയും സമാധാനവും കളിയാടുകയുള്ളുവെന്നുൽഘോഷിക്കുന്ന നമ്മുടെ സാംസ്കാരികപാരമ്പര്യത്തിലേക്ക് ഒന്നു തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ, അമേരിക്കക്കാരനും, ഇംഗ്ലീഷുകാരനും കാട്ടിക്കൂട്ടുന്ന നെറികേടുകളെ കണ്ണുമടച്ച് അനുകരിക്കാൻ ശ്രമിച്ചാൽ അതിന്റെ അനന്തരഫലം ഭീകരമായിരിക്കും; ഒരിക്കലും ഉയിർത്തെഴുന്നേല്ക്കാനാവാത്ത വിധം നാം അധഃപതിച്ചുപോവും. അങ്ങിനെയൊരു സ്ഥിതിവിശേഷം ഇവിടെയുണ്ടായിക്കൂടാ! മറിച്ച്, മനുഷ്യജീവിതത്തിന്റെ ലക്ഷ്യവും, അതിന്റെ മഹത്വവും യഥാവിധി മനസ്സിലാക്കി ആ ഒരു ലക്ഷ്യത്തിലേക്ക് മുന്നേറാനും, അങ്ങനെ നമ്മുടെ ജന്മം സഫലമാക്കാനുമാണ് നാം ശ്രമിക്കേണ്ടത്. ഈ ലക്ഷ്യസാദ്ധ്യത്തിനുതകുന്ന മഹത്തായൊരു ജീവിതക്രമം നമ്മുടെ മുന്നിൽ തുറന്നു കിടക്കുമ്പോൾ നഷ്ടപ്പെടാനൊന്നും തന്നെ ബാക്കിയില്ലാതെ, എല്ലാവിധത്തിലും മൂല്യശോഷണം സംഭവിച്ചു കഴിഞ്ഞ അമേരിക്കൻ സംസ്കാരത്തെയും, പാശ്ചാത്യസംസ്കാരങ്ങളെയും അനുകരിക്കാനുള്ള ഭ്രാന്തമായ ആവേശം നാം കൈവെടിഞ്ഞേ പറ്റൂ! എങ്കിലേ നമ്മുടെ ജീവിതം ധന്യമാവൂ!

□

# "ഗ്രീഷ്മം"

മനോജ് വി. എൻ.
I P. D. C.

പറങ്കിമാവിൻ ചുവട്ടിൽ കുട്ടികൾ കളിച്ചുപോയ ഗോലിക്കുഴികളിലേക്ക് അയാൾ നോക്കി. നേരിയ നൊമ്പരം പടന്ന മനസ്സ് ശൂന്യതയിലേക്ക് നെടുവീർപ്പയച്ച് അയാൾ കുറച്ചൊന്നു ശാന്തമാക്കാൻ ശ്രമിച്ചു, ഒരു നഷ്ടസ്മൃതിയോ നിർവികാരതയോ എന്തോ വിശകലനം ചെയ്യാനാവാത്ത ഒരു വികാരം അയാൾക്കനുഭവപ്പെട്ടു. പണ്ട് ഇതേ പറങ്കിമാവിൻ ചുവട്ടിൽ മററു കുട്ടികളൊത്ത് അണ്ടികളിച്ചിരുന്ന ഒരു വള്ളി ട്രൗസറുകാരൻ ചെറുക്കനെ അയാൾ ഓർത്തു. ദൂരെ കുന്നിൻ മേട്ടിൽ കൂട്ടുകാരൊത്ത് പൂ പറിക്കാൻ നടന്ന പയ്യൻ.

ഇരുണ്ട ചക്രവാളത്തിലേക്കയാൾ കണ്ണുകൾ പായിച്ചു. ഈ സന്ധ്യകൾ ഇന്നു തനിക്ക് നിറമില്ലാത്തവയാണ്. വർണ്ണപ്പകിട്ടാർന്ന ഒരു പിടി സന്ധ്യകളും പ്രഭാതങ്ങളും തനിക്കുണ്ടായിരുന്നു. ഇത്രപെട്ടെന്ന് വലുതാകേണ്ടിയിരുന്നില്ലെന്ന് അയാൾക്ക് തോന്നി. ബാല്യത്തിനുവേണ്ടി അയാൾ വൃഥാ കൊതിച്ചു.

അന്നൊക്കെ ഇല്ലത്തെ ഉരൽപ്പുരയ്ക്കടുത്തുകൂടെ പോകുമ്പോൾ പണിക്കാരിപ്പെണ്ണുങ്ങൾ തന്നെ നോക്കി നെടുവീർപ്പിട്ടിരുന്നു. അവർ താടിയ്ക്കു കൈകൊടുത്ത് കഷ്ടം വെയ്ക്കുന്നതെന്തിനെന്ന് തനിക്ക് മനസ്സിലായിരുന്നില്ല. പക്ഷേ പിന്നീട് കുറച്ചുകൂടി വളർന്നപ്പോഴേ അതിനു കാരണം മനസ്സിലായുള്ളൂ. അച്ഛനെ താൻ കണ്ടിട്ടുണ്ടായിരുന്നില്ലെങ്കിലും അമ്മയുടെ സീമന്തരേഖയിലെ സിന്ദൂരക്കുറിയുടെ അർത്ഥം എന്തെന്ന് ചോദിച്ചില്ല. ചോദിക്കാനുള്ള പ്രായമായപ്പോൾ തന്റെ ചോദ്യത്തിനു മുമ്പിൽ അമ്മയുടെ കരച്ചിലായിരുന്നു മറുപടി. പിന്നീട് നീറുന്ന സത്യങ്ങൾ മനസ്സിലായപ്പോൾ അറിയേണ്ടിയിരുന്നില്ലെന്നു തോന്നി. അന്നുതൊട്ട് ഇന്നുവരെ തന്റെ മനസ്സിന് സ്വസ്ഥതയില്ല. കിട്ടാത്ത എന്തിനോ വേണ്ടിയുള്ള ഉൽക്കടമായ ആർത്തി.

ഇല്ലത്തിനു തൊട്ടടുത്തുള്ള നായർകുടുംബത്തിലെ അംഗമായിരുന്നത്രേ അമ്മ. യൗവനത്തിൽ സൗന്ദര്യവതിയായിരുന്ന അമ്മയ്ക്ക് പല വിവാഹാലോചനകളും വന്നിരുന്നത്രേ. പ്രതാപം കത്തിവിളങ്ങിയ ഇല്ലത്ത് അന്ന് മൂത്ത പുത്രൻ മാത്രമേ വിവാഹം കഴിച്ചതുള്ളൂ. മററുള്ളവർക്ക് അടുത്തുള്ള നായർ കുടുംബത്തിലോ വാരിയർ കുടുംബത്തിലോ മററോ സംബന്ധം മാത്രമേ പാടുള്ളൂ പോലും. എത്ര ബാലിശമായ അനാചാരങ്ങൾ:

അമ്പലത്തിൽ തൊഴാൻ പോയ അമ്മയോട് രണ്ടാമത്തെ നമ്പൂതിരി വിവാഹസമ്മതം ചോദിച്ചു. വെറും പതിനെട്ടു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന അമ്മ ആദ്യം അന്ധാളിച്ചുപോയി. പക്ഷേ പിന്നീട് അദ്ദേഹമല്ലാതെ മററാരാളെ വിവാഹം ക

ഴിക്കില്ലെന്നു് അമ്മ തീരുമാനിച്ചു. വിവരമറിഞ്ഞ അമ്മാവൻമാരെല്ലാം എതിർത്തു. അമ്മയും അച്ഛനുമില്ലാതെ വളർത്തിയ തങ്ങളുടെ ഏകപെങ്ങളെ നല്ലനിലയിൽ വിവാഹം കഴിച്ചുകൊടുക്കണമെന്നു് അവർ ആഗ്രഹിച്ചു. പക്ഷെ അവരുടെ എതിർപ്പിനെ തൃണവൽഗണിച്ചു് നമ്പൂതിരിയുടെ കൂടെ ഇറങ്ങിത്തിരിച്ച അമ്മയ്ക്കു് പിന്നീടു് ആ വീട്ടിൽ കാലുകുത്താൻ സാധിച്ചില്ല. സ്വന്തം കളപ്പുരയിലുള്ള വീടു് നമ്പൂതിരി അമ്മയ്ക്കായി ഒഴിച്ചുകൊടുത്തു, പക്ഷേ തനിക്കു് അച്ഛന്റെ വാത്സല്യം അനുഭവിക്കാൻ ഭാഗ്യമുണ്ടായില്ല. അച്ഛൻ ജീവിച്ചിരുന്നിട്ടും പിതൃവാത്സല്യം കിട്ടാത്ത നിർഭാഗ്യനാണു താൻ. തന്റെ ജനനത്തിനുശേഷം ആറുമാസം കഴിഞ്ഞപ്പോൾ അച്ഛന്റെ ചേട്ടൻ മരിച്ചു. അപ്പോഴും പ്രസവിക്കാത്ത അദ്ദേഹത്തിന്റെ ഭാര്യയ്ക്കു് ഇല്ലത്തെ നിലനിർത്താൻ കഴിയില്ല. ഇല്ലം അന്യം നിന്നുപോവാതിരിക്കണമെങ്കിൽ രണ്ടാമൻ വേളി കഴിച്ചേ മതിയാവൂ. അമ്മയ്ക്കു് കണ്ണീരോടെ സമ്മതിക്കേണ്ടിവന്നു. അച്ഛൻ മറ്റൊരു പെണ്ണിന്റെ കഴുത്തിൽ താലികെട്ടുമ്പോൾ ഉയർന്ന തകിൽ നാദം സ്വന്തം നെഞ്ചിൽ ഇടിപൊട്ടുന്നതായി അമ്മയ്ക്കു തോന്നി.

സ്വന്തം വീട്ടുകാരിൽനിന്നുമുള്ള എതിർപ്പും സഹിച്ചു് തന്നെ അമ്മ വളർത്തി. പലപ്പോഴും അച്ഛൻ കുളിക്കാൻ പോകുമ്പോൾ അച്ഛനെ കാണാൻ താൻ കുളക്കരയിൽ പോയി നില്ക്കാറുണ്ടു്. ഓണത്തിനു കൂട്ടുകാരോടൊപ്പം ഓണപ്പുടവ വാങ്ങാൻപോയപ്പോൾ പുതിയവിവാഹത്തിലുണ്ടായ അച്ഛന്റെ മകൻ പ്രഭുകുമാരനെപ്പോലെ ഉമ്മറത്തിരിക്കുന്നുണ്ടായിരുന്നു. ആ മുണ്ടു് അമ്മയ്ക്കു് കാണിച്ചു കൊടുത്തപ്പോൾ അമ്മ തന്നെ ചേർത്തുനിർത്തി വിതുമ്പി. മൂർദ്ധാവിൽ ചുടുബാഷ്പം വീണതു് താനറിഞ്ഞു. പിന്നെ അച്ഛനെ എന്നും കാണാൻ പോകും. കുളക്കരയിലുള്ള മാവിൻ ചുവട്ടിൽ പതുങ്ങി നിൽക്കുമ്പോൾ അച്ഛൻ കുളിക്കാൻ പോകുന്നതു കാണാം.

തനിക്കു് ഏറ്റവും സങ്കടം തോന്നിയതു് അച്ഛന്റെ അന്തർജ്ജനത്തിന്റെ സ്വഭാവം കണ്ടിട്ടായിരുന്നു. നീലകണ്ഠന്റെ കൂടെ താൻ കളിക്കുമ്പോൾ അവനെ ബലമായി പിടിച്ചുകൊണ്ടു പോകും. കണ്ട തെണ്ടികളുടെ കൂടെ കളിക്കേണ്ടെന്നു പറയും. തനിക്കെതിരേ അവർ എയ്യുന്ന അസ്ത്രങ്ങൾ.

താൻ ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോഴായിരുന്നു. തന്റെ ജീവിതത്തിലെ വിളക്കു് കെട്ടതു്. അമ്മയുടെ ഓർക്കാപ്പുറത്തുള്ള മരണം! തന്റെ വരണ്ട ജീവിതത്തിലെ നീരുറവ അന്നു വറ്റി. മഞ്ഞപ്പിത്തമായിരുന്നു അസുഖം. പക്ഷെ ഇത്ര പെട്ടെന്നു് മരിക്കുമെന്നു് ആരും കരുതിയില്ല. തികച്ചും അനാഥനായ തന്നെ ആരു നോക്കും. പിന്നീടു് ഇളയമ്മാവന്റെ കീഴിലുള്ള ജീവിതം നരകമായിരുന്നു. അമ്മായിയും ഇല്ലത്തെ കുഞ്ഞാത്തോലും ഒരേ നാണയത്തിന്റെ ഇരുവശങ്ങൾ പോലായിരുന്നു.

അച്ഛന്റെ അറുപതാം പിറന്നാളിനു് പോകാതിരിക്കാൻ കഴിഞ്ഞില്ല. ക്ഷണിച്ചില്ലെങ്കിലും അച്ഛനല്ലെയെന്നു കരുതിപോയി. ഇല്ലത്തെ വടക്കെപുറത്തെ ഇറവാതിലിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ പറ്റിനിന്ന തന്നെ കുഞ്ഞാത്തോൽ കണ്ടു. ഒരു പുലിയെപ്പോലെ പാഞ്ഞുവന്നു് അവർ ആക്രോശിച്ചു.

“ആരാടാ ഇവിടെ വരാൻ പറഞ്ഞതു്?”

“അച്ഛനെ കാണാൻ വന്നതാ അച്ഛന്റെ പിറന്നാളല്ലേ.” താൻ പേടിച്ചുപോയിരുന്നു.

“ഹ: അച്ഛനെ കാണാൻ. കണ്ട തെണ്ടികൾക്കൊന്നും അച്ഛനെ കാണാനുള്ള സ്ഥലമല്ലടാ ഇതു്. ഇറങ്ങിപ്പോക്കോ.”

അടിയേററ പട്ടിയെപ്പോലെ ഇറങ്ങിപ്പോയി. ഇനി അവിടെ കേറില്ലെന്നു് അന്നുതന്നെ ശപഥം ചെയ്തു. പിറേറന്നു ആരോടും പറയാതെ നാടുവിട്ടു. പിന്നീട് പണക്കാരനായി തിരിച്ചു വന്നപ്പോൾ എല്ലാവർക്കും തന്നോടു് പണ്ടില്ലാത്ത സ്നേഹം! തന്നെ ദ്രോഹിച്ചിരുന്ന അമ്മായിപോലും ഇന്നെന്തു സ്നേഹത്തോടെ പെരുമാറുന്നു. പക്ഷേ തനിക്കുവേണ്ട കുളിർനീർ നൽകാൻ ആർക്കും കഴിഞ്ഞില്ല. ഈ വേനലിൽ കുളിരു പകരാൻ അവർക്കു കഴിയില്ല.

“കുഞ്ഞുവന്നിട്ടൊത്തിരി നാളായ്യോ?” ഞെട്ടിത്തിരിഞ്ഞു നോക്കിയപ്പോൾ അമ്പലത്തിലെ കഴകക്കാരൻ വാരിയർ മുന്നിൽ നില്ക്കുന്നു.

“എന്താ വാരിയരേ വിശേഷം?” വെറുതെ ചോദിച്ചു.

“ഒന്നൂല്ല. രണ്ടു പൂവു പറിക്കാൻ വന്നതാ. പിന്നെ കുഞ്ഞ് അറിഞ്ഞില്ല്യേ അച്ഛൻ നമ്പൂതിരി ദീനം കലശലായി കിടക്ക്ണു.” ഞെട്ടിയെണീററു. അച്ഛനു് രോഗമാണത്രേ. വയസ്സായതിന്റെയാവും.

“എത്ര നാളായി വാര്യരേ?”

“ഒന്നുരണ്ടു മാസായി.”

പെട്ടെന്നെഴുന്നേററു നടന്നു. നടക്കുന്നതിനിടയിൽ കേട്ടു.

“കുഞ്ഞാദ്യമായി നാട്ടിൽ വരവല്ലേ?” തിരിഞ്ഞു നോക്കിയപ്പോൾ വാരിയർ വെറുതെ ചിരിക്കുന്നു. കാര്യം മനസ്സിലായി. വേഗം അഞ്ചുരൂപയെടുത്തു് കയ്യിൽ കൊടുത്തു.

നടക്കുന്നതിനിടയിൽ ഓർത്തു വീട്ടിൽ പോകണോ? ഇല്ലത്തു പോകണോ? പോവില്ലെന്നു ശപഥം ചെയ്തു ആ പടി ഇനിയും ചവുട്ടണമോ? അച്ഛന്റെ മുഖം മനസ്സിൽ തെളിഞ്ഞപ്പോൾ ഏതോ അദൃശ്യശക്തി കാലുകളെ അങ്ങോട്ടു നയിച്ചു

പൂമുഖത്തു കയറിയപ്പോൾ ആരും അവിടെയില്ല. ഒരു ചങ്ങലവിളക്കുമാത്രം തൂക്കിയിട്ടുണ്ടു്. നിറംമങ്ങിയ ജ്വാല അങ്ങോട്ടുമിങ്ങോട്ടും ആടുന്നു. ചുമച്ചപ്പോൾ അച്ഛന്റെ ചിലമ്പിച്ചസ്വരം അകത്തു കേട്ടു. “ആരാതു്? ഒന്നുപോയി നോക്കൂ ശ്രീദേവീ.” ഇളയമകൾ ശ്രീദേവി ഉമ്മറത്തു വന്നു. തന്നെകണ്ടവൾ അന്ധാളിച്ചു. ഉടൻ അകത്തേക്കോടി അമ്മയെ വിളിച്ചുകൊണ്ടുവന്നു. അവരുടെ മുഖം കണ്ടപ്പോൾ താഴോട്ടു നോക്കി.

“കയറിവരൂ” അവരുടെ മുഖം നിർജ്ജീവമായിരുന്നു.

അകത്തു ചെന്നപ്പോൾ കുഴമ്പിന്റേയും കഷായത്തിന്റേയും മണമുള്ള കട്ടിലിൽ നരച്ചപീലിയുള്ള അച്ഛന്റെ കണ്ണുകൾ സൂക്ഷ്മമായി തന്നെ നോക്കി.

“ങാ, നീയോ ഇരിക്ക്” പ്രതീക്ഷിക്കാതെ വന്ന തന്നെക്കണ്ട അച്ഛൻ അന്ധാളിച്ചു. വേഗം എണീക്കാൻ ശ്രമിച്ചു.

“അച്ഛനെണീക്കണ്ട. ഞാനിവിടെ നിന്നോളാം” അച്ഛന്റെ കട്ടിലിനരികിൽ നിന്നപ്പോൾ എന്തോ നേടിയെടുത്തതുപോലെ തോന്നി.

“നീയ്യു്, ഇവിടെനിന്നൊക്കെ പോയിട്ടു് ദുബായിലാണെന്നു കേട്ടു.” അച്ഛൻ ചോദിച്ചു.

“ങാ, അവിടൊരു കമ്പനീല് ജോലി കിട്ടി.”

ശ്രീദേവി കാപ്പി കൊണ്ടുവന്നു. ഒഴിഞ്ഞ കൈത്തണ്ടയും കഴുത്തും കണ്ടപ്പോൾ വേദന തോന്നി. പുറം വളഞ്ഞു് ക്ലാവ്പിടിച്ച ഓട്ടു്ഗ്ലാസ്സു് കണ്ടപ്പോൾ കുടിക്കാൻ മ

ടിതോന്നി. അച്ഛന്റെ മനഃസുഖത്തിനു വേണ്ടി ആ ചക്കരക്കാപ്പി മോന്തി.

“നീലാണ്ടൻ എവിട്യാ?” കുടുംബത്തെ ആൺസന്താനത്തെ കാണാതായപ്പോൾ ചോദിച്ചു.

“അതൊന്നും പറേണ്ടന്റെ കുട്ട്യേ. ഭാഗം വെച്ചപ്പോൾ ഞങ്ങളു നാലാളും ഇവിട്യായി. പിറേറആഴ്ച ഇരുന്നൂറു ഉറുപ്പ്യേം കൊണ്ടു് അവൻ സ്ഥലംവിട്ടു. പിന്നെ ഇന്നേവരെ കണ്ടിട്ടില്ല.” അച്ഛൻ ഗദ്ഗദംനിയന്ത്രിച്ചു. കൂടുതൽ ചോദിക്കേണ്ടെന്നു കരുതി.

പോരാൻ നേരം നൂറുരൂപയെടുത്തു് അച്ഛന്റെ കാൽക്കൽ വെച്ചു. വാക്കുകൾ കിട്ടാതെ തന്റെ തലയിൽ കൈവെച്ചു് അച്ഛൻ കരഞ്ഞപ്പോൾ തനിക്കും സമനില പാലിക്കാൻ ബുദ്ധിമുട്ടേണ്ടി വന്നു. ശ്രീദേവിയെ അടുത്തു വിളിച്ചു് കഴുത്തിലെ സ്വർണ്ണച്ചെയിൻ ഊരിക്കൊടുത്തു പറഞ്ഞു. “ഇതു പെങ്ങൾക്കു് വിവാഹത്തിനു് ഈഏട്ടന്റെ വകതാലിച്ചെയിനാണു്. ഇതു കഴുത്തിലിട്ടോളൂ.” ആദ്യം മടിച്ചെങ്കിലും പിന്നീടു് നിർബ്ബന്ധിച്ചപ്പോൾ അവളതു വാങ്ങി. അച്ഛന്റെ കാൽക്കൽ വന്ദിച്ചു് ഇറങ്ങുമ്പോൾ ഉമ്മറപ്പടിയിൽ അന്തർജ്ജനത്തിന്റെ നിറമിഴികൾ കണ്ടു.

വേഗം വീട്ടിൽചെന്നു് അമ്മയുടെ കുഴിമാടത്തിനരികിൽ നിന്നു് പൊട്ടിക്കരഞ്ഞുകൊണ്ടു പറഞ്ഞു

“അച്ഛനെ ഞാൻ കണ്ടു അമ്മേ. അച്ഛൻ വേണ്ടതു് ഞാൻ കൊടുത്തു. എന്റെ കൈകൊണ്ടു വാങ്ങിയ രൂപ അന്ത്യകാലത്തു് അച്ഛനു് ഗുണം ചെയ്യുമമ്മേ.” കുഴിമാടത്തിൽ വെച്ച ചെന്തെങ്ങിന്റെ വിളത്ത ഇലകൾ കാററിലാടി. എന്തോ സന്തോഷസൂചകമായി.

# ജീവിതസങ്കല്പവും സമീപനവും

എ. പി. എ. സലാം, തേഞ്ഞിപ്പലം
III B.A. Arabic

അപഗ്രഥനം അസാദ്ധ്യമായൊരനുഭവയാഥാർത്ഥ്യമാണ് ജീവിതം. വിവിധങ്ങളായ വീക്ഷണങ്ങളും വിരുദ്ധങ്ങളായ സങ്കല്പങ്ങളുമുണ്ടെങ്കിലും ഓരോ മനുഷ്യജീവിതവുമതിന്റെ വ്യാഖ്യാനമാണ്. മോഹങ്ങൾക്കും സങ്കല്പങ്ങൾക്കും വിരുദ്ധമായി, പ്രതീക്ഷകൾക്കും പ്രയത്നത്തിനും പ്രതികൂലമായി അനുഭവങ്ങൾ പ്രകടമാകുമ്പോൾ അത് ദുഷ്കരമാകുന്നു. വേദനയുടേയും യാതനയുടേയും പരാജയത്തിന്റെയും ഒരായിരം കഥകൾ ഓരോരുത്തനും വിവരിക്കാനുണ്ടാകും. സങ്കീർണ്ണങ്ങളായ ഇത്തരം പ്രശ്നങ്ങളെയഭിമുഖീകരിക്കാനാവാതെ ദുരിതമനുഭവിക്കുന്ന എത്രയെത്രയാളുകളാണുള്ളത്. യുവാക്കളാണീ നിർഭാഗ്യത്തിനേറെ വിധേയരായിട്ടുള്ളത്. ഈ ഘട്ടത്തിൽ ചിന്താപരമായി അവർ അതിലേറെയപകടകരമായ മറ്റു മേഖലകളിലേക്ക് കൂടി നീങ്ങുന്നു. നിരർത്ഥതാബോധം വളർന്ന് നിഷ്ക്രിയരായലയുന്നിവർ പലപ്പോഴും വീഞ്ഞിലും കഞ്ചാവിലും മോക്ഷം തേടുന്നു. അക്രമവാസനയും സംഹാരപ്രവണതയുമിവരിൽ കാണപ്പെടുന്നു. നിരാശയും വിഷാദവുമായി സഹജീവികളിൽനിന്നകന്നു അവസാനം മനോരോഗികളായി മാറുന്നവരെത്രെയോ പേരുണ്ട്. മരണത്തിലേക്കെടുത്തു ചാടുന്നവരും കുറവല്ല.

ജീവിതത്തെ നിഴലായോ, അഭിനയമായോ, കടങ്കഥയായോ, കളിപ്പാട്ടമായോ കണ്ടതുകൊണ്ട് കാര്യമില്ല. വിധിയെപഴിച്ചതുകൊണ്ടോ, മൂല്യങ്ങളെ പുച്ഛിച്ചതു കൊണ്ടോ, നിയമങ്ങൾ ലംഘിച്ചതുകൊണ്ടോ ഫലമുണ്ടാകുന്നതല്ല. പകരം മോചനത്തിന്റെ പാതകളും അതിലേക്കെത്തിക്കുന്ന പാഥേയങ്ങളും കണ്ടെത്തുകയാണ് വേണ്ടത്. വിശാലമായ ഈ വിഷയത്തെ വളരെ സംക്ഷിപ്തമാക്കുന്നത് വികലമായ അവതരണമാണെങ്കിലും ചെറിയൊരെത്തിനോട്ടമാണീ ലേഖനത്തിലൂടെ നടത്തുന്നത്.

ആമുഖമായി ചില വസ്തുതകൾ മനസ്സിലാക്കണം. ഇവിടെ പൂർണ്ണസുഖമനുഭവിക്കുന്നവരാരുമില്ല. ഇന്നോളമാരുമങ്ങിനെയായിരുന്നിട്ടുമില്ല. ഓരോരുത്തർക്കും അവരവരുടേതായ പ്രശ്നങ്ങളും പ്രയാസങ്ങളുമുണ്ട്. ആശകൾക്കും ആവശ്യങ്ങൾക്കുമതിരില്ലാത്തതിനാൽ ജീവിതമെന്നും അപൂർണ്ണമായി തുടരുന്നതാണ്.

ജീവിതത്തെക്കുറിച്ച് വ്യക്തമായ ബോധവും ശരിയായ സങ്കല്പവുമുണ്ടായിരിക്കണം. ഒരു യാത്രക്കാരനെപ്പോലെ മാത്രം ജീവിക്കാനൊരുങ്ങുന്ന മനുഷ്യൻ അതിനോട് പൊരുത്തപ്പെടാത്ത വീക്ഷണം വെച്ചുപുലർത്തുന്നതിലർത്ഥമില്ല. ഒരു യാത്രക്കുണ്ടാകുന്ന പോലെ ചില ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും ജീവി

ത്തിനുമുണ്ടായിരിക്കണം. സുഖിച്ച് മദിച്ച് എവിടെയെങ്കിലും കഴിഞ്ഞുകൂടുന്നത് കൊണ്ടും ഒന്നും ശ്രദ്ധിക്കാതെ ഒഴുകിനീങ്ങുന്നതു കൊണ്ടും ഒരു യാത്ര പ്രയോജനകരമല്ലാത്ത പോലെ ഈ ഭൗതികതയിലെ മതിമറന്ന ജീവിതവും ഭൗതികതയെ പൂർണ്ണമായും ത്യജിക്കുന്ന ജീവിതവും രണ്ടും ശരിയല്ല. മാനുഷികധർമ്മത്തിന്നത് യോജിച്ചതുമല്ല. സാമൂഹ്യമായ ഭദ്രതക്കും നിലനില്പിനുമത് സാരമായ ആഘാതമേല്പിക്കും. ചില ക്രമങ്ങളും ചട്ടങ്ങളും നിയമങ്ങളും സ്വീകരിക്കുമ്പോഴേ ജീവിതത്തിന് സൗന്ദര്യവും സമൂഹത്തിന് സൗകര്യവുമുണ്ടാകുകയുള്ളൂ.

സാഹസികസമീപനമാണ് ജീവിതത്തിന്നാവശ്യം. ഈ യാത്ര സുഖകരമായിരിക്കുമെന്നാരും നമുക്കുറപ്പ് തന്നിട്ടില്ല. അതിനാൽ പ്രശ്നങ്ങളുടേയും പ്രയാസങ്ങളുടേയും കല്ലോലങ്ങളെ അതിജയിച്ച്, വേദനകളും ബുദ്ധിമുട്ടുകളും അതിജീവിച്ച് ഈ കൊച്ചു നൗകയുമായി മുന്നോട്ട് നീങ്ങുക. വിജയത്തിനും പരാജയത്തിനും സാദ്ധ്യതകളുണ്ടെങ്കിലും ക്ഷമയും സഹനവും സാഹസികബോധവുമായി നീങ്ങിയാൽ ഈ പ്രയാണം പലപ്പോഴും അക്കരെയെത്താനും കരയും കടലും ലോകം മുഴുവനും കീഴടക്കാനും കഴിഞ്ഞെന്നു വരും.

പലരുടേയും പ്രശ്നങ്ങൾ പലതാണ്. ശാരീരികം, സാമ്പത്തികം, മാനസികം, ചിന്താപരം, ലൈംഗികം തുടങ്ങി വലുതും ചെറുതുമായ ഓരോന്നിന്റെയും കാരണങ്ങൾ പലതായിരിക്കും. അപ്പോൾ പരിഹരിക്കാനാവാതെ ഓരോന്നും വലുതായി സങ്കീർണ്ണമായി തുടരുകയും ചെയ്യും. പ്രശ്നങ്ങളുടെ ആരംഭവും അടിവേരും മനസ്സിലാക്കി സ്ഥിരചിത്തതയോടെ മാനസികമായ കഴിവും കരുത്തും പക്വതയുമാർജ്ജിച്ച് ആത്മവിശ്വാസത്തോടെ അഭിമുഖീകരിച്ചാൽ ഏതും ലഘൂകരിക്കാവുന്നതും ദൂരീകരിക്കാവുന്നതുമാണ്.

തെറ്റായ ധാരണകളും വിശ്വാസങ്ങളുമാണ് പലപ്പോഴും കുഴപ്പമുണ്ടാക്കുന്നതു്. ഉദാഹരണമായി, ചുറ്റുപാടിനൊത്ത ചമയങ്ങളും സമ്പ്രദായങ്ങളും സ്വീകരിച്ചു ജീവിക്കുന്നവനേതെങ്കിലുമൊരവസ്ഥയിൽ അങ്ങിനെ ജീവിക്കാൻ സാധിക്കാതെ വരുമ്പോൾ സ്വാഭാവികമായും മനോവിഷമമുണ്ടാകും. അഭിമാനത്തോടെ ജീവിക്കണമെന്നാഗ്രഹിക്കുന്നവനത് സാധിക്കാതെ വരുമ്പോൾ അപകർഷതാബോധവും അപമാനവും പിടികൂടുമെന്നതു് തീർച്ചയാണ്. എന്നാൽ അഭിമാനമെന്ന ആശയത്തിന്റെ മാനദണ്ഡം ചുറ്റുപാടിനൊത്ത പ്രകടനങ്ങളാണെന്ന തെറ്റായ ധാരണയാണിവിടെ പ്രശ്നത്തിന്നിടയാക്കുന്നതു്. മറിച്ച് ധാർമ്മികമൈതികമൂല്യങ്ങളെ നിലനിർത്തി വ്യക്തിത്വം പുലർത്തുന്നതാണ് മാന്യതക്കാധാരമെന്ന് മനസ്സിലാക്കിയാലിത്തരം പ്രശ്നങ്ങളുടലെടുക്കുന്നതേയല്ല.

മോഹഭംഗങ്ങളായിരിക്കും ചില പ്രശ്നങ്ങളുടെ കാരണങ്ങൾ. അർഹതയോ സാദ്ധ്യതയോ കൂടാതെ ഒന്നിനേയും ആഗ്രഹിക്കരുതു്. പരിശ്രമത്തിലൂടെ ആദ്യം അർഹതയും സാധ്യതയും ഉണ്ടാക്കിത്തീർക്കുകയാണു വേണ്ടതു്. എത്ര തീഷ്ണമാണെങ്കിലും ശരി കൊതിച്ചതു് ലഭിക്കണമെന്നില്ല. ഇത്തരം കാര്യങ്ങളെ അപ്പോഴപ്പോൾ മനസ്സിൽനിന്നും മാറ്റിപ്പാർപ്പിക്കുക. അല്ലെങ്കിൽ മാനസികതകർച്ചയായിരിക്കും ഫലം.

പണവും പ്രതാപവും വൈകാരികപ്രവണതകളുടെ പൂർത്തീകരണവുമുണ്ടായാൽ മാത്രം ജീവിതം സുഖദായകമാകുന്നതല്ല. ഭൗതികചമയങ്ങളും സുഖസൗകര്യങ്ങളും കുന്നുകൂടിയ പാശ്ചാത്യലോകത്ത്, സുഖമെന്നയനുഭൂതി അല്പവുമാസ്വദിക്കാനാവാതെ നീറുന്ന

യുവാക്കൾ നാറുന്ന ഹിപ്പികളായിമാറുന്നയവസ്ഥ ഈ ധാരണ തെററാണെന്നാണ് തെളിയിക്കുന്നത്. മാനസികസ്വസ്ഥതയും സമാധാനവുമാണ് മനുഷ്യനു വേണ്ടത്. ധാർമ്മികസദാചാരനിയമങ്ങളനുസരിക്കുന്ന, അപരാധത്തിനിടവരാത്ത കടമകളും കടപ്പാടുകളും നിർവ്വഹിക്കുന്ന ഒരുത്തനു് മാത്രമേ മനസ്സമാധാനവും ജീവിതസുഖവുമുണ്ടായിത്തീരുന്നുള്ളൂ എന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്.

പ്രകൃതിപരവും യാദൃച്ഛികവുമായ വേദനയുടേയും യാതനയുടേയും പ്രയാസത്തിന്റേതുമായ ഗുരുതരമായ പ്രശ്നങ്ങളാണ് മറെറാന്ന്. അപകടം പിണയുന്നതും, രോഗം പിടിപെടുന്നതും, ജന്മവൈകല്യങ്ങൾക്കിരയാവുന്നതും ദുരിതാവസ്ഥയിൽ വളർത്തപ്പെടുന്നതുമെല്ലാം ഇതിൽ പെടുന്നു. അത്യദ്ധ്വാനവും സഹനവും ചിലപ്പോൾ പ്രശ്നങ്ങളെ ലഘൂകരിക്കുമെങ്കിലും പൂർണ്ണമായ മോചനം അസാദ്ധ്യമാണ്. ഇവിടെ ഒരു കാര്യം ഗൗരവത്തോടെ മനസ്സിലാക്കേണ്ടതുണ്ട്. ഇത്തരം പ്രശ്നങ്ങൾക്കുത്തരവാദികൾ മനുഷ്യർതന്നെയാണ്. അവർ ചെയ്ത തെററിന്റേയും കുററത്തിന്റേയും ഭവിഷ്യത്തുക്കളാണവ. അവകാശങ്ങളും അർഹതകളും തടയപ്പെട്ട, നീതി നിഷേധിക്കപ്പെട്ട, ചൂഷണത്തിനും അക്രമത്തിനും വിധേയമാകുന്ന ഒരു വിഭാഗം ഇവിടെയുണ്ട്. വാനലോകത്തുനിന്നാരും വന്നിറങ്ങിയിട്ടില്ല അവരെ കഷ്ടപ്പെടുത്തുന്നത്. വിധിയുടെ ക്രൂരതയുമല്ല. അവരെപ്പോലെയുള്ള മനുഷ്യരാണവരെ ഈ വിധത്തിലേക്ക് തള്ളിവിട്ടത്. വഞ്ചകനും ചൂഷകനും കപടനുമായ മനുഷ്യന്റെ പാപപങ്കിലമായ കരമാണ് ഓരോ പ്രശ്നത്തിന്റേയും ദുരിതത്തിന്റേയും പിന്നിലുള്ളത്. തലമുറകൾക്ക് മുമ്പ് ചെയ്ത ക്രൂരതയുടെ ഫലം പരമ്പരകൾക്ക് ശേഷവും തുടരുന്നു. പ്രകൃതിപരമായ വളർച്ചക്കാവശ്യമായ ഘടകങ്ങളുടെ അപര്യാപ്തതയും പ്രകൃതിനിയമത്തെ അലങ്കോലപ്പെടുത്തുന്നതും അപകടപ്പെടുത്തുന്നതുമായ മററു കാര്യങ്ങളുടെ ഇടപെടലുമാണ് ജന്മവൈകല്യങ്ങൾക്കും വൈരൂപ്യങ്ങൾക്കുമുള്ള കാരണമെന്നു കാണാവുന്നതാണ്. ഇതിന്റെ ഉത്തരവാദികളും ചിലപ്പോൾ തലമുറകൾക്കപ്പുറത്തായേക്കും. സമൂഹത്തിന്റെ സൃഷ്ടികൾ മാത്രമാണിവർ. അതിന്റെ പാപഭാരവും സമൂഹത്തിനു തന്നെ.

എല്ലാപ്രശ്നങ്ങളും സൃഷ്ടിച്ചുവിടുന്ന ഇവിടത്തെ അവസ്ഥകളോടും വ്യവസ്ഥകളോടും നാം സമരം ചെയ്യേണ്ടതുണ്ട്. അനീതിയോടും അധർമ്മത്തോടും ഒരിക്കലും സന്ധിയാവുക സാദ്ധ്യമല്ല. സാരമായൊരു മാററം എന്തും ആവശ്യമായ ഈ ഘട്ടത്തിൽ വിദ്യാർത്ഥികൾ അവരുടെ ധിഷണകളും സമരാവേശവും ഈ വഴിക്കു തിരിക്കട്ടെ. ഒരു പുതിയ നാളെ പുലരട്ടെ.



# കൊലമരത്തിൽനിന്നുള്ള പോർവിളി

നജീബ് വി. എ. പയ്യോളി II P. D. C.

ഒതുക്കിനിർത്താൻ വയ്യാത്ത രോഷവും പിടിച്ചുനിർത്താൻ വയ്യാത്ത ആവേശവും നിമിത്തം നിശ്ചിത നാളിനു മുമ്പായി തുടങ്ങിപ്പോയതുകൊണ്ടും, രാജ്യദ്രോഹത്തിന്റെ കാവൽക്കാരികളായി പ്രവർത്തിച്ച അധമരായ ചില രാജ്യദ്രോഹിപ്പരിഷകളുടെ സഹായം ബ്രിട്ടീഷുകാർക്ക് ലഭിച്ചുപോയതുകൊണ്ടും, പരാജയമടഞ്ഞ സ്വാതന്ത്ര്യസമരമായിരുന്നു 1857-58ൽ നടന്ന ഇന്ത്യൻ മഹാവിപ്ലവം. അത് സൃഷ്ടിച്ച ഭീതിമറക്കാൻ തലമുറകൾ പലതുകഴിഞ്ഞിട്ടും ബ്രിട്ടീഷുകാർക്ക് കഴിഞ്ഞില്ല. ഇന്ത്യക്കാരോട് അതിക്രമങ്ങൾ കാണിച്ചാൽ, മര്യാദകെട്ട് പെരുമാറിയാൽ, തന്നില്ലംകണ്ട് മരിക്കാൻ ഒക്കുകയില്ലാ എന്ന് ബ്രിട്ടീഷ്കാരനെ പഠിപ്പിച്ച മഹാസംഭവമായിരുന്നു അത്. മഹാവിപ്ലവകാലത്ത് ഭാരതമാതാവിന്റെ മോചനത്തിനുവേണ്ടി രണാങ്കണത്തിലിറങ്ങിയ വീരസന്താനങ്ങളെ ഒളിഞ്ഞും തെളിഞ്ഞും അരിഞ്ഞ് തകർക്കാൻ വൃഥാശ്രമിച്ച്, അവസാനം ജീവനുംകൊണ്ടോടി രക്ഷപ്പെട്ട എ. ഒ. ഹ്യൂമിനെ ഇന്ത്യൻസ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത മഹാനായി അവതരിപ്പിക്കുന്ന നമ്മുടെ ചരിത്രഗ്രന്ഥങ്ങളിൽ 1857ലെ മഹാവിപ്ലവം ആസൂത്രണം ചെയ്യുകയും വിപ്ലവപ്രചാരകരായി ഊരു ചുറ്റുകയും അതിൽ പങ്കെടുത്ത് രക്തസാക്ഷിത്വം വരിക്കയും, ഭാവിതലമുറകളുടെ ആരാധനയ്ക്ക് അർഹരാവുകയും ചെയ്ത നിരവധി ധീരാത്മാക്കളുടെ പേരുകൾ പോലും കാണാനില്ലയെന്നത് ലജ്ജാവഹമത്രെ. അങ്ങിനെ വിസ്മരിക്കപ്പെട്ട ഒരു ധീരരക്തസാക്ഷിയാണ് 'ഞാൻ മരിച്ചാൽ എന്റെ ചോരയിൽ നിന്ന് ആയിരമായിരം വീരന്മാർ പിറവിയെടുക്കും, അവർ നിങ്ങളുടെ സാമ്രാജ്യം തകർക്കും' എന്ന് കൊലമരത്തിൽ കയറിനിന്ന് ബ്രിട്ടീഷ് ആരാച്ചാരന്മാരെ നോക്കി ഗർജ്ജിച്ച പുണ്യശ്ലോകനായ പീർ അലി.

ബീഹാറിലെ വിപ്ലവ കൗൺസിലിന്റെ മസ്തിഷ്ക്കമായി പ്രവർത്തിച്ചിരുന്ന മഹാനായിരുന്നു അദ്ദേഹം. ദേശസ്നേഹവും, സ്വാതന്ത്ര്യദാഹവും ജനഹൃദയങ്ങളിൽ വളർത്തി അവരെ സ്വാതന്ത്ര്യസമരത്തിലെ മുന്നണിപ്പോരാളികളാക്കിതീർക്കാൻ ഉതകുന്ന ഉൽകൃഷ്ടഗ്രന്ഥങ്ങൾ വിതരണം ചെയ്തുകൊണ്ടിരുന്ന പുസ്തകവ്യാപാരിയായിരുന്നു പീർ അലി. ദില്ലിയിലെ ബഹദൂർഷാ, കോൺപൂ

രിലെ നാനാസാഹബ്, ലക്നൗവിലെ മൗലവി അഹമ്മദ്ഷാ, ഝാൻസായിലെ റാണിലക്ഷ്മീഭായി, അയോദ്ധ്യയിലെ ഹസ്റത്ത് മഹൽബീഗം, ജഗദീശ്പുരത്തിലെ കുമരസിംഹൻ, രോഹിലാഖണ്ഡത്തിലെ ഖാൻബഹദൂർഖാൻ തുടങ്ങി ഇന്ത്യയിലെ വിവിധകേന്ദ്രങ്ങളിലെ വിപ്ലവനേതാക്കളുമായി അദ്ദേഹം എഴുത്തുകൾ കൈമാറി. തന്റെ തീവ്രമായ ദേശപ്രേമം അന്യർക്കു പകർന്നുകൊടുക്കുകയും അവരിൽനിന്ന് ആവേശമുൾക്കൊള്ളുകയും, ആ സഹപ്രവർത്തകരിലേക്ക് ആവേശിപ്പിക്കുകയുമാണ് അദ്ദേഹം ചെയ്തത്. സമ്പത്തും സ്വാധീനവുമുള്ള വ്യാപാരികൾ, ബാങ്കർമാർ, സമിൻദാർമാർ, മാത്രമല്ല സായുധസേനാംഗങ്ങൾ തുടങ്ങി എല്ലാ ജനവിഭാഗങ്ങളുടെ ഇടയിലും വിപ്ലവാവേശം അദ്ദേഹം പകർന്നുകൊടുത്തു. ബ്രിട്ടീഷ്കിരാതവാഴ്ച്ചക്കെതിരെ ഏതു നിമിഷവും പടക്കളത്തിൽ ഇറങ്ങാൻ ഒരു വിപ്ലവസേനയെ അതിസമർത്ഥമായി സംഘടിപ്പിച്ചു.

ഭാരതത്തിൽ ഒരററംമുതൽ മറേറഅററം വരെ വിപ്ലവസംഘടനാശാഖകൾ സ്ഥാപിച്ച് ശക്തിയാർജ്ജിച്ച് ഇന്ത്യയുടെ എല്ലാഭാഗത്തും ഒരൊററദിവസം ലഹളതുടങ്ങി, ബ്രിട്ടീഷുകാരെ ഒരൊററയടിയ്ക്ക് തുരത്തെറിയാനായിരുന്നു നേതാക്കൾ പരിപാടികൾ ആസൂത്രണം ചെയ്തിരുന്നത്. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ, ജനങ്ങളുടെ കടുത്ത ബ്രിട്ടീഷ് വിദ്വേഷവും, അനിയന്ത്രിതമായ ആവേശത്തള്ളിച്ചയും മൂലം മീററത്തിലും അംബാലയിലും, ബരക്പൂരിലും നിശ്ചിതനാളിനു മുമ്പ് ലഹള പൊട്ടിപ്പുറപ്പെടുകയുണ്ടായി. അപ്രതീക്ഷിതമായ ഈ സംഭവപരമ്പരകൾ മഹാവിപ്ലവത്തിന്റെ അതിസമർത്ഥരായ ആസൂത്രകന്മാരെ അമ്പരപ്പിച്ചു. തദ്ഫലമായി ഓരോസ്ഥലത്തും പരിപാടികൾ അവക്ക് പുനരാസൂത്രണം ചെയ്യേണ്ടി വന്നു.

പാററ്നയിലും വിപ്ലവകാരികൾ അവരുടെ പദ്ധതികൾ പുനരാവിഷ്ക്കരിക്കയായിരുന്നു. തർഹത്ത് ജില്ലാ പോലീസ് ജമേദാരായിരുന്ന വാറിസാലി തന്നെ രഹസ്യഗൂഢാലോചനക്കാരിലെ പാററ്നയിലെ നേതാവ് എന്ന് മി. ടെയ്ലർ മണത്തറിഞ്ഞു. ബ്രിട്ടീഷ് സിഖ്പട്ടാളം അദ്ദേഹത്തിന്റെ വീട് വളഞ്ഞു. ഗയയിലെ വിപ്ലവത്തലവനായ അലികരീമിന് കത്തെഴുതുകയായിരുന്നു. അദ്ദേഹം അപ്പോൾ പൂർത്തിയാക്കപ്പെടാത്ത ആ കത്തും മററു പല രേഖകളും ഇംഗ്ലീഷുകാർ കൈവശപ്പെടുത്തി. വാറിസ്അലിയെ അടുത്തദിവസം തൂക്കിക്കൊന്നു, അലികരീമിനെ അറസ്റ്റ്ചെയ്യാൻ ഗയയിലേക്ക് അവർ കുതിച്ചു. രോഷവുമായി ആർത്തിരമ്പിയ ജനലക്ഷങ്ങളെയാണ് മി. ടെയ്ലർക്ക് അവിടെ കാണാൻ കഴിഞ്ഞത്. അലികരീമിനെ പിടികിട്ടിയതുമില്ല.

ഉടനെ പാററ്നയിലെ വിപ്ലവകേന്ദ്രങ്ങളിലേക്ക് മി. ടെയ്ലർ ശ്രദ്ധ തിരിച്ചു. അവിടത്തെ നേതാക്കളിൽ പലരേയും വിരുന്നിന് ക്ഷണിച്ച് വഞ്ചനാപരമായി മി. ടെയ്ലർ തടവിലാക്കി. എന്നാൽ മി. ടെയ്ലറുടെ പിടിയിൽ നിന്നും രക്ഷപ്പെടാൻ അവിടത്തെ വിപ്ലവത്തിന്റെ തലച്ചോറായ പീർഅലിക്ക് സാധിച്ചു. തന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപൽഘട്ടത്തിലേക്ക നീങ്ങുന്നതായി അലി മനസ്സിലാക്കി. ഇനിയും കാത്തിരിക്കുക നിഷ്പ്രയോജനമാണെന്ന് അദ്ദേഹത്തിന് ബോദ്ധ്യമായി.

ജൂലായ് 3ന് വിപ്ലവകാരികൾ പീർഅലിയുടെ വീട്ടിൽ സമ്മേളിച്ചുകൂടി. ദീർഘമായ ചർച്ച നടന്നു. തുടർന്ന് ഹരിതപതാകയുമേന്തി ദൈവസ്തോത്രങ്ങളും മുഴക്കിക്കൊണ്ട് പീർഅലിയും ഇരുനൂറ് സഖാക്കളും ബ്രിട്ടീഷ്സങ്കേതങ്ങൾക്കു നേരെ ചീറിയടുത്തു. വിപ്ലവകാരികളും ബ്രിട്ടീഷ്

സേനയും തമ്മിൽ പൊരിഞ്ഞ യുദ്ധം നടന്നു. ബ്രിട്ടീഷ് പട്ടാളമേധാവി ലിയാൾ പീർഅലിയുടെ വെടിയേററു മരിച്ചു വീണു. ബ്രിട്ടീഷ് സേനയിൽ കനത്ത നാശങ്ങളുണ്ടായി. ശേഷിച്ചവർ ഓടാൻ തുടങ്ങുകയായിരുന്നു. അപ്പോഴേക്കും ജനറൽ റാട്ടേയും അയാളുടെ വിശ്വസ്ത സിക്ക് സേനയും വന്നെത്തി. പിന്നീട് നടന്ന ഭീകരസംഭവങ്ങൾ ഹിന്ദുമഹാസഭാസ്ഥാപകനേതാവും സുപ്രസിദ്ധ ദേശീയചരിത്രകാരനുമായ ശ്രീ വിനായകദാമോദര സവർക്കറുടെ വാക്കുകളിൽ വായിക്കുക. ''ശിഖർ അമ്മയുടെ നെഞ്ചത്ത് വാളിറക്കുകയും മാതൃരക്തം വീണ് അവരുടെ ശരീരം വികൃതമാക്കുകയും ചെയ്തപ്പോൾ വിപ്ളവകാരികളായ ഒരു പിടിയാളുകൾ മേത്തരം ആയുധവും അച്ചടക്കവുമുള്ളവർക്ക് മുമ്പിൽ തകർന്നുവീണുപോയി. നേതാക്കൾ ഒന്നൊന്നായി അറസ്റ്റ് ചെയ്യപ്പെട്ടു. ലിയാളിനെ വെടിവെച്ചു കൊന്നു. പ്രകൃത്യാ ഉഗ്രനും വീരനും ധീരനുമായ പീർഅലിയും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു'' അടുത്തദിവസം പാററ്നയിലെ ബ്രിട്ടീഷ് പട്ടാളക്കോടതി പീർഅലിയെ വിചാരണ ചെയ്തു. 'മററു നേതാക്കളുടെ പേർ പറഞ്ഞുതരിക. നിങ്ങളെ വെറുതെ വിടാം. തടവറയിൽ നിന്നും കോടതിയിൽ നിന്നും ബ്രിട്ടീഷുകാർ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. പ്രലോഭനങ്ങൾ പരാജയപ്പെട്ടപ്പോൾ അതിക്രൂരമായി അദ്ദേഹത്തെ അവർ മർദ്ദിച്ചു കൈകാലുകളിൽ കനത്ത ചങ്ങലകൾ ഇട്ടു. മർദ്ദനമേററും ചങ്ങലകൾ കൊണ്ടും കൈകളിൽ വ്രണങ്ങൾ ഉണ്ടായി. ആ വ്രണങ്ങളിൽ തന്നെ വിലങ്ങു വെച്ചു കൊണ്ട് അദ്ദേഹത്തെ കോടതിയിൽ ഹാജരാക്കിയപ്പോൾ അദ്ദേഹത്തിൻെറ രണ്ടു കൈകളിൽനിന്നും ചോരയൊലിക്കുന്നുണ്ടായിരുന്നു. പട്ടാളക്കോടതി അദ്ദേഹത്തെ തൂക്കിക്കൊല്ലാൻ വിധിച്ചു. ബ്രിട്ടീഷ് പടയാളികൾ അദ്ദേഹത്തെ കഴുമരത്തിലേക്ക് ആനയിച്ചു. മരണത്തെ മുന്നിൽ കണ്ടുകൊണ്ട് ഇന്ത്യയുടെ ആ വീരപുത്രൻ കഴുമരത്തിൽ കയറിനിന്നു് പുഞ്ചിരിതൂകി. പീർഅലിയെ പ്രലോഭിപ്പിച്ച് തെളിവുകൾ ശേഖരിക്കാൻ അവർ വീണ്ടും ശ്രമിച്ചു. പീർഅലിയുടെ കൊച്ചോമനമകനെ അവർ അദ്ദേഹത്തിൻെറ മുമ്പിൽ ഹാജരാക്കി. അവനെ കണ്ടപ്പോൾ ആ വത്സല പിതാവ് അൽപം തേങ്ങിപ്പോയി. 'പീർ അലി ഇപ്പോൾ തന്നെ നിങ്ങൾക്ക് രക്ഷപ്പെടാം മററു നേതാക്കളുടെ പേർ പറഞ്ഞു തന്നാൽ മാത്രംമതി. ആത്മധൈര്യം വീണ്ടെടുത്തുകൊണ്ട് ആ ധീരദേശാഭിമാനി ബ്രിട്ടീഷുകാരുടെ നേരെ തിരിഞ്ഞുനിന്ന് ധീരോദാത്തസ്വരത്തിൽ പ്രഖ്യാപിച്ചു. ''ജീവൻ രക്ഷിച്ചാൽ കൊള്ളാമെന്നു തോന്നുന്ന ചില സംഭവങ്ങൾ ഉണ്ട്. അതിനെ ബലികഴിക്കുന്നതാണ് പുണ്യവും വരേണ്യവും എന്നു തോന്നുന്ന ചിലതുമുണ്ട്. ഈ സന്ദർഭം രണ്ടാമത്തും പറഞ്ഞ കൂട്ടത്തിൽ പെട്ടതാണ്. അപ്പോൾ ഉടനടി മരണം പുൽകണം. അനശ്വരതയിലേക്കുള്ള ക്ഷണമാണിത്.'' പിന്നീട് ഇംഗ്ലീഷുകാർ കാണിച്ച നിഷ്ഠൂരമായ ക്രൂരതകൾ ഓരോന്നായി വിവരിച്ച ശേഷം ശ്രുതിമധുരമായ സ്വരത്തിൽ ഒരു ഗസൽ ആലപിച്ചു. ഇന്ത്യൻ മഹാവിപ്ളവത്തിൻെറ അനിഷേധ്യനേതാവും വന്ദ്യവയോധികനുമായ ബഹദൂർഷാ രചിച്ച ആ കൊച്ചു ഗാനം ആ കൊലക്കളത്തെപോലും ആവേശംകൊള്ളിച്ചു.

''ഘാസിയോം മേബുർഗേഹീ
ജബ്തലക് ഈമാൻകീ
തഖ്തോലണ്ഡൻ തക്ചലേഗീ
ദേശ് ഹിന്ദുസ്ഥാന്കീ.''

''വിശ്വാസക്കാരിൻെറ നേരിയൊരംശമെങ്കിലും നമ്മുടെ വീരഹൃദയങ്ങളിൽ നിലനില്ക്കുന്നിടത്തോളം കാലം ഹിന്ദുസ്ഥാനത്തിൻെറ വാൾ മൂർച്ചയുള്ളതു തന്നെയായി

രിക്കും. എന്നെങ്കിലും അത്' ലണ്ടൻ നഗര കവാടങ്ങളെപ്പോലും തട്ടിത്തെറിപ്പിക്കും.''

ബ്രിട്ടീഷ് ആരാച്ചാരന്മാരോട് അവരുടെ കൃത്യം നിർവ്വഹിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് പീർ അലി വീണ്ടും അവർക്ക് താക്കീതുനൽകി. "നിങ്ങൾക്ക് എന്നെ തൂക്കിക്കൊല്ലാം. എന്നെപ്പോലെ മററുള്ളവരേയും. പക്ഷെ ഞങ്ങളുടെ ആദർശത്തെ കഴുവേററുവാൻ പററുമോ? ഞാൻ മരിച്ചാൽ എന്റെ ചോരയിൽ നിന്ന് ആയിരമായിരം വീരന്മാർ ജനിക്കും. അവർ നിങ്ങളുടെ സാമ്രാജ്യം തകർക്കും.'' പീർ അലിയുടെ വീരകൃത്യവിനെ പററി വീരസവർക്കറുടെ വാക്കുകൾ കേൾക്കുക. "ഈ പ്രഖ്യാപനം ചെയ്തശേഷം പുണ്യശ്ലോകനായ പീർ അലി തന്റെ മാതൃരാജ്യത്തിന്' തെല്ലുപോലും കളങ്കമുണ്ടാക്കാതെ മൃത്യുകവാടം കടന്ന് ശാശ്വതസ്മരണാർഹരായ ദേശപ്രേമികളുടെ സദസ്സിലേക്ക് പ്രവേശിച്ചു.''

പീർഅലിയുടെ ചരമവാർത്ത കേട്ടപ്പോൾ പാററ്നയിലെ ബ്രിട്ടീഷ്കമ്മീഷണറായ മി. ടെയ്ലർതന്നെ പറഞ്ഞത് കേൾക്കുക. "അക്ഷോഭ്യനും, അവ്യഗ്രചിത്തനും, വാക്കിലും നോക്കിലും തികവാറും ഗാംഭീര്യമുൾക്കൊള്ളുന്നവനുമായിരുന്നു പീർ അലി. അജയ്യമായ ശൌര്യം ചിലരെ ആപൽക്കാരികളായ ശത്രുക്കളാക്കി മാററുകയും, ഉഗ്രപ്രതിജ്ഞ ആനുഷംഗികമായ ആരാധനയ്ക്കും ബഹുമാനത്തിനും പാത്രമാക്കുകയും ചെയ്യുന്ന മനുഷ്യരുടെ മാതൃകയാണദ്ദേഹം.''

ആ ധീരരക്തസാക്ഷിയുടെ വാക്കുകൾ ഒരു പ്രവചനമായിരുന്നു. വീരസവർക്കറുടെ വാക്കുകളിൽ തന്നെ അതു വായിക്കുക. "എന്റെ ചോരയിൽനിന്നും ആയിരമായിരം ധീരന്മാർ ജനിക്കും'' മഹാനായ രക്തസാക്ഷിയുടെ ഈ ആപ്തവചനം വൃഥാവിലാകാൻ സാദ്ധ്യമല്ല. വൃഥാവിലായതുമില്ല. അദ്ദേഹത്തിന്റെ മരണവാർത്തയറിഞ്ഞപ്പോൾ ഏററവും വിശ്വസ്തരായി കരുതപ്പെട്ടിരുന്ന ദാനപുരത്തെ മൂന്ന് ഇന്ത്യൻ റജിമെൻറുകൾ ജൂലായ് 25ന് വിപ്ളവം ആരംഭിച്ചു. അവർ ജഗദീശ്പുരം കൊട്ടാരത്തിലേക്ക് പോയി. എൺപത് കഴിഞ്ഞ കുമരസിംഹന്റെ നേതൃത്വത്തിൽ ഇംഗ്ലീഷുകാർക്കെതിരേ പോരാടാൻ. അവസാനംവരെ അവർ പോരാടുകയും ചെയ്തു.

ഒന്നാം സ്വാതന്ത്ര്യസമരം താൽക്കാലികമായി തകർന്നുപോയെങ്കിലും പീർഅലിയെപ്പോലുള്ള ധീരാത്മാക്കളുടെ ചോരയിൽ നിന്നും ആയിരമായിരം ധീരാത്മാക്കൾ പിറവിയെടുത്തു. അപ്രതിരോധ്യമെന്ന് പെരുമ്പറടിച്ച ലണ്ടൻ നഗരത്തിന്റെ കവാടങ്ങൾ അവർ തച്ചുടച്ചു. ബ്രിട്ടീഷ്സിംഹത്തെ മലർത്തിയടിച്ചുകൊണ്ട് 1947ൽ ഇന്ത്യ സ്വതന്ത്രയായി.

----

# മഹാനായ ഒരു കാപ്പിരി നേതാവ്

കെ. സതീഷ്

1968 ഏപ്രിൽ 4: അമേരിക്കയിലെ മേഡൺ തെരുവിലുള്ള ലൊറൈൻ മോട്ടൽ. ഒരു നീഗ്രോ നടത്തിവന്നിരുന്ന അത്രയൊന്നും ആകർഷകമല്ലാത്ത ഒരു കെട്ടിടമായിരുന്നു ലൊറൈൻ മോട്ടൽ. ആഫ്രിക്കയിലും അമേരിക്കയിലും വർണ്ണവിവേചനം അതിന്റെ എല്ലാ ഭീകരതകളോടുംകൂടി നടമാടിയിരുന്ന കാലഘട്ടമായിരുന്നു അത്. ലോകപ്രസിദ്ധനായിരുന്ന ഡോ: മാർട്ടിൻ ലൂതർകിംഗ് അന്നു മേല്പറഞ്ഞ മോട്ടലിൽ താമസിച്ചിരുന്നു. അദ്ദേഹം വർണ്ണവിവേചനത്തിനെതിരായും, കറുത്തവർഗ്ഗക്കാരുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയും നിരന്തരം പോരാടിപ്പോന്നു. തന്മൂലം വെള്ളക്കാർ ഡോ: കിംഗിനെ കാപ്പിരി ഉപദേശി എന്നു വിളിച്ചു പരിഹസിച്ചിരുന്നു. ആ മേൽവിലാസത്തിൽ വരുന്ന കത്തുകൾ പോസ്റ്റ്മാൻമാർ സംശയലേശമെന്യേ ഡോ: കിംഗിനെ ഏൽപിച്ചിരുന്നു.

1968 ഏപ്രിൽ 4: വൈകീട്ട് ആറ് മണി കഴിഞ്ഞ് അഞ്ച് മിനുട്ട്: മോട്ടലിന്റെ ബാൽക്കണിയിൽ സോളമൻ ജോൺസുമായി സംസാരിക്കുകയായിരുന്നു കിംഗ്. പെട്ടെന്ന് ഒരു വെടിമുഴങ്ങി. ജോൺസ് ഇതിനെപ്പററി പിന്നീട് പറഞ്ഞത് ആരോ ഒരു പടക്കംപൊട്ടിച്ചപോലെയോ, ഒരു ഡൈനാമിററ്കററി പൊട്ടിയപോലെയോ ആണ് തനിക്കു തോന്നിയതെന്നാണ്. വെടിയുണ്ട കിംഗിന്റെ കഴുത്തിനു വലതു വശത്തു തുളച്ചുകയറി. വെടിയുണ്ട കടന്നുപോയ ദ്വാരത്തിലൂടെ രക്തം കുടുകുടാ പ്രവഹിച്ചുകൊണ്ടിരുന്നു. മുഖമാകെ രക്തപങ്കിലമായി. പൊടുന്നനവെ അദ്ദേഹം ബോധരഹിതനായി വീണു.

പലരും ഓടിയെത്തി. മോട്ടലിന്റെ പരിസരപ്രദേശം അദ്ദേഹത്തിന്റെ സഹപ്രവർത്തകരെക്കൊണ്ടും ആരാധകരെക്കൊണ്ടും, പോലീസുകാരെക്കൊണ്ടും നിറഞ്ഞു. നഗരാതിർത്തികളിൽ പോലീസ് കാവൽ നിന്നു. ജനങ്ങൾ ഉൽക്കണ്ഠയോടെ മോട്ടലിന്റെ പരിസരപ്രദേശത്തേക്കോടിയെത്തിക്കൊണ്ടിരുന്നു.

ആംബുലൻസ് വന്നു. പലരും കൂടി അദ്ദേഹത്തെ താങ്ങിപ്പിടിച്ച് അതിൽ കയററി. അപ്പോഴേ തന്നെ ബോധരഹിതനായിരുന്ന അദ്ദേഹം സെൻറ് ജോസഫ് ആശുപത്രിയിലെത്തുമ്പോഴേക്കു അന്ത്യശ്വാസം വലിച്ചു കഴിഞ്ഞിരുന്നു. മരണവൃത്താന്തം ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടു. ജനം ദുഃഖം സഹിപ്പാനാവാതെ തേങ്ങിക്കരഞ്ഞു. അദ്ദേഹത്തിന്റെ മരണവൃത്താന്തം വിശ്വസിക്കാനാകാതെ പലരും ആശുപത്രിയിലേക്കോടിയെത്തി. അങ്ങിനെ കേവലം മുപ്പത്തിയൊമ്പതുവർഷത്തെ ജീവിതത്തിനു വിരാമമിട്ടുകൊണ്ടു അദ്ദേഹം അന്ത്യശ്വാസം വലിച്ചു.

1929ൽ അററ്ലൻറായിൽ ആബേൺ അവന്യൂ എന്ന നീഗ്രോ പ്രദേശത്ത് അദ്ദേഹം ജനിച്ചു. പിതാവും പിതാമഹനും വൈദികരായിരുന്നു. ഡോ. കിംഗിൻെറ പിതാവ് മാർട്ടിൻലൂതർകിംഗ് സീനിയർ നീഗ്രോ അദ്ധ്യാപകർക്കും മററദ്ധ്യാപകരുടെ ശമ്പളം ലഭിക്കാനും ധീരമായി സമരം നയിച്ചയാളായിരുന്നു. നീതിക്കു വേണ്ടി സമരം ചെയ്യാൻ സീനിയർകിംഗിൽ നിന്നും മകൻ മാർട്ടിൻ ലൂതർകിംഗ് പഠിച്ചു.

അററ്ലൻറായിലെ നീഗ്രോകൾക്കുമാത്രമായുള്ള പബ്ലിക്സ്കൂളിൽ കിംഗ് വിദ്യാഭ്യാസമാരംഭിച്ചു. നല്ലപോലെ ഉത്സാഹിച്ചു പഠിക്കുന്ന കൂട്ടത്തിലായിരുന്നു കിംഗ്. "പ്രായത്തിൽ കവിഞ്ഞ വിവേചനാശക്തിയും, പക്വതയും, ജീവിതത്തെപ്പററിയും അതിൻെറ പ്രശ്നങ്ങളെപ്പററിയും അനിതരസാധാരണമായ അറിവുമുള്ള ഒരാൾ, എന്നാണ് കിംഗിനെപ്പററി കലാശാലാദ്ധ്യാപകനായിരുന്ന ബഞ്ചമിൻ ഇമേഴ്സിൻെറ അഭിപ്രായം.

കുട്ടിക്കാലം മുതൽക്കേ ഗാന്ധിജിയെപ്പററി കേട്ടിരുന്ന കിംഗ് പിന്നീട്ട ഗാന്ധിയൻ ആദർശങ്ങൾ സ്വീകരിച്ചു. ഗാന്ധിയുടെ അഹിംസാസമരവും മററും അദ്ദേഹത്തെ വളരെയേറെ വശീകരിച്ചു കഴിഞ്ഞിരുന്നു. ഗാന്ധിജിയെസംബന്ധിക്കുന്ന വിവരങ്ങളടങ്ങിയ പുസ്തകങ്ങൾ കിട്ടാവുന്നത്രയും തേടിപ്പിടിച്ചു വായിക്കുന്നതിൽ അദ്ദേഹം വ്യാപൃതനായി.

1941ൽ കിംഗ് അററ്ലാൻറാ സർവ്വകലാശാലയുടെ കീഴിലുള്ള ബുക്കർടീ വാഷിങ്ടൺ ഹൈസ്കൂളിൽ ചേർന്നു പഠനം തുടർന്നു. അദ്ദേഹം ആ കാലത്തുതന്നെ പ്രസംഗകലയിൽ അദ്വിതീയനായിരുന്നു. പല യോഗങ്ങളിലും പ്രസംഗിച്ചു അദ്ദേഹം സമ്മാനം കരസ്ഥമാക്കി. അദ്ദേഹം പുറമെനിന്നു തേടിപ്പിടിക്കാവുന്നത്ര പ്ലേറേറാ, അരിസ്റ്റോട്ടിൽ റൂസ്സോ, ലോക്ക്, ഹെഗൽ തുടങ്ങിയ തത്വചിന്തകരുടെ പുസ്തകങ്ങൾ ശ്രദ്ധയോടെ വായിച്ചു. ഇതിനിടയിൽത്തന്നെ അദ്ദേഹം സാമൂഹ്യശാസ്ത്രം ഐഛികവിഷയമായെടുത്തു ബിരുദം സമ്പാദിച്ചിരുന്നു. ബിരുദസമ്പാദനാനന്തരം അദ്ദേഹം ചെസ്റ്ററിലെ 'ക്രോഡർ തിയോളജിക്കൽ സെമിനാരി'യിൽ ചേർന്നു.

ഗാന്ധിജിയുടെ വ്യക്തിപ്രഭാവവും സമർത്ഥരീതികളും കിംഗിനെ കൂടുതൽ കൂടുതൽ ആകാംക്ഷാഭരിതനാക്കിത്തീർത്തുകൊണ്ടിരുന്നു. അദ്ദേഹത്തെ അഹിംസാസമരം വളരെയേറെ ആകർഷിച്ചിരുന്നു. കിംഗ് ഒരിക്കൽ പറഞ്ഞതു ശ്രദ്ധിക്കുക, "അക്രമരഹിതമായ എതിർപ്പിനെപ്പററി ഞാനാദ്യം മനസ്സിലാക്കിയതു ക്രിസ്തുവിൻെറ വാക്കുകളിൽ നിന്നും ബൈബിളിൽ നിന്നുമാണ്. എന്നാൽ അതു പ്രവൃത്തിപഥത്തിലാക്കുവാനുള്ള വഴികൾ എനിക്കു കാണിച്ചുതന്നതു ഗാന്ധിജിയാണ്" കിംഗ് അവലംബിച്ച സമരരീതിയും അക്രമരഹിത-അഹിംസാസമരമായിരുന്നു. അദ്ദേഹം അതു പഠിച്ചതു ഗാന്ധിജിയിൽനിന്നായിരുന്നു വെന്നു മുൻ പറഞ്ഞ വാക്കുകൾ വ്യക്തമാക്കുന്നു.

മാർട്ടിൻ ലൂതർകിംഗ് 1958ൽ കൊറെററാകിംഗിനെ ജീവിതസഖിയായി സ്വീകരിച്ചു. എന്തും സഹിക്കാൻ തയ്യാറുള്ള ഒരു സ്ത്രീയായിരുന്നു അവർ. അവരുടെ വിവാഹം പ്രണയവിവാഹമായിരുന്നു. ഏററവും ക്ഷമയും, കിംഗിൻെറ ഭാര്യയാകാനുള്ള സകല യോഗ്യതകളും ഒത്തിണങ്ങിയിരുന്ന ഒരുസ്ത്രീയായിരുന്നു കൊറെററാകിംഗ്. അവരുടെ ദാമ്പത്യ ജീവിതത്തിൽ നാലു കുഞ്ഞുങ്ങൾ ജനിച്ചു. അപകടം പതിയിരിക്കുന്ന സാഹചര്യത്തിലാണവർ വളർന്നത് കിംഗിൻെറ വസതിക്കുനേരെ അസംഖ്യംതവണ ബോംബേറുകൾ നടന്നിട്ടുണ്ട്. ഒരിക്കൽ കൊറെററാകിംഗ് കൂട്ടുകാരിയുമൊന്നിച്ചു സ്വീകര

ണമുറിയിലിരുന്നു സംസാരിക്കുകയായിരുന്നു. മുൻവശത്തു് ഒരു ഇഷ്ടിക വന്നു വീഴുന്നതുപോലെയുള്ള ഒരു ശബ്ദംകേട്ടു് സംസാരത്തിനു വിഘ്നം വരാതിരിക്കാൻ അവർ കൂട്ടുകാരിയുമൊന്നിച്ചു അകത്തെ മുറിയിലേക്കുപോയി. പൊടുന്നനവെ വരാന്തയിൽ ഒരു ബോംബു വന്നു വീണുപൊട്ടി. വരാന്തയും സ്വീകരണമുറിയും പാടെ തകന്നു. അവർ അപ്പോൾ സ്വീകരണമുറിയിലോ വരാന്തയിലോ ആയിരുന്നെങ്കിൽ തീർച്ചയായും കൊല്ലപ്പെട്ടുമായിരുന്നു. നീഗ്രോകൾ ഓടിക്കൂടി. അവരിൽ നിന്നു വെറുപ്പു കലന്ന സ്വരങ്ങൾകേൾക്കാനുണ്ടായിരുന്നു. അപ്പോഴേക്കും പോലീസ്കമ്മീഷണരും എത്തി. അവരെ കണ്ട കറുത്ത വർഗ്ഗക്കാർ ആക്രമാസക്തരായി ചുറുചുറുക്കോടെ മുന്നോട്ടുനീങ്ങി കാര്യം പിശകാണെന്നു കണ്ട കമ്മീഷണർ ജനക്കൂട്ടത്തെ പറഞ്ഞു ശാന്തമാക്കുവാൻ ഡോ. കിംഗിനോടപേക്ഷിച്ചു. അദ്ദേഹം തകന്നു നിലംപരിശായി കിടന്നിരുന്ന ആ വരാന്തയിൽ കയറിനിന്നുകൊണ്ടു ജനങ്ങളോടു ശാന്തത പാലിക്കുവാൻ അഭ്യർത്ഥിച്ചു! കിംഗിന്റെ ക്ഷമയെപ്പററി മനസ്സിലാക്കാൻ ഈ ഒരു സംഭവം മാത്രംമതി. ഇതുകൊണ്ടുതന്നെ ആ ദമ്പതികളുടെ സഹനശക്തി നമുക്കു് ഊഹിക്കുവാൻ കഴിയും.

ഈ പറഞ്ഞ കാലമാകുമ്പോഴേക്കും കിംഗ് അമേരിക്കൻ നീഗ്രോകളുടെ അനിഷേധ്യനേതാവായി കഴിഞ്ഞിരുന്നു. അദ്ദേഹം നീതി ലഭിക്കാൻവേണ്ടി നീഗ്രോകളെ സംഘടിപ്പിച്ചു് അസംഖ്യംതവണ സമരത്തിൽ ഏർപ്പെട്ടു. അദ്ദേഹം വെള്ളക്കാരന്റെ ഏകാധിപത്യമനോഭാവത്തെയും, അവർ കറുത്തവരോടു കാണിക്കുന്ന വിവേചനത്തെയും ശക്തിയായി എതിർത്തുവന്നു. അദ്ദേഹം ഗാന്ധിയുടെ ഉന്നതാദർശങ്ങൾ ജനങ്ങളുടെ മുൻപിൽവച്ചു. ഗാന്ധിയൻ ആദർശങ്ങളിലടിയുറച്ചുവിശ്വസിച്ചു, ഗാന്ധിയുടെ പാദരേണുക്കൾ പിൻതുടന്നുകൊണ്ടു നീഗ്രോകളെ വെളിച്ചത്തിലേക്കു നയിച്ച കിംഗിന്റെ പ്രവത്തനങ്ങൾ ആശാവഹമായ ഫലങ്ങളുളവാക്കി. സഹനസമരത്തെ തീപ്പൊരിയാക്കിക്കൊണ്ടു് അവ വെള്ളക്കാരന്റെ നേരെ തന്നെ അദ്ദേഹം വച്ചുകാച്ചി. അമേരിക്കൻ നീഗ്രോകളെ ഒരണിയിലണിനിരത്തുകയെന്ന പ്രവത്തനലക്ഷ്യത്തിൽ ഡോ. കിംഗ് തികച്ചും വിജയിച്ചു.

ഒരു പ്രാവശ്യം ജയിൽ ചാടിയ ജയിംസ് എൾറേ എന്ന ഒരു മനുഷ്യനാണു് കിംഗിനെ വധിച്ചതെന്നു പറയപ്പെടുന്നു. ഡോ. കിംഗിന്റെ മരണശേഷം അറുപത്തിയഞ്ചാം ദിവസം പിടിക്കപ്പെട്ടു. റേയല്ലാ കിംഗിനെ വധിച്ചതെന്നും, യഥാത്ഥ കററവാളികൾ തന്ത്രപൂർവ്വം രക്ഷപ്പെട്ടുവെന്നും ചിലർ പറയുന്നു. യഥാത്ഥ കററവാളികൾ ആരെന്നു കാണിക്കുന്ന വസ്തുതകൾ തന്റെ കൈവശമുണ്ടെന്നു കിംഗിന്റെ അനുയായികളിലൊരാളായ ആൻഡ്രൂയങ്ങ് പരസ്യമായി പ്രസ്താവിച്ചു. എന്നാൽ ദൗർഭാഗ്യകരമെന്നു പറയട്ടെ, അദ്ദേഹത്തിന്റെ ഭാഗം തെളിയിക്കാൻ അദ്ദേഹത്തിനവസരം നിഷേധിക്കപ്പെട്ടു. താൻ ആദ്യം കൊടുത്ത മൊഴി ശരിയല്ലെന്നും, അതുതന്നെ പ്രേരിപ്പിച്ചു കൊടുപ്പിച്ചതാണെന്നും, ഇനിയൊരവസരം കൂടി കിട്ടിയാൽ ഞെട്ടിക്കുന്ന പല പരമാത്ഥങ്ങളും തനിക്കു് പറയാനുണ്ടെന്നും റേ വെളിപ്പെടുത്തി. പരമാത്ഥം എന്തുതന്നെയായാലും കിംഗ് വധിക്കപ്പെട്ടുവെന്നുള്ളതു സത്യംതന്നെ. എന്നാൽ ജനഹൃദയങ്ങളിൽ അദ്ദേഹം ജീവിക്കുന്നു. ജയിംസ് എൾറേയ്ക്കു് കോടതി വിധിച്ചതു തൊണ്ണൂററിയൊമ്പതുവഷത്തെ തടവുശിക്ഷയാണു്.

ഡോ. കിംഗിന്റെ വേർപാടു് അമേരിക്കൻ നീഗ്രോകളെ ദുഃഖസാഗരത്തിലാറാടിച്ചു. ഇന്ത്യക്കു് ഗാന്ധിജിയുടെ വേർപാടെന്നപോലെതന്നെ അവർക്കു് അതു് അസ

മായിരുന്നു. ഗാന്ധിയെപ്പോലെ
സഹനസമരത്തിലടിയുറച്ച മുന്നോ
ദി. ഗാന്ധിയെപ്പോലെ കിംഗിനും
ർ നാലായിരുന്നു. കൊററാകിംഗ്
ർബാഗാന്ധിയെപ്പോലെ തന്നെ
ശക്തിയുള്ളവരായിരുന്നു, ഒടുവിൽ
ിയെപ്പോലെതന്നെ കിംഗും വെടി
രിച്ചു. എന്നാൽ കിംഗിനു വളരെ
തതന്നെ മരിക്കേണ്ടി വന്നു. കേവ
ങ്ങിയ മുപ്പത്തിയൊമ്പതു വർഷങ്ങ
ീവിതത്തിനുള്ളിൽ ഇത്രയും ജനങ്ങ
ാതാവായിത്തീർന്ന കാര്യംകൊണ്ടുമാ
ക്ക കിംഗിന്റെ കഴിവ് ഊഹിക്കാം.
തന്നെ പറഞ്ഞാലും, കിംഗിന്റെ

ഘാതകരാരായിരുന്നാലും അവക്കു തെററു
പററിയിരിക്കുന്നു. കിംഗിനെ കശാപ്പുചെയ്തു
വീണ്ടും നീഗ്രോകളെ അടിമകളാക്കി പണി
യെടുപ്പിച്ചു തന്റെ പണസ്സഞ്ചി വീർപ്പിക്കാ
മെന്ന വെള്ളക്കാരന്റെ മോഹം വെറും വ്യാ
മോഹമായി മാത്രമവശേഷിക്കും. വിസ്സികളു
ടെ സ്വർഗ്ഗത്തിൽ ജീവിക്കുന്ന ഹൃദയമില്ലാ
ത്ത അവർ ഒരു കാര്യം ഓർത്താൽ നന്ന്. ക
റുത്തവർ ഉണർന്നു കഴിഞ്ഞു. ഇനിയും കറുത്ത
വരെ അടക്കിഭരിക്കാമെന്നവർ മോഹിച്ചിട്ടും
കാര്യമില്ല. അതിമോഹിയായ വെള്ളക്കാര
ന്റെ അതിക്രമങ്ങൾക്കു കറുത്തവരുടെ നാട്ടി
ലിനി സ്ഥാനമില്ല.

# നായ

വി. ജി. വിജയകുമാർ
I B.A.

നഗരത്തിന്റെ തലയ്ക്കൽ
മറ്റൊരു നഗരത്തിന്റെ തുടക്കം,
അവിടെ
പൊങ്ങിയുയർന്നു പടർന്നു കിടക്കും
ഫൈവ്സ്റ്റാർ ഹോട്ടൽ മുറിയുടെ
ജനലിൻ കർട്ടൻ മാറ്റി;
താഴത്തെച്ചിൽക്കുഴിയിലെ
ബഹളം നോക്കിയിരുന്നു 'ബോയി'
തമ്മിൽ കടിപിടികൂട്ടി,
കൂട്ടാളിക്കൊരു പകയും മുറിവ്
കൊടുത്തും,
ആ ചിന്തയിൽ ലഹരിപിടിച്ചും,
കൂടെത്തന്നെ നിൽക്കും
ഒട്ടിയവയറിൽ, കത്തും കണ്ണിൽ
മിന്നുമിരുക്കാലൻ നായയൊന്നിനെ നോക്കി-
മുരണ്ടും,
സ്വന്തം സാമ്രാജ്യത്തിൽ
വീഴും മുത്തുകൾ
—എച്ചിൽപ്പാത്രം—
സ്വപ്നം കണ്ടും വാഴുന്നുണ്ടൊരു
മുറിവാലൻ നായവിടെ!
പീളകുമിഞ്ഞുകിടക്കും കണ്ണിൽ
കാണുന്നു തൻ പ്രതിരൂപം!
'കാളിങ്ങ്ബെല്ലും'
പാർത്തുകിടക്കും മറ്റൊരു നായുടെ രൂപം!

# നീ

റസാക്ക് എം. പയ്യോളി.
IP.D.C

“അന്ധകടാഹ മടിച്ചുതകർത്തലറിപ്പായു-
മൊരുച്ചണ്ഡാനിലസീൽക്കാരത്തിൽ
അംബരമാറു പിളർന്നു വരുന്നൊരു
തീമലചിന്തും ശോണച്ഛവിയിൽ
ഇന്ദ്രിയമഞ്ചു മരുത്തുയിറിച്ച
നിനക്കൊരു ജീവൻനൽകി,
നിന്നെയെടുത്തെന്നുള്ളിലിരുത്തി,
—എന്നുയിരിന്നുയിരായ്.
മംഗളചരണം പാടിപ്പാടി-
പ്പള്ളിയുണർത്താൻ മോഹി-
ച്ചപ്പോഴറിഞ്ഞീടുന്നേൻ ഞാനും
വെറുമൊരു ശിലയാണല്ലോ!”

# നിളയോട്

—ബക്കർ ടി. കുമ്പിടി

പുണ്യനിളേ, പ്രിയമാതേ
നിന്നിലേക്കു വരുന്നു ഞാൻ
നിന്നെ നോക്കാതെ നിന്നെയറിയാതെ
നിൻെറ വാത്സല്യകരലാളനത്തെ
തട്ടിത്തെറിപ്പിച്ചകന്നു നിന്ന-
പുത്രനമ്മേ, വരുന്നു.

ചോദിപ്പൂ മാപ്പു ഞാനമ്മേ
ഖേദിപ്പൂ, നീയന്ത്യനാളിൽ
അന്നു ഞാനറിഞ്ഞീല
നിന്നന്തരാത്മാവിൻ വേദന;
അന്നു ഞാൻ കേട്ടില്ല
നിന്നന്തരംഗ രോദനം.

നഗരനിഗൂഢതയാം നീരാളി—
പ്പിടുത്തങ്ങളിൽ നിന്നും
രാഷ്ട്രീയ കാപാലികർ തൻ ക്രൂര
ദംഷ്ട്രങ്ങളിൽ നിന്നും
കൊതിക്കുന്നു മോചനം ഞാ—
നതിന്നായി വരുന്നമ്മേ.

മുഖംമൂടിയില്ലാതെ നിന്നെ
മുഖത്തോടുമുഖം കാണുവാൻ
അന്നുഞാൻ മെതിച്ചനിൻ
പഞ്ചാരമണലിൽ കളിക്കുവാൻ
അന്നു ഞാൻ പുച്ഛിച്ച
നിന്തെളിനീർ കുടിക്കുവാൻ
നീയൂട്ടും വാത്സല്യത്തി-
നമൃതം നുകർന്നീടുവാൻ
ഒടുവിൽ, നിന്നപരാതയി-
ലൊടുങ്ങുവാൻ വരുന്നമ്മേ.

സ്വീകരിയ്ക്കൂ! നിളാ മാതേ
സ്വീകരിപ്പവളല്ലൊ നീ.

# നിമിഷ സ്വപ്നങ്ങൾ

—അനിതാ പാലാക്കര.

നൊമ്പരത്തിൻെറ കനത്ത പാട വീണ് കറുത്തുപോയ മനസ്സിൻെറ, അഗാധതയിലെവിടേയോ ഒരിക്കലും പ്രതീക്ഷിച്ചിട്ടില്ലാത്ത ഒരു കിരണം— ആശയുടെ ഒരു കൊച്ചുകണിക?.

—എന്തേ അങ്ങിനെ വരാൻ?

ആഷാഢമാസത്തിൻെറ മടങ്ങിപ്പോക്കിൽ താരും, തളിരും കൊഴിഞ്ഞ് മുള്ളു മാത്രമായ ഒരു മരം പോലെ മുരടിച്ചു കഴിഞ്ഞ മനസ്സിൽ, വീണ്ടുമൊരു വസന്തത്തിൻെറ അങ്കുരമോ?

......ഒരുമോഹം...ഒരു ദാഹം...വിന്ദ്രൂ......തന്ത്രികൾ ഒന്നൊന്നായി പൊട്ടിയ വീണയിൽ പുതിയൊരു രാഗം ഉതിർക്കാൻ ശ്രമിക്കുന്ന പാട്ടുകാരാ...

ചഞ്ചലനിമിഷങ്ങളുടെ സങ്കല്പത്തിൽ, ഒരു സാമ്രാജ്യം മുഴുവൻ നഷ്ടപ്പെട്ട ഇവളിൽ നീ നിൻെറ സ്വപ്നങ്ങളിലെ കളിത്തോഴിയെ കാണുകയോ?

—നിൻെറ സങ്കല്പങ്ങളിലെ, അവ നൽകിയ അനുഭൂതികളിലെ നായിക ഞാനായിരുന്നു! ഉറക്കം വരാത്ത നിശീഥങ്ങളിൽ നിന്നിലുണർന്ന ചിന്തകളിലെ കൂട്ടുകാരി ഞാൻ മാത്രമായിരുന്നു!!

അല്ലെങ്കിൽ, നീ കുറിച്ച ഈ വരികൾ— '—നിൻെറ സാന്നിദ്ധ്യം എൻെറ പകലുകളെ സുരഭിലമാക്കുന്നു നിന്നെക്കുറിച്ചുള്ള സ്വപ്നങ്ങൾ എൻെറ രാത്രികളേയും—'

പക്ഷേ, വിന്ദ്രൂ...നീ അറിയുന്നോ, ഒരിക്കലും കൂട്ടിമുട്ടാത്ത രണ്ടു നേർവരകളാണ് നമ്മൾ— ആകാശവും ഭൂമിയും പോലെ ഒരിക്കലും ഒരുമിക്കാൻ കഴിയാത്തവർ!

അല്ലെങ്കിൽ,

ആയിരമായിരം ശുഭപ്രതീക്ഷകൾ പരിശുദ്ധിയേകിയ തൂവെള്ളച്ചിറകുകളുമായി ഭാവിലേക്ക് കുതിക്കാനിരിക്കുന്ന നീയും, പറക്കമുറ്റുന്നതിനു മുമ്പുതന്നെ നഷ്ടപ്പെട്ടുപോയ ചിറകുകളെയോർത്ത് കേഴുന്ന ഞാനും—!

—കരിഞ്ഞുപോയ എണ്ണമററ മോഹങ്ങളുടെ എവിടെയോ നഷ്ടപ്പെട്ട വേരുകളും തേടി ഈ വഴിയമ്പലത്തിലെത്തിയ പഥിക—അതായിരുന്നല്ലോ ഞാൻ—

—ഒരിക്കലും കണ്ടെത്താനാവാത്ത വേരുകൾ—ഒരു ജന്മത്തിൻെറ വസന്തവും പേറി അവ എവിടെയോ മറഞ്ഞു കിടന്നു—ഒരിക്കലും പിടിതരാതെ—

പക്ഷേ, ഞാനോർക്കുന്നു വിന്ദ്രൂ—

—ഒരു കണ്ടെത്തലിൻെറ മാധുര്യത്തിനുവേണ്ടി കൊതിച്ച്, പിന്നെ, യാഥാർത്ഥ്യത്തിൻെറ കയ്പ്നീർ കണ്ട്, തളർന്നപ്പോൾ ആശ്വാസം പകർന്നു തരാൻ എന്നും നീ മാത്രം വന്നു. എൻെറ സ്വപ്നങ്ങളെക്കുറിച്ച്, നഷ്ടപ്പെട്ട വസന്തങ്ങളെക്കുറിച്ച്

കേൾക്കവേ നിന്റെ കണ്ണുകൾ സജലങ്ങളായി—മൗനമെന്നും വാചാലമായി.

ഒടുവിൽ—നിരാശയുടെ അന്ത്യയാമങ്ങളിൽ വെള്ളത്ത കടലാസിൽ നീ പകർത്തിയ കവിതകൾ എന്നെക്കുറിച്ച്, എന്റെ നൊമ്പരങ്ങളെക്കുറിച്ച് മാത്രമായി.

ഹൃദയത്തിന്റെ തന്ത്രികളിൽ വേദനയുടെ ഉറവ പൊട്ടിഒലിച്ചിറങ്ങിയപ്പോൾ, കണ്ണുകളിൽ ഒരു നഷ്ടസ്വർഗ്ഗത്തിന്റെ നൊമ്പരവുമായി നിന്ന, നിന്റെ നായിക ഞാനായിരുന്നല്ലോ.

പിന്നെ, കതിർമണ്ഡപം കനവുകളിൽ കടന്നു വന്ന നാളുകളിലൊന്നിൽ, നിനച്ചിരിക്കാതെ വിധി തട്ടിയെടുത്ത തന്റെ കളിത്തോഴനുവേണ്ടി നിറകണ്ണുകളോടെ പ്രാർത്ഥിച്ച ആ ഹതഭാഗ്യയും ഞാൻ തന്നെയായിരുന്നല്ലോ—

എന്നിട്ടും വിണ്ടു......

സ്വപ്നങ്ങളുടെ മരുപ്പറമ്പിൽ മറവിയെന്ന അപ്രാപ്യതയെ തേടുന്ന ഇവൾക്കായി നീ കാത്തിരിക്കുന്നെന്നോ?

......എന്റെ കുട്ടീ...എനിക്ക് നിന്നെ മനസ്സിലാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ ......

# നോ വേക്കൻസി

കെ. അബ്ദുൾ ഹമീദ് I B. Sc.

പുത്തൻ പ്രതീക്ഷകളുമായി മുന്നേറുന്ന സമൂഹമേ! നിൽക്കു !! ശ്രദ്ധിക്കു !!

നിങ്ങൾക്കെന്നോട് വെറുപ്പാണ്; എന്റെ വിയർപ്പിന്റെ ഗന്ധം അസഹ്യമാണ്; എന്റെ സാമീപ്യം ദുഷ്ക്കരമാണ് എന്നാൽ എന്റേതായ ഒരു കഥ എനിയ്ക്കുമുണ്ട്. അതു് എന്റേതു മാത്രമല്ല. ആയിരമായിരം അഭ്യസ്തവിദ്യരുടെ കഥയാണത്.

അതെ! കേൾക്കു;

നിങ്ങൾക്ക് കേൾക്കാൻ താല്പര്യം ഉണ്ടായിരിക്കില്ല, എങ്കിലും ഞാൻ പറയും തീരുവോളം പറയും. ഭാരതത്തിന്റെ വടക്ക് ഹിമാലയത്തിന്റെ താഴ്വരയിൽനിന്നു വിളിച്ചു പറയും. അവ വൃക്ഷശിഖരങ്ങളിൽ തട്ടി പ്രതിദ്ധ്വനിക്കട്ടെ!!

സരോവരത്തിലെ തിരമാലകൾ അത് ഏററു പറയട്ടെ ലോകം കേൾക്കട്ടെ.

എന്നാലും ഇവിടത്തെ അധികാരിവർഗ്ഗം അത് കേൾക്കില്ല?

ഞാനാരംഭിക്കാം; അടക്കം ചിട്ടയുമില്ലാതെ; പൂർണ്ണവിരാമമില്ലാതെ; അർദ്ധവിരാമമില്ലാതെ:

അതെ; ഞാനായിരം പ്രതീക്ഷകളുടെ സമാഹാരമായിരുന്നു. ആയിരം വാഗ്ദാനങ്ങളുടെ ഉറവിടമായിരുന്നു. ആയിരം സങ്കല്പങ്ങളുടെ കുമ്പാരമായിരുന്നു.

ഞാനൊരു കോളേജ് വിദ്യാർത്ഥിയായിരുന്ന കാലം; തേങ്ങലുകൾ ചെറുപുഞ്ചിരിയാക്കി പൊട്ടിക്കരച്ചിൽ പൊട്ടിച്ചിരിയാക്കി ഞാൻ പഠിച്ച കാലം. തിയറികൾ, പ്രോബ്ലങ്ങൾ, നവയുഗശില്പികളുടെ ചരിത്രങ്ങൾ, ഇവ ഞാൻ പഠിച്ചു. ഞാൻ ഊററം കൊണ്ടു. പരീക്ഷണശാലയിൽ രാസവസ്തുക്കളുമായി മല്ലടിച്ചു എന്റെ വിലയേറിയ എത്രസമയം തുലച്ചു.

അങ്ങനെ ഞാനൊരു ബിരുദധാരിയായി. ജീവിതത്തിലെ വിലയേറിയ പതിനഞ്ചുവർഷത്തെ അദ്ധ്വാനത്തിനുള്ള അംഗീകാരം ഒരു പ്രമാണപത്രിക അത് ഞാൻ സസന്തോഷം കൈപ്പററി. ആയിരം പ്രതീക്ഷകളുമായി..............

ആ പത്രികയുമായി ഞാനെന്റെ ജനനിയുടെ അടുത്തെത്തി. കുഴിഞ്ഞ കണ്ണുകൾ പ്രകാശഗോളങ്ങളായി, തന്റെ മകന്റെ വിജയവാർത്ത കേട്ട് ആ വൃദ്ധമാതാവ് ഉള്ളുതുറന്ന് ആനന്ദിച്ചു. വൃദ്ധനായ അച്ഛൻ പ്രശംസയുമായെത്തി.

പ്രത്യാശയുടെയും ആകാംക്ഷയുടെയും നാമ്പുകൾ ആ വൃദ്ധഹൃദയങ്ങളിൽ കുമ്പി. അവ പൂവണിയുവാൻ ഒരു പുതിയ ജീവിതത്തിനു വേണ്ടി ഞാൻ ദാഹിച്ചു. എന്നാൽ വിധി എനിക്കെതിരായിരുന്നു.

ഒരുജോലിക്ക് വേണ്ടി ഞാൻ അലഞ്ഞു തിരിഞ്ഞു.

അപേക്ഷകളും ഇൻറർവ്യൂകളും മുറക്ക് നടന്നു—അതിനുവേണ്ടി ചിലവഴിച്ച പണമുണ്ടായിരുന്നെങ്കിൽ......... ഞാനാശിച്ചുപോയിട്ടുണ്ട്—എന്നാൽ എൻെറ മാർഗ്ഗങ്ങൾ ബന്ധിക്കപ്പെട്ടിരുന്നു.

'No Vacancy' ഈ വാക്കുകൾ കേട്ട് എനിക്ക് മടുത്തു. എവിടെയും സ്വാധീനം, റെകമെൻറേഷൻ, കൈക്കൂലി......യോഗ്യതകൾ പ്രശ്നമേ അല്ല.

അങ്ങനെ നടന്നു് നടന്നു് എൻെറ പാദങ്ങൾ തളർന്നു. പാദത്തിനടിയിലെ ചർമ്മം ഉരിഞ്ഞു പോയി. എൻെറ പാദങ്ങൾ പരാജയം സമ്മതിക്കാൻ തുടങ്ങുകയായിരുന്നു. എന്നിട്ടും എൻെറ ഹൃദയം പ്രത്യാശയുടെ പൊൻകതിരുകളുമായി മുന്നോട്ടു നീങ്ങി.

അവസാനം ഞാനീ ബസ്സ്സ്റ്റാൻറിൻെറ മൂലയിൽ തളർന്നിരുന്നപ്പോൾ ഒരുകരം എൻെറ ശരീരത്തിൽ സ്പർശിച്ചു. അത് പരുപരുത്തതായിരുന്നു.

"എഴുന്നേൽക്കൂ? നിങ്ങൾ വളരെ ക്ഷീണിതനാണല്ലോ?" മാസങ്ങൾക്ക് ശേഷം കരുണയോടെയുള്ള ഒരു വാക്യം ഞാൻ ശ്രവിച്ചു. അദ്ദേഹത്തിൻെറ ഗന്ധം —അദ്ധ്വാനത്തിൻെറ ഗന്ധം— ആദ്യമായി ഞാനറിഞ്ഞു. ഉരുക്കുമുഷ്ടികൾപോലെയുള്ള പേശികൾ എനിക്ക് കരുത്തേകി. അത് എൻെറ മാർഗ്ഗത്തിൽ പുതിയ ഒരു പാത വെട്ടിത്തുറക്കുകയായിരുന്നു. പുതിയ പ്രകാശസ്രോതസ്സ് വെളിച്ചം പകരുകയായിരുന്നു.

I. A. S. കാരനായിരുന്നില്ല. നാട്ടിലെ ഭരണാധികാരിയായിരുന്നില്ല. ബസ്സ്സ്റ്റാൻറിലെ ചുമട്ടുതൊഴിലാളിയായിരുന്നു.

ഇൻറർവ്യൂ, റെകമെൻറേഷൻ, കൈക്കൂലി, ഇതൊന്നും ഇവിടെ ആവശ്യമില്ലായിരുന്നു. നല്ല ബലമുള്ള കൈകൾ ആരോഗ്യമുള്ള ശരീരം. ഏതു ജോലിയും ചെയ്യാനുള്ള മനക്കരുത്ത് ഇതാണ് ഇവിടെ വേണ്ട മൂലധനം. ബിരുദമോ ഡിപ്ലോമയോ വേണ്ടായിരുന്നു. അങ്ങിനെ ഞാനൊരു ചുമട്ടുകാരനായി. 15വർഷത്തെ എൻെറ അദ്ധ്വാനഫലം...വെറുമൊരു കടലാസ്...—നിർമ്മാല്യ കർമ്മണാശ്രീ—എന്നെഴുതിയ പ്രമാണപത്രിക ഞാൻ അഗ്നിക്കിരയാക്കി.

ആ തീനാളത്തിനു ചുററും ഞാൻ പ്രതികാരനൃത്തമാടി. ആ ഭസ്മമെടുത്തു ഞാൻ പൊട്ടുതൊട്ടു. അപ്പോൾ എനിക്ക് പുതിയൊരുൾക്കരുത്തുണ്ടായി.

"ഇതാ ആ കെട്ടൊന്നു് ബസ്സിലേക്ക് കയററൂ" ഒരു യാത്രക്കാരൻെറ ആജ്ഞ എനിക്ക് പരിസരബോധമുണ്ടാക്കി. ഞാൻ എൻെറ പന്ഥാവിലൂടെ വീണ്ടും മുന്നോട്ട് സഞ്ചരിച്ചു.

# ഋതുഭേദങ്ങൾ

എം. പി. വിജയകുമാർ
III B. Sc. Chemistry.

അയാൾ നിറഞ്ഞൊരുന്മേഷത്തിൽ പോകാനിറങ്ങിപ്പുറപ്പെട്ടതായിരുന്നു. അപ്പോഴാണ് അവളുടെ ഈ ശാഠ്യം. അതയാളിൽ അസ്വസ്ഥതയായി, ഒരങ്കലാപ്പായി നിറഞ്ഞുപൊങ്ങി.

ഇപ്പോൾതന്നെ തിരിച്ചുവരുന്നതാണെന്നും, പോരെങ്കിൽ ചളികെട്ടിയ കന്നിപ്പാടമാണെന്നും, വയൽവരമ്പാകെ ചളിപിളിയായിരിക്കുമെന്നും അയാളൊരുപാട് പറഞ്ഞുനോക്കി. എന്തൊക്കെതന്നെയായാലും അവൾക്കും പോയേ തീരൂ. ഒരനുവാദത്തിനായി അവൾ കാത്തുനിന്നു; പിണങ്ങിനിന്നു.

ഒരു കനത്ത മഴക്കുശേഷം പൊരിവെയിൽ ദൂരെ കുന്നിനു പുതിയൊരു പരിവേഷം നൽകി. പൊൻവെയിലിൽ തുമ്പികൾ മുങ്ങാംകുളിയിട്ടു, അയാളുടെ ബോധമണ്ഡലത്തിലെ അസ്വസ്ഥതകളുടെ പുകപടലങ്ങളിൽ അവൾ മറയാത്ത ഛവിയായി പാറാം ചിറകു വിടർത്തി. നീരസത്തിന്റെ വിയർപ്പുകണങ്ങൾ അയാളുടെ നെററിത്തടത്തിൽ പൊടിച്ചുനിന്നു.

നഗരത്തിന്റെ വർണ്ണക്കണ്ണാടിക്കൂട്ടിൽ വളർന്ന വലുതായ ഈ പരിഷ്കാരിപ്പെണ്ണിനു ഗ്രാമത്തിന്റെ പ്രാകൃതസൗന്ദര്യം രുചിക്കുമോ! എന്നായിരുന്നു അയാളുടെ ആശങ്ക. ഇണങ്ങിച്ചേരാൻ അവൾക്കു കഴിഞ്ഞില്ലെങ്കിൽ, അവളൊരു പരാജയമായിരിക്കും. അയാൾക്കു ദുഃഖം തോന്നി. മുഖത്തേക്കാൾ മുഖംമൂടിക്കാണു വില. മുഖംമൂടികൾ മിനുക്കി ശീലിച്ച ഇവർക്കാർക്കും മുഖം കാണാൻ കഴിഞ്ഞെന്നു വരില്ല.

ചളി പുതഞ്ഞ വരമ്പിൽ അവളുടെ മടമ്പുയർന്ന ചെരുപ്പുകൾ അറച്ചുനിന്നു. പിന്നെ അവളുടെ നനുത്ത പാദങ്ങളെ ആ വരമ്പുകൾ പാപ്പാസ്സണിയിച്ചു. കാലുതെന്നി ഞാററിയിലവളുടെ കണങ്കാലു താഴ്ന്നപ്പോൾ പുതുചേറിന്റെ മണം അവളുടെ മൂക്കിലരിച്ചുകയറി. സമ്പന്നതയുടെ മടിത്തട്ടിൽ പരിഷ്കാരത്തിന്റെ കളിത്തൊട്ടിലിൽ പിറന്നുവീണ ഇവൾ; ഇവൾക്കുണ്ടോ ഞാററിയിലെ അട്ടയും ഞവുഞ്ഞും, തൊടികളിലെ തുമ്പയും കുമ്പയും, മുള്ളും പുഴുവും, ചമ്പതെങ്ങും കവുങ്ങും, നാടൻമാവും കണ്ടു ശീലം. അറപ്പിന്റെ, പിന്നെ വെറുപ്പിന്റെ കണികകളുദിച്ചേക്കാവുന്ന അവളുടെ മുഖത്തേക്ക് അയാൾ ആശങ്കയോടെ നോക്കി. അവൾ അപ്പോഴും മന്ദഹസിക്കുകയായിരുന്നു,

അവളുടെ വിടർന്ന കണ്ണുകളിൽ മൊട്ടിട്ട കൗതുകം അയാളുടെ വ്യാകുലപ്പെടുന്ന മനസ്സിനു തെല്ലൊന്നുമായിരുന്നില്ല കുളിരേകിയതു്. അവളുടെ ചോദ്യങ്ങൾ ഒരു കൊച്ചുകുട്ടിയുടേതുപോലെ കൗതുകകരവുംബാലിശവുമായിരുന്നു. തിരയടിക്കുന്ന ചേറിൽ എരുതിനു പുറകിൽ ഊരള്ളു കൈകൊട്ടുന്നു

സ്കേറ്റിങ്ങ് കളിക്കുന്ന കന്യാസ്ത്രീഗണത്തിൻെറ പാടവം അവളെ ഹഠാദാകർഷിച്ചു.

ഒരിളംതെന്നലോടൊപ്പം ഒരു താരാട്ടായി ദൂരെനിന്നോടിയെത്തിയ ഞാററുപാട്ടിനെക്കുറിച്ച് പോപ്പ്ഗാനങ്ങളേക്കാൾ സുന്ദരമെന്നവൾ കൊഞ്ചിയപ്പോൾ അയാളുടെ ചുണ്ടിൽ ഒരു പുഞ്ചിരി ഊറിനിന്നു. നടീൽ പെണ്ണുങ്ങൾക്കു പുറകിൽ ഞാററുപിടികൾ എറിഞ്ഞു വീഴ്ത്തുന്ന കോരൻ ചൂടിയ തൊപ്പിക്കുട ചൂണ്ടി അതിൻെറ പേരെന്തെന്നും അത്തരമൊന്നു തനിക്കു വാങ്ങിത്തരണമെന്ന് അവൾ കാര്യമായി പറഞ്ഞപ്പോൾ അയാൾക്കു പൊട്ടിച്ചിരിക്കാതെ കഴിഞ്ഞില്ല. അവൾ നാണത്തിൽ പരിഭവിച്ചു മുഖം തിരിച്ചപ്പോൾ ഒന്നു നുള്ളി നോവിക്കുവാനും അയാൾക്കു തോന്നി, വെറുതെ.

അയാളുടെ ചിന്ത ഭൂതത്തിലേക്കിഴഞ്ഞ് തിരഞ്ഞുനോക്കിക്കൊണ്ടിരുന്നു. അന്നത്തെ കാര്യസ്ഥൻ ചോയുണ്ണിയും പൊലിപ്പാട്ടുകാരി ചിരുതയും എവിടെ! വാഴക്കടപ്പനിൽ തേനൂറുന്നതും കാത്തു അണ്ണാനു കാവലിരിക്കുന്ന ശാന്ത! ശാന്ത ഇപ്പോഴും ഓർക്കുന്നുണ്ടാകുമോ? മുത്തശ്ശിക്കു കണ്ണു കാണുമോ? എന്നെ കണ്ടാൽ. ഇവളെ കണ്ടാൽ മുത്തശ്ശി അറിയുമോ ?

എന്നാൽ അവളെ അത്തരമൊരു ചിന്തയും അലട്ടിയില്ല. ചെളിയിൽ പൂത്തുനില്ക്കുന്ന കാക്കാപ്പൂക്കൾ പറിച്ചുകിട്ടുന്നതിനെക്കുറിച്ചും എത്തക്കണ്ടിലെ തെളിഞ്ഞ ജലത്തിൽ മൂകമായി പൊന്തിവന്ന വരാൽമീനിനെക്കുറിച്ചും അവൾ മൊഴിഞ്ഞു. കൈതക്കരലിൽ കൂമ്പിനിന്ന ചാരുപുഷ്പം പറിച്ചുകിട്ടിയപ്പോൾ അവളുടെ മുഖം വിടർന്നു, വെറുതെ മണക്കാൻ മാങ്ങാനാറികളുമേറെ അവൾ ശേഖരിച്ചു,

ആശിക്കാനില്ലാതെ തെക്കും വടക്കും നടന്നു്, ആൽത്തറയിൽ വെടിപറഞ്ഞിരുന്നു്, വായിൽനോക്കി പാട്ടപെട്ടത്തിനീക്കിയ വിരസതയുടെ ദിനങ്ങൾ. ഒരപരാഹ്നത്തിൽ ഒരുകന്നു അമ്മാമ വന്നു. മുത്തശ്ശിയെ കാണാനെത്തിയതായിരുന്നു. ഒരാഴ്ചക്കുള്ളിൽതന്നെ ബോംബെക്കു പോവുകയാണു്. പിച്ചും പേയുമായ മുത്തശ്ശിയെ മൂന്നാംമാളികയുള്ള കാലൻപുരയിൽ തനിച്ചിട്ടുപോകാൻ വിഷമം തോന്നിയില്ല. വാഗ്ദാനങ്ങളൊന്നുമില്ലാതെ, വർത്തമാനത്തിലൂടെ ഭൂതത്തിലേക്കരിച്ചുകയറിയ ഭാവി. ആ ഓർമ്മ അയാളുടെ മനസ്സിനെ തിട്ടക്കംകൂട്ടി. മുത്തശ്ശിയുടെ ഗുരുത്വവും പൊരുത്തവും കിട്ടി. അമ്മാമയുടെ കമ്പനി സ്വപ്നവുംകണ്ടു യാത്രയായി.

നഗരം നിറമേറെയുള്ളതെങ്കിലും ശുഷ്കമാണു്. അവിടെ സാമുദായികമര്യാദകൾക്കോ ബഹുമാനാദരങ്ങൾക്കോ തക്ക സ്ഥാനമില്ല. നഗരം പോററിവളർത്തിയ കുട്ടികളിലും ഇവ തൊട്ടുതീണ്ടിയിരിക്കില്ല. അപ്പോൾ ഇവൾ മുത്തശ്ശിയുടെ അടുത്തും അങ്ങനെയിങ്ങനെ വായാടിത്തം പറഞ്ഞും ചണ്ടിത്തം കാട്ടിയും അവരുടെ പൊരുത്തക്കേടു സമ്പാദിക്കുമോ എന്നയാൾ പിന്നെയും പിന്നെയും വേവലാതിപ്പെട്ടു. നന്നേ ചെറുപ്പത്തിലെന്നോ അവൾ മുത്തശ്ശിയെ കണ്ടിരിക്കുന്നുവത്രെ! അവൾക്കുവേണ്ടി, അയാൾക്കുവേണ്ടി ശാന്തയുടെ കൈപ്പടയിൽ അനുഗ്രഹം നേർന്നു മുത്തശ്ശി.

അയാളെന്നും ആഴക്കടലിൽ പായ്ക്കപ്പലായിരുന്നു. അയാൾക്കെന്നും സ്വപ്നങ്ങൾ അവണ്ണൂരേണുക്കളായിരുന്നു—ശാപമിട്ട യരിവര്യരെ, ശാപമോക്ഷംകൂടി തന്നിട്ടുപോകൂ- ഒരു പോക്കുവെയിൽ സൃഷ്ടിച്ച സ്വച്ഛന്ദതയിൽ അയാൾ സ്വന്തം കിളിമുറിയിൽ വെളിച്ചത്തിനു പകരം ഇരുട്ടിനെ കിനാവു കണ്ടു. അത്തരമൊന്നിലാണു്- ജാലകപ്പഴുതിൽ യാചനയുടെ മുഖം! നിറമില്ലാത്ത, വടിവൊക്കാത്ത കുറേ അക്ഷരങ്ങൾ. പക്ഷെ ആ വാക്കുകൾക്കു ആത്മാർത്ഥതയേറു

മെന്നറിയാം. എന്നിട്ടും!—പക്ഷെ ഞാനെന്തുചെയ്യട്ടെ, എനിക്കു നിന്നെ രക്ഷിക്കാനാവില്ല. മാപ്പുതരൂ. ഒരു നല്ല ചാരമായി കടലാസെരിഞ്ഞപ്പോൾ തൃപ്തിയായി! അവൾക്കു മുഖം കൊടുക്കാൻ പിന്നെ മനസ്സ് വന്നില്ല.

തോട്ടത്തിൽ കമുങ്ങുകൾ പാകിയ തണൽ തണുപ്പിന്റേതായിരുന്നു. പിന്നെ പാമ്പുകളുള്ള ചിത്രകൂടക്കല്ലുകളുടെ, അവക്കു മുകളിൽ പന്തലിട്ട വള്ളിപ്പുററിയ വൻമരങ്ങളുടെ, അന്ധകാരം. പൂപ്പൽ പിടിച്ച മരക്കൊമ്പിൽ മൂങ്ങകൾ ഉരുണ്ട തല തിരിച്ചു. ചില്ലകളിൽ ചിറകു കൊളുത്തിയിട്ട ശീർഷാസനമഭ്യസിക്കുന്ന വവ്വാലുകൾ! അവിടെ വീണുകിടക്കുന്ന ഭംഗിയുള്ള വെള്ളപ്പൂക്കൾക്കു മണമില്ലെന്നവൾ പറഞ്ഞപ്പോൾ, സത്യമായും, അയാൾ അകമേ ഞെട്ടി. അവളുടെ മുഖഭാവം! അവളെ ചികഞ്ഞു കിട്ടിയ അർത്ഥവ്യാപ്തിയിൽ തൃപ്തനായി തെല്ലുത്സാഹത്തോടെ അയാൾ പടവുകൾ വേഗം കയറി.

ഈ പ്രസന്നതയും കുട്ടിക്കളിയും മുത്തശ്ശിയുടെ കൂടുതൽ തളർന്ന ശരീരവും, പീളയടിഞ്ഞ കണ്ണുകളും, പല്ലിടിഞ്ഞ തൊണ്ണുകളും കുന്തംവടിയും കാണുമ്പോൾ അപ്രത്യക്ഷമാവുമല്ലോയെന്നോർത്തപ്പോൾ അയാൾ ഭയന്നു. മറെറാരു സായന്തനംവരെയങ്കിലും തങ്ങളുടെ സൌരഭം കാത്തുസൂക്ഷിക്കാനാവാത്ത സൗന്ദര്യങ്ങളാണിവിടെയെവിടെയും എന്നവൾക്കു മനസ്സിലാവുമോ?

ചരൽ പൊന്തിയ മുററമെല്ലാം അടിച്ചുവാരി വൃത്തിയാക്കിയിരിക്കുന്നു. ശാന്ത ഇനിയും മറെറാരാളുടേതായില്ലെന്നുണ്ടോ? ശാന്ത ഇവളോടു ചേർന്നുനിൽക്കുമ്പോളെങ്ങനെയിരിക്കും? "മുത്തശ്ശീ!"

ചാരിയിട്ടിരുന്ന ഉമ്മറവാതിൽ പതുക്കെ തള്ളിത്തുറന്നയാൾ വിളിച്ചു. വരേണ്ടിയിരുന്നില്ലയെന്നെങ്ങാൻ അവൾക്കു തോന്നിയോ?

അകത്തളങ്ങളിലെവിടെയോ ചൂരൽവടിയിഴഞ്ഞു. പിന്നെ വാതിൽക്കൽ വാർദ്ധക്യത്തിന്റെ മുത്തശ്ശി. അയാളെല്ലാം പ്രതീക്ഷിച്ചു. എന്നാൽ മറെറാരത്ഭുതം കണക്കെ മുത്തശ്ശിയുടെ മൊരിയിളകിയ കാൽതൊട്ടു വന്ദിച്ചു മധുരോദാരമായി ചിരിച്ചു കൈകൂപ്പി നില്ക്കുന്നു അവൾ. പിന്നെ അന്നു സമയത്തിനു മുത്തശ്ശിക്കു കഷായമെത്തിച്ചതും അടുക്കളപ്പണികൾ തകൃതിയിൽ ചെയ്തുതീർത്തതും അവളായിരുന്നു.

ഇടുങ്ങിയ മുറികളുടെ മൂലകളിൽ തളംകെട്ടി ഉറവിക്കിടക്കുന്ന ഇരുട്ട്. ഇടുങ്ങിയ ജാലകക്കള്ളിയിലൂടെ അരിച്ചെത്തുന്ന വെട്ടം. അകമാകെ വിങ്ങൽസൃഷ്ടിക്കുന്ന വിമ്മിഷ്ടം. എന്നിട്ടും അവളെല്ലാം നടന്നുകണ്ടു.

ഒരിക്കൽ ഈ കുടുസ്സുമുറികൾ നാട്ടുവാഴിത്തമ്പ്രാക്കന്മാരുടെ കലവറകളും മണിയറകളും ആയിരുന്നു. നാട്ടുവാഴിത്തമ്പ്രാക്കന്മാർ! അവരുടെ സംബന്ധമെന്ന പുത്ത്! കൂട്ടി കൊടുക്കാൻ കാര്യസ്ഥന്മാർ. ആദ്യമാദ്യം മടിച്ച്, പക്ഷേ, ഭയന്ന് ഇറങ്ങിത്തിരിക്കുന്ന നാട്ടുപെണ്ണുങ്ങൾ. പിന്നെപ്പിന്നെ വേഷ്ടി ചുററി ചൊട്ടികുത്തി കാര്യസ്ഥനില്ലാതെ എഴുന്നള്ളുന്ന വേശ്യകൾ. അവർ അവരുടെ ശരീരത്തിനു പിഴിഞ്ഞെടുത്തു. അവരതിനു മതിയായിരുന്നു അവസാനം....

പഴമയുടെ പ്രതീകമെന്നോണം നാലുകെട്ടും അതടങ്ങുന്നസ്ഥലവും, അതിലഞ്ചാറു ചമ്പരത്തെങ്ങും പിന്നെ നിരുപദ്രവികളായ കുറേ ജീവികളും. ഇവർ, നിരപരാധികൾക്കത്രെ കുരിശും ഭാണ്ഡവും!

നിവർന്നുനിന്നാൽ തലമുട്ടുന്ന മൂന്നാംനില വൃത്തികേടിന്റെയും ഭീതിയുടേയും പ്രതിരൂപമായിരിക്കുന്നു. ആൾപ്പെരുമാററമേററിട്ടു കുറെയായതുകൊണ്ടാവാം അവിടവിടെ

പരക്കംപാച്ചിലുകൾ, ഞാടക്കം പറച്ചിലുകൾ എലി കൊറിച്ചിട്ട വിത്തുകൾ. പണ്ടെന്നത്തേയോ മാൻകൊമ്പ്, പലതിനും ഔഷധമത്രെ. ചിതൽ വാല്മീകം പടുത്തുയർത്തിയ പഴയ കടലാസ്സുകെട്ടുകൾ അവിടവിടെ പോർപ്പാമ്പിന്റെ വളയും അണ്ണാക്കണ്ണന്റെ പൊളിഞ്ഞമാളികയും. ആകപ്പാടെ ഒരു വല്ലായ്മ! അയാളിൽപോലും ഭീതി നുഴഞ്ഞുകേറി. ഒരു കൂട്ടിയാർപ്പു പ്രതീക്ഷിച്ച അയാൾക്കു പാടെ തെററി. അവളുടെ കണ്ണുകൾ വിടർന്നവയായിരുന്നു.

പിന്നെ അന്നുരാത്രി എലികളുടെ പരക്കം പാച്ചിലുകളും പ്രാവുകളുടെ കുറുകലും രാത്രിയുടെ വൈരൂപ്യത്തിൽ മാലിന്യം തേച്ചപ്പോൾ, പേടിയിൽ കുതിർന്ന അസ്വാസ്ഥ്യം അയാളെ വിഴുങ്ങിക്കൊണ്ടിരുന്നപ്പോൾ, പഴകിയിളകിയ അഴിക്കട്ടിലിൽ കിടന്നു അവളയാളുടെ ചെവികളിൽ മന്ത്രിച്ചു:—
“നമുക്കിനിയിവിടെ കഴിയാം.”

അവളുടെ വാർമുടിയിൽ ചൂടിയിരുന്ന മുല്ലപ്പൂക്കൾ ചതഞ്ഞു. അവൾ സുഷുപ്തിയിലാണ്ടു. മാനത്തു കുറേ നക്ഷത്രങ്ങൾ കണ്ണുമിഴിക്കുകയും ചിമ്മുകയും ചെയ്തു. അയാളാകട്ടെ, അപ്പോഴും ഒന്നുറങ്ങാൻപോലും ഭയന്നു ശ്വാസമടക്കിപ്പിടിച്ചു ഉറക്കം നടിച്ചു കിടക്കുകയായിരുന്നു.

# രൂപപരിണാമം

എൻ. കെ.

ഞാൻ അന്നാണ് നഗരത്തിലെത്തിയത്. പഴയ ഒരു നേരിയ ഓർമ്മപോലെ എവിടെയോ കേട്ടുമറന്ന ഒരു സങ്കല്പം മാത്രമേ എനിക്ക് നഗരത്തെപ്പററിയുണ്ടായിരുന്നുള്ളൂ. നഗരത്തിലെത്തിയപ്പോൾ സത്യത്തിൽ ഞാൻ തെല്ലൊന്നമ്പരന്നുപോയി. അവിടെ അസാധാരണമായെന്തോ നടക്കാൻ പോകുന്നുണ്ടെന്ന് എനിക്ക് തോന്നി. റോഡുകളും മററും വൃത്തിയാക്കി ചപ്പുചവറുകൾ നഗരോദ്യാനത്തിനടുത്തു കൊണ്ടുപോയി നിക്ഷേപിക്കുന്ന മനുഷ്യരുടെ ഇടയിലൂടെ ഞാൻ നടന്നു. അകലെയായി ഒരു വലിയ മൈതാനവും അവിടെ കെട്ടിയുയർത്തിയ ഒരു വലിയ പന്തലും എന്റെ ദൃഷ്ടിയിൽ പെട്ടു. ഞാൻ അങ്ങോട്ടു നടക്കാൻ തുടങ്ങി.

ആ സമ്മേളനപ്പന്തൽ വളരെ സുന്ദരമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. ചന്തക്ക് പോയ നായെപ്പോലെ അതിന്റെ പരിസരങ്ങളിൽ ഞാൻ ചുററിനടന്നു. അകത്തു വളരെയധികം നായ്ക്കൾ ഉള്ളതായി എനിക്കു തോന്നി. സർക്കസ്സു വല്ലതുമായിരിക്കും. വീണ്ടും പ്രധാനകവാടത്തിൽ വന്നു, അവിടെ എന്തെല്ലാമോ എഴുതിവെച്ചതു ഞാൻ നോക്കി എല്ലാം സായ്പിന്റെ ഭാഷയിലായിരുന്നു. എനിക്കാണെങ്കിൽ മലയാളമല്ലാതെ ഒരക്ഷരം അറിയില്ല.

ഏതായാലും സമയം കളയാതെ സംഗതി എന്താണെന്നറിയാൻ വേണ്ടി ഞാൻ അവിടെ കണ്ട ഒരാളോട്—ഒരു കാർഡ്രൈവറായിരുന്നു അയാൾ—അവിടെ എന്താണ് നടക്കുന്നത് എന്നാരാഞ്ഞു. അയാൾ എന്നെ അടിമുടി ഒന്നു നോക്കി, വലിച്ചുകൊണ്ടിരുന്ന സിഗരററ് നിലത്തിട്ട് ചവുട്ടി 'രജനി സ്റ്റൈലിൽ അവിടെ എഴുതിവെച്ചിരിക്കുന്നതു ചൂണ്ടിക്കാണിച്ചു. അതു് എനിക്ക് വായിക്കാൻ കഴിയില്ല എന്ന കാര്യം ഞാൻ വളരെ താഴ്മയോടെ അദ്ദേഹത്തെ അറിയിച്ചു. പിന്നീട് "ഈ കൺട്രി"കൾക്കൊക്കെ ഇവിടെയെന്താ കാര്യം" എന്ന മട്ടിൽ അയാൾ അവിടെയൊരു 'ഡോഗ്ഷോ' നടക്കാൻ പോകയാണ് എന്നു എന്നെ മനസ്സിലാക്കി. അതു് പിന്നീട് 'നായപ്രദർശനം' എന്നു എന്റെ ഭാഷയിൽ പറഞ്ഞപ്പോഴേ എനിക്ക് സംഗതി മനസ്സിലായുള്ളൂ.

ഏതായാലും അപ്രതീക്ഷിതമായി ഒരു സാഹചര്യം കിട്ടിയപ്പോൾ ഒന്നു കണ്ടു കളയാമെന്നു എനിക്കു തോന്നി. ഇനി മരിക്കുന്നതിനു് മുമ്പ് ഇതിനു പററിയെന്നു വരില്ല. പക്ഷെ മടിശ്ശീലയുടെ സ്ഥിതി അനുകൂലമല്ലായിരുന്നു. എന്റെ കയ്യിൽ ടിക്കററിനുള്ള പണം വളരെ കൃത്യമായേ ഉണ്ടായിരുന്നുള്ളൂ. പ്രദർശനം കണ്ടാൽപിന്നെ തിരിച്ചുപോകാൻ വിഷമിക്കും. അതാണ് സ്ഥിതി. അതിനാൽ പുറത്തു നിന്നു് തന്നെ അങ്ങോട്ടു വന്നുകൊണ്ടിരിക്കുന്ന പട്ടികളെ കാണാൻ തീർച്ചയാക്കി ഞാൻ ഒരു ഭാഗത്തേക്കു മാറി നിന്നു. അല്പം അകലെയായി വിദ്യാർത്ഥിയാണെന്നു തോന്നിക്കുന്ന ഒരു മനുഷ്യൻ നിന്നിരുന്നു. അയാൾ എന്റെ അടുക്കലേക്ക് വന്നു

അയാളുടെ കണ്ണുകളിൽ പ്രതിഫലിച്ചിരുന്ന പുച്ഛത്തിന്റെ അലകൾ ഞാൻ ശ്രദ്ധിച്ചു.

പ്രദർശനസമയം അടുത്തുകൊണ്ടിരുന്നു. കാറുകളിൽ വലിയ വലിയ പട്ടികളും അവരുടെ സൂക്ഷിപ്പുകാരും വന്നുകൊണ്ടേയിരുന്നു. ശരീരം മുഴുവൻ സുന്ദരമായ തൂവെള്ള രോമങ്ങളുള്ള പട്ടികളും ചെമ്പിച്ചപട്ടികളും, കറുത്ത പട്ടികളും അവയിലുണ്ടായിരുന്നു. അവയുടെ കൂടെയുണ്ടായിരുന്ന നാഗരികമായ വസ്ത്രധാരണം ചെയ്ത ആൾക്കാർ അവിടമാകെ ഒരു ഉത്സവച്ഛായ പരത്തി. ഈ ലോകത്തിൽ സ്വർഗ്ഗീയ സൗന്ദര്യമൊന്നൊന്നുണ്ടെങ്കിൽ അതിവിടെയാണ്, ഇവിടെയാണ്, ഇവിടെയാണ് എന്നു വിളിച്ചുപറഞ്ഞുകൊണ്ട് തെരുവീഥികളിലൂടെ ഓടാൻ അജ്ഞാതമായ ഏതോ ഒരു ശക്തി എന്നെ പ്രചോദിപ്പിക്കുന്നതായി എനിക്ക് തോന്നി. ഞാൻ എന്റെ സുഹൃത്തിന്റെ മുഖത്തേക്ക് നോക്കി. വീണ്ടും ആ നശിച്ച പുച്ഛഭാവം കണ്ടപ്പോൾ എനിക്ക് നിരാശതോന്നി ഞാൻ മുഖം തിരിച്ചു.

അപ്പോഴേക്കും സ്വർഗ്ഗത്തിലെ കട്ടുറുമ്പുകളെപ്പോലെ ആ സന്ദർഭത്തിന്റെ സൗന്ദര്യം നശിപ്പിക്കാൻ അവിടെ രണ്ടുമൂന്നു തെണ്ടികളെത്തി. അങ്ങോട്ടു കടന്നുവരുന്ന കാറുകൾ കവാടത്തിനു മുമ്പിലെത്തി വേഗം കുറക്കുമ്പോൾ അവർ കൈകൾ നീട്ടി അങ്ങോട്ടു ഓടിച്ചെല്ലും. എനിക്ക് അവരുടെ പെരുമാററത്തിൽ അതിയായ ഖേദം തോന്നി. എന്റെ നാട്ടിലെ ജനങ്ങൾ ഇത്ര സംസ്കാരശൂന്യരായി മററുള്ളവരുടെ വഴിമുടക്കുന്നതു് എനിക്ക് സഹിക്കാൻ കഴിയുന്ന ഒന്നായിരുന്നില്ല. ഞാൻ സ്വയംനിയന്ത്രിക്കാൻ ബുദ്ധിമുട്ടി.

പെട്ടെന്നു് അങ്ങോട്ടു ഒരു വലിയ സുന്ദരമായ കാർ ഊളിയിട്ടു വന്നു. ആ വലിയ വിദേശകാറിനു മുന്നിലും അതുപോലെ അവർ ചെല്ലുന്നതു് ഞാൻ കണ്ടു. അല്പസമയം ആ കാർ അവിടെ നിറുത്തിയപ്പോൾ അവരുടെ പ്രതികരണമറിയാൻ ഞാനതിനകത്തേക്കു് നോക്കി. ഒരു വലിയ പട്ടി അതിനകത്തുണ്ടായിരുന്നു അതുകൂടാതെ ഒരു പ്ലാസ്റ്റിക് പാവപോലെ തോന്നിച്ച ഒരു കൊച്ചമ്മയും അവരുടെ കൊച്ചുമകനും. ഡ്രൈവർ ഒരുപക്ഷെ അവരുടെ ഭർത്താവായിരിക്കണം.

ഭിക്ഷക്കാർ കൈനീട്ടുന്നതു് ആ സ്ത്രീ കണ്ടു. അവരുടെ കണ്ണുകളിലെ ഭാവം എന്താണെന്നു് എനിക്കു് കാണാൻ കഴിഞ്ഞില്ല. പക്ഷെ അവർ ഒരു നല്ല സ്ത്രീയാണെന്നു് എനിക്കു് പെട്ടെന്നു് മനസ്സിലായി. അവർ ഒരു ബിസ്കററ്പൊതി എടുത്തു അതിൽനിന്നു് ഓരോന്നു് അവർക്കെല്ലാം കൊടുക്കാൻ തുടങ്ങി. ഞാൻ ആ കൊച്ചിനെ നോക്കി. അവൻ എന്തോ പറയാൻ തുടങ്ങി. ''Mummy those are dog biscuits.'' അവർ ഒന്നു പുഞ്ചിരിച്ചു, എന്നിട്ടു് കുട്ടിയെ പറഞ്ഞു മനസ്സിലാക്കി, 'These Indian dogs don't need even this,'' കുട്ടിക്കു് എന്തോ വലിയ ഒരു വലിയ ആശയക്കുഴപ്പം പററിയതായി അവന്റെ മുഖഭാവം വിളിച്ചുപറഞ്ഞു. ഞാൻ എന്റെ സുഹൃത്തിന്റെ കണ്ണുകളിലേക്കു നോക്കി. പുച്ഛത്തിനു പകരം രോഷഭാവം അവിടെ പടർന്നു കയറിയിരിക്കുന്നു. അയാൾ പറഞ്ഞു ''ഇവിടത്തെ പട്ടികൾക്കു് ഇതൊന്നും വേണ്ടാത്രെ'' ''.............'' ചെവി പൊത്തിനില്ക്കേണ്ടി വരുമോ എന്നു് എനിക്കു തോന്നി. പക്ഷെ അതു വേണ്ടിവന്നില്ല. അയാൾ അവിടെനിന്നു് എങ്ങോട്ടോ പോയി.

സൗന്ദര്യത്തിന്റെ മൂർത്തിമദ്ഭാവങ്ങളായ ആ പട്ടികളെയെല്ലാം ഒന്നിച്ചുകാണണമെന്ന അടക്കാനാവാത്ത ആഗ്രഹം എനിക്കു് വീണ്ടും ഉണ്ടായി. വരുംവരായ്കകളെപ്പററി ചിന്തിക്കാതെ ഞാനൊരു ടിക്കറെറടുത്തു. അകത്തു പോകുന്ന മററാളുകളുടെ പു

ക്കെ ഞാൻ നടന്നു. നായ്ക്കളെയൊക്കെ സ്ഥാപിച്ചിട്ടുള്ള സ്ഥലത്തിനു ചുറ്റും കസേരകളുണ്ടായിരുന്നു. സൂക്ഷിപ്പുകാർക്കും മറ്റുമുള്ളതാകുമെന്നു ഞാൻ മനസ്സിൽ കരുതി. നാലുഭാഗത്തുമായി കെട്ടിയുയർത്തിയിട്ടുള്ള ഇരിപ്പിടങ്ങളാണ് ഞങ്ങൾക്കായുള്ളത് എന്ന് എന്റെയും മറ്റുള്ളവരുടേയും കയ്യിലുണ്ടായിരുന്ന ടിക്കറ്റുകൾ നോക്കി അവിടത്തെ വഴികാട്ടി പറഞ്ഞു.

അവിടെ വലിയ തിരക്കായിരുന്നു. ഞാൻ ഒരു ഇരിപ്പിടം വളരെ ബുദ്ധിമുട്ടി സമ്പാദിച്ചു. ഞാൻ ആകെയൊന്നു വീക്ഷിച്ചു ഓ, എത്രയെത്ര നായ്ക്കൾ. ഞാനാദ്യമായിട്ടായിരുന്നു ഇത്രയധികം ശ്വാക്കളെ ഒന്നിച്ചു കാണുന്നത്. പെട്ടെന്ന് ഒരു ചുമയുടെ അല മുമ്പിലിരിക്കുന്ന കസേരകളിൽ നിന്ന് തുടങ്ങി പിന്നിൽ ഞങ്ങളിരിക്കുന്നിടം വരെ എത്തി. പ്രദർശനത്തിന്റെ ഉൽഘാടനം നടക്കുകയാണെന്ന് എനിക്ക് മനസ്സിലായി. ഞാനും രണ്ടുമൂന്നു പ്രാവശ്യം ചുമച്ചു.

പ്രദർശനത്തിന്റെ പരിപാടികൾ പുരോഗമിക്കും തോറും എനിക്കെന്തെന്നില്ലാത്ത ഒരാഹ്ലാദം തോന്നാൻ തുടങ്ങി. എനിക്കെന്തോ മാറ്റം സംഭവിക്കുന്നതായി ഞാൻ അറിഞ്ഞു. പതുക്കെ പതുക്കെ എന്റെ ശരീരം മുഴുവൻ വെളുത്തരോമങ്ങൾ നിറയുന്നത് ഞാൻ കണ്ടു. അത്ഭുതമെന്നുതന്നെ പറയട്ടെ. ആട്ടിക്കൊണ്ടിരിക്കാവുന്ന ഒരു സുന്ദരമായ വാൽ മുളച്ചുവരുന്നതായും എനിക്കനുഭവപ്പെട്ടു. ഞാൻ ആവേശംകൊണ്ടു തുള്ളിച്ചാടാൻ തുടങ്ങി. സന്തോഷാധിക്യം പലവിധശബ്ദങ്ങൾ ഉണ്ടാക്കാൻ എന്നെ പ്രേരിപ്പിച്ചു. അപ്പോഴാണ് എനിക്ക് ശരിയായ അത്ഭുതം ഉണ്ടായത്. എന്റെ ശബ്ദം വിദേശപ്പട്ടികളുടേതുപോലെയായിരിക്കുന്നു. ആദ്യം അമേരിക്കൻചുവയിലും പിന്നീടു റഷ്യൻചുവയിലും വിവിധ താളത്തിലും ഈണത്തിലും ഞാൻ കുരച്ചുകൊണ്ടിരുന്നു. എനിക്കു ചുറ്റും ഡോഗ്ബിസ്കറ്റുകളും എല്ലിൻകഷണങ്ങളുമായി ആളുകൾ നിരന്നുനില്ക്കുന്നതു ഞാൻ അറിഞ്ഞു.

എന്റെ ആത്മസത്ത കണ്ടെത്തിയ സന്തോഷത്തോടെ ഞാൻ വീണ്ടും വീണ്ടും ശബ്ദമുണ്ടാക്കി. എല്ലിൻകഷണങ്ങളും അപ്പക്കഷണങ്ങളും കഴിയുന്നിടത്തോളം ശേഖരിച്ചശേഷം, ഒരു പുതുയുഗപ്പിറവിയുടെ ഈരടികൾ ശ്വാനഭാഷയിൽ പാടിക്കൊണ്ട് ഞാൻ യാത്രതിരിച്ചു. ദ്രുതഗതിയിൽ ചലിപ്പിക്കാൻ കഴിയുന്ന എന്റെ വാൽകൊണ്ട് ആ ഗീതത്തിന് അതുല്യമായ താളം നൽകാൻ എനിക്കു കഴിഞ്ഞു.



കഥ

# സൂര്യന്റെ മരണം

ഹിഷാം എ.

I M. Sc. Chem.

അനന്തതയിലേക്കു പാഞ്ഞുപോകുന്ന എന്റെ ഓരോ നിമിഷങ്ങൾക്കുള്ളിൽ ഒരു ഭ്രൂണമായി സുഖനിദ്രയിലാഴാൻ എനിക്കു കഴിഞ്ഞിരുന്നെങ്കിൽ.

എന്റെ ദുഃഖങ്ങളെ ഒരു മഞ്ഞുതുള്ളിയിലൊതുക്കി മരവിപ്പിക്കാൻ എനിക്ക് കഴിഞ്ഞിരുന്നെങ്കിൽ.

എന്റെ മോഹഭംഗങ്ങളെ ഒരു കുളിർതെന്നലിൽ ഒതുക്കാൻ എനിക്കു കഴിഞ്ഞിരുന്നെങ്കിൽ, എങ്കിൽ അവിടെയാണു ഞാൻ കുഴങ്ങുന്നത്.

അച്ഛന്റെ ചിതയിൽ ആനന്ദനൃത്തം ചവിട്ടിയ അമ്മയെക്കുറിച്ചു കേട്ടിട്ടുണ്ടോ? ആ അഗ്നിസ്ഫുലിംഗങ്ങളുടെ കരാളമായ വർണ്ണത്തിൽ എല്ലാവരും തളർന്നുമയങ്ങിയപ്പോൾ അമ്മയുടെ കണ്ണിൽ കണ്ണീർ കണ്ടിരുന്നോ? അച്ഛന്റെ ആത്മാവ് പിടഞ്ഞിരിക്കണം. മാസങ്ങൾ കഴിഞ്ഞപ്പോൾ സ്ഥലത്തെ ധനവാൻ അമ്മയുടെ കഴുത്തിൽ മിന്നു കെട്ടിയപ്പോൾ ഞാനെന്ന വ്യക്തി എന്നിലേക്ക് നുഴഞ്ഞുകയറിയിരുന്നു. അവിടെയായിരുന്നു തുടക്കം. അന്തർമുഖനാകാനുള്ള എന്റെ അഭിവാഞ്ഛ അതിന്റെ അത്യുന്നതിയിലെത്തിയ നിമിഷം.

അസ്തിത്വവാദത്തിന്റെ ഇരുമ്പ്ചട്ടങ്ങളിൽ ഞാനെന്നെ കണ്ടെത്തി. കാഫ്കയുടെയും കാമുവിന്റെ കഥകളിൽ ഞാനെന്നെ തിരഞ്ഞു. ഒരു സത്യാന്വേഷണപര്യടനമായിരുന്നോ അത്. മോർഫിനും ഹെറോയിനും എന്റെ മനസ്സിൽ വർണ്ണങ്ങൾ ചാലിച്ചു. എന്റെ മനസ്സിനെ ചങ്ങലയ്ക്കിട്ട്കൊണ്ട് അവ അലറി.

“ഞങ്ങൾ നിന്റേതാണ്, നിന്റേതു മാത്രം.”

ദിഗന്തങ്ങൾ പൊട്ടുമാറുച്ചത്തിൽ ഞാൻ വീണുകേണു.

“എന്നെ ഉപേക്ഷിക്കരുത്. ഞാൻ നിങ്ങൾക്ക് പരിപൂർണ്ണമായി കീഴടങ്ങുന്നു.”

എന്റെ മനസ്സിൽ സ്നേഹത്തിന്റെ താഴ്‌വര ശൂന്യമായിരുന്നു. കള്ളിച്ചെടികളും മുൾപ്പടർപ്പുകളും മാത്രം. അവ എന്നെങ്കിലും പൂത്തു സൌരഭ്യം പരത്തിയിരുന്നോ. അവിടെ കുയിലുകൾ പാടിയിരുന്നോ. ഇല്ലേ? ഞാനൊന്നാലോചിക്കട്ടെ.

രണ്ടു സംവത്സരങ്ങൾക്ക് മുമ്പ് പോസ്റ്റ്ഗ്രാഡ്വേറ്റ് പഠനത്തിനു കോളേജി

ലെത്തിയിരുന്നു. എന്റെ മയങ്ങുന്ന കണ്ണുകളിൽ ആരെങ്കിലും സൂക്ഷിച്ചുനോക്കിയിരുന്നോ? അതെ. അവൾ. നീലിമ. എന്റെ നീലിമ. എന്റെ നീലിമയോ?

ഒരിക്കൽ അവൾ ചോദിച്ചു

"Mohan, you look very disappointed would you like to share your sorrows with me".

"Please mind your own business. Let me line in my own world".

അവളുടെ മുഖം മങ്ങിയിരുന്നു.

ഒരു സന്ധ്യയിൽ അസ്തമനസൂര്യന്റെ മരണം കണ്ടിരുന്നപ്പോൾ അവൾ വന്നു.

"മോഹൻ ഞാൻ നിങ്ങളെ മനസ്സിലാക്കുന്നു. എന്റെ സ്നേഹം നിങ്ങൾക്ക് തരാൻ ഞാൻ ഒരുക്കമാണ്."

"ഇല്ല മോളെ. എനിക്കു സ്നേഹിക്കാൻ അറിയില്ല. എന്റെ മനസ്സു ശൂന്യമാണ്. ആത്മപീഡനങ്ങളാണ് എനിക്ക് ആശ്വാസം."

എന്റെ ഹൃദയത്തിന്റെ കിളിവാതിൽ തുറക്കയായിരുന്നുവോ.

ഒരിക്കൽ സൂര്യന്റെ മരണം നോക്കിയിരുന്നപ്പോൾ.

അവൾ എന്റെ കൈ അവളുടെ കവിളുകളിൽ അമർത്തി. പിന്നെ പറഞ്ഞു.

"Mohan, you do not know How much I love you"

"..............."

"വരൂ നമുക്കു പോകാം. അവൾ നടന്നു. ഞാൻ അനുഗമിച്ചു. കാർ ഡ്രൈവു ചെയ്തുകൊണ്ടിരുന്നപ്പോൾ അവളുടെ കണ്ണുകളിൽ ദുഃഖത്തിന്റെ ലാഞ്ഛനയുണ്ടായിരുന്നു

"ഇന്നെന്റെ വീട്ടിൽ വരണം. വയ്യെന്നു പറയരുത്."

ഞാൻ അനുസരിച്ചു.

വീടിനുള്ളിൽ കാർ കയറി. അവളുടെ കൂടെ വീടിനുള്ളിൽ കയറി. സ്റ്റീരിയോയിൽനിന്നും ഗാനം ഒഴുകിവന്നു.

As I long enough of being alone
everyone must face their share of
lonliness
In my own time nobody knew
the pain I was going through...

ഗാനത്തിൽ ഞാനെന്നെ ദർശിച്ചു.

അവൾ സംസാരിക്കാൻ തുടങ്ങി. വർഷാവസാനം അവൾ പോവുകയാണ്, അമേരിക്കയിലേയ്ക്ക്. അച്ഛനും അമ്മയും അവിടെയത്രെ.

വീണ്ടും ഗാനവീചികൾ അന്തരീക്ഷത്തിൽ കലർന്നു.

You are the dawn breaking the night
the promise of morning light
fill in the world surrounding me
when I want you baby, baby
feels like may be, dreams will be
allright
only yesterday when I was sad and
I was lonely.

അതെ കുട്ടീ. നീ എന്റെ മനസ്സിലെ കൂരിരുട്ടിനെ കീറിമുറിക്കുന്ന പ്രകാശരശ്മിയാണ്.

പോകുന്നതിനു മുൻപ് അവളെന്നെ ചുംബിച്ചു.

"I leve you my boy".

.............................................................

.............................................................

വർഷാവസാനത്തിൽ അവൾ പറഞ്ഞു

I want to tell you something. Will you come with me to Beach Hotel next week. This is an ambition in my life. don't refuse it."

ഞാൻ യന്ത്രത്തെപ്പോലെ സമ്മതിച്ചു. അടുത്ത ആഴ്ച അവൾ വന്നു.

അസ്തമയസൂര്യന്റെ മരണത്തിൽ പുതിയ ഭാവങ്ങൾ. അവളുടെ വിരലുകൾ എന്റെ തലമുടി തഴുകി.

രാത്രിയിൽ അവൾ തന്റെ ചൂടുള്ള ശരീരം എന്നിലേയ്ക്കമർത്തിക്കൊണ്ടു പറഞ്ഞു,

"ഞാനൊരു കാര്യം പറയട്ടെ."

"........................"

"ഞാൻ മരിച്ചുകൊണ്ടിരിക്കുകയാണ് മോഹൻ. എന്റെ നാളുകൾ എണ്ണപ്പെട്ടിരിക്കുന്നു. ലൂക്കീമിയയാണ്."

മനസ്സിൽ ഒരായിരം കാരമുള്ളുകൾ കയറുന്നു.

"ഇല്ല മോളെ നിനക്കതുണ്ടാവില്ല." ഞാനവളെ അമർത്തി ചുംബിച്ചു. കണ്ണുനീരിന്റെ നനവ് ചുണ്ടുകളിൽ തടഞ്ഞു.

"മോഹൻ ഞാൻ അടുത്തയാഴ്ച തിരിച്ചുപോവുകയാണ്. അമേരിക്കയിലേയ്ക്ക് എയർപോർട്ടിൽ വരണം. വരില്ലേ."

"ഞാൻ വരും കുട്ടീ. തീർച്ചയായും."

..............................................

..............................................

എയർപോർട്ടിൽനിന്നും തിരിച്ചുവരുമ്പോൾ മനസ്സ് ഹെറോയിനുവേണ്ടി ദാഹിച്ചു. മരണത്തിന്റെ മുൻപിലും പുഞ്ചിരിപൊഴിക്കുന്ന കുട്ടീ, നിനക്കു നല്ലതു വരട്ട്,

.................................. ... ... ...

മാസങ്ങൾക്കുശേഷം കത്തുകിട്ടി. നീലിമയുടെ അച്ഛന്റെ കത്ത്.

നീലിമ മരിച്ചിരിക്കുന്നു.

.................................. ... ... ...

ഇല്ല നീലിമാ, നിനക്ക് മരിക്കാൻ കഴിയില്ല. ഒരിക്കലും, ഒരിക്കലും. സൂര്യന്റെ മരണം, പ്രകാശത്തിൽ രക്തച്ഛായയുണ്ടായിരുന്നു. മരണത്തിന്റെ നിറം. മരിച്ച സൂര്യന്റെ ശവം കടലിൽ ആണ്ടുപോയി. വീണ്ടും രക്തനിറം. ആ രക്തനിറത്തിൽ ഞാൻ മുങ്ങി. വീണ്ടും വീണ്ടും. ആ അഗാധതയിൽ ഞാൻ മുങ്ങിത്താണു, ജലാംശം വറ്റിയ എന്റെ ചുണ്ടുകൾ മന്ത്രിച്ചിരുന്നു. ലോകമേ! നിന്റെ വശ്യവും ഭീകരവുമായ മുഖം ഞാൻ തകർക്കും. അതിനുള്ള ശക്തി ലഭിക്കാൻ ഞാൻ ഇതാ എന്നെത്തന്നെ ഹോമിച്ചിരിക്കുന്നു.

കഥ

# വെളിച്ചം

വി. കെ. കോളോട്, മണ്ണൂർ

"നിനക്കെന്തുപററി" മെത്ത എന്നോട് ചോദിച്ചു.

"നീ എന്തിനാണ് കരയുന്നത്? എന്താണിങ്ങനെ കിതയ്ക്കുന്നത്? പറയൂ. എന്നോട് പറയൂ. എത്ര വർഷം നീ എന്റെ മേൽ കിടന്നതാണ്. എന്തെല്ലാം രഹസ്യങ്ങൾ നാം പരസ്പരം കൈമാറിയതാണ്. പറയൂ. എന്നോട് പറയില്ലേ?" മെത്ത നിർബ്ബന്ധിച്ചു.

"ശരി മെത്തേ...ഞാൻ പറയാം. കേട്ടോളൂ."

അന്ന് ഞാൻ ഈ മാളത്തിൽനിന്നും ഇറങ്ങിയതിനുശേഷമുള്ള എല്ലാ കാര്യവും പറയാം.

നിനക്കറിയാമല്ലോ ഞാൻ മാളത്തിൽ ഉറങ്ങുകയായിരുന്നെന്ന്.

അന്നെനിക്ക് ഉറക്കം കിട്ടിയില്ല. തിരിഞ്ഞും മറിഞ്ഞും കിടന്നു. ഉറക്കം വന്നില്ല. നീണ്ട പതിനെട്ട് വർഷങ്ങൾ ഉറങ്ങുകയായിരുന്നല്ലോ. അന്നുവരെ മാളത്തിലേയ്ക്ക് വെളിച്ചം കടന്നുവന്നില്ല. കടക്കാതിരിക്കാൻ മുൻകരുതലുകൾ ചെയ്തിരുന്നു. എന്നിട്ടും അന്ന് ചെറിയൊരു വിടവുണ്ടാക്കി വെളിച്ചം അകത്തേയ്ക്കു കയറിവന്നു കണ്ണിലേയ്ക്കടിച്ചു. എവിടെനിന്നാണാവെളിച്ചം വരുന്നതെന്ന് ആലോചിച്ചു. മനസ്സിലായില്ല.

ഞാൻ എഴുന്നേററു. ആ പതിനെട്ട് വർഷങ്ങൾ എന്നെ മനുഷ്യൻതന്നെയല്ലാതാക്കിയിരുന്നു. ആദ്യം മനുഷ്യനാകുക എന്നിട്ട് വെളിച്ചത്തിന്റെ ഉത്ഭവം കണ്ടുപിടിക്കുക.

ഞാൻ കുറെ മനുഷ്യരുടെ അടുത്തുചെന്നു "എന്നെ മനുഷ്യനാക്കിത്തരാമോ?" എന്നു ചോദിച്ചു.

ദിവസങ്ങൾ കടന്നുപോയി. ഞാൻ മനുഷ്യനായില്ല. അവരെല്ലാം എന്നെ തള്ളിപ്പറഞ്ഞു.

"ഒരു കാട്ടാളൻ"

അപ്പോഴും ആ വെളിച്ചം കണ്ണിൽ പതിക്കുന്നുണ്ടായിരുന്നു. ഞാൻ പലരോടും യാചിച്ചു.

"എന്നെ മനുഷ്യനാക്കിത്തരൂ."

അവസാനം ഒരാൾ എന്റെ കയ്യിൽ പിടിച്ചു വലിച്ചു. അയാളെന്നെയുംകൊണ്ടു നടന്നു. പക്ഷേ അയാളുടെ കൂട്ടുകാർ അയാളെ കളിയാക്കി.

"നിനക്ക് വേറെ പണിയൊന്നും ഇല്ലേ? ഒരു കാട്ടാളനേംകൊണ്ട് നടക്കണ്."

അതോടെ അയാളും എന്റെ കൈവിട്ടു. പക്ഷെ എന്നിൽ അല്പം മനുഷ്യത്വം അപ്പോഴേക്കും കടന്നു കഴിഞ്ഞിരുന്നു. തല്ക്കാലം അതു മതിയെന്ന് തീരുമാനിച്ചു. ഇനി ആരോടും യാചിക്കില്ലെന്ന് മനസ്സിൽ ഉറച്ചു.

ഇനി അന്വേഷിക്കണം. വെളിച്ചത്തിന്റെ ഉറവിടം. അതായിരുന്നു എന്റെ ലക്ഷ്യം. അതിൽ അലിയണം. അലിഞ്ഞില്ലാതാകണം. പിന്നെ ആരും എന്നെ അറിയരുത്.

തിരഞ്ഞു തിരഞ്ഞു നാഴികകൾ താണ്ടി കടലിലും ആകാശത്തിലും; കാട്ടിലും, നാട്ടി

ലും; മരുഭൂമിയിലും, മരുപ്പച്ചയിലും അന്വേഷിച്ചു. കണ്ടെത്തിയില്ല.

അവസാനം വീണ്ടും ഉറങ്ങാൻ തീരുമാനിച്ച് മാളത്തിന്റെ മുഖത്തെത്തി. അപ്പോൾ പ്രകാശം കൂടുതൽ ശക്തിയായി മുഖത്തേക്കടിച്ചു. സൂക്ഷിച്ചുനോക്കി. ഇതുവരെ മാളത്തിനുചുറ്റും ശ്രദ്ധിച്ചുനോക്കിയിരുന്നില്ല.

മാളത്തിനടുത്തായി ഒരു മുല്ലച്ചെടി. അതിന്മേൽ മണമുള്ള വെള്ളപൂക്കൾ. ആ മുല്ലച്ചെടിയിൽനിന്നാണ് വെളിച്ചം വരുന്നത്. എന്നിലെ മനുഷ്യത്വം അതു കണ്ടുപിടിച്ചു.

ഞാനതിന്റെ സമീപം ഓടിയെത്തി. അതിന്റെ പൂക്കളിറുക്കാൻ കൈനീട്ടി. അതോടെ വെളിച്ചം നിലച്ചു. എന്നെ ആ മുല്ലച്ചെടിക്കും ഇഷ്ടമായില്ലല്ലോ? ഞാൻ ദുഃഖത്തിലാണ്ടു. തിരിച്ചു മാളത്തിൽ കയറാൻ എനിക്കു തോന്നിയില്ല. ഞാനതിനുചുറ്റും കറങ്ങി. പിന്നെ മുല്ലയെ തീരെ ശ്രദ്ധിച്ചില്ല. ദിവസങ്ങൾ കടന്നുപോയി. ചെറിയൊരു വെളിച്ചം വീണ്ടും കണ്ണിലടിച്ചു. എനിക്ക് സന്തോഷമായി. ജീവിതത്തിലാദ്യമായി സന്തോഷിച്ചു. ഞാൻ പൂവിറുക്കാൻ അടുത്തേക്കു ചെന്നില്ല. ദൂരെ നോക്കിനിന്നു. ആസ്വദിച്ചു, മതിയാവോളം. ആ വെളിച്ചം എനിക്ക് സ്വന്തമാക്കാൻ ആഗ്രഹമുണ്ടായിരുന്നു. പക്ഷേ അത് മുല്ലയോടു പറയാൻ ഭയപ്പെട്ടു. വീണ്ടും വെളിച്ചം കെടുത്തിയാലോ? പൂർണ്ണമായും മനുഷ്യനാകണം. എന്നിട്ട് ചോദിക്കാമെന്ന് ഉറപ്പിച്ചു.

ഞാനാരോടും യാചിച്ചില്ല. പെട്ടെന്ന് രണ്ടുപേർ കൈയ്ക്കുപിടിച്ചു. പിടിവിടാതിരിക്കാൻ ബലമുള്ള ചരടുകൾകൊണ്ട് കൈകൾ കൂട്ടിക്കെട്ടി. എന്നെ വലിച്ചിഴച്ചിടത്തേക്കെല്ലാം ഞാൻ പോയി. നാലുചുമരുകൾക്കുള്ളിൽ പലപ്പോഴും ഞാൻ ബന്ധനസ്ഥനായി. (പക്ഷേ ഞാനൊറ്റയ്ക്കല്ലായിരുന്നു) തലകളും മനുഷ്യശവങ്ങളും എന്റെ കയ്യിൽ കിടന്ന് വീർപ്പുമുട്ടി. അവയെ ഞാൻ കീറിമുറിച്ചു. വജ്രക്കത്തികൾ പിടിച്ച് കയ്യിൽ തഴമ്പുവന്നു. പേനകൊണ്ട് കടലാസുകൾ നശിപ്പിച്ചു. കയ്യിന്റെ വേഗം വർദ്ധിച്ചു. വജ്രക്കത്തിയുടെ മൂർച്ചകൂടി. കഴുത്തിൽ ഒരു കുഴൽ തൂങ്ങി.

പക്ഷേ അപ്പോഴേക്കും വെളിച്ചം നിലച്ചത് ഞാൻ ശ്രദ്ധിച്ചു. ഉടനെ തിരിച്ചു. മാളത്തിനടുത്തേക്ക്. അന്നത്തെ മുല്ലച്ചെടി കാണാൻ കഴിഞ്ഞില്ല. മരത്തിൽ പടർന്നുകയറിയ ഒരു മുല്ലച്ചെടി അവിടെ നില്ക്കുന്നു. അതിന്മേൽ പൂക്കളില്ല. വെളിച്ചം വമിക്കുന്നില്ല. അവിടെ ഇരുട്ടാണ്. ഒരിക്കൽകൂടി ദുഃഖം എന്നിൽ കുടികയറി. വീണ്ടും അതിനെ നോക്കുന്നതിനുമുമ്പ് ആ രണ്ടുപേരെന്നെ വലിച്ചുകൊണ്ടുപോയി.

ഞാനെന്റെ ജോലി ചെയ്യാൻ തുടങ്ങി. മനുഷ്യനെ കീറുക. തുന്നിക്കെട്ടുക. കീറി കീറി എനിക്ക് രസംവന്നു. എല്ലാം മറന്ന് അതിൽ ലയിച്ചു. ഞാൻ ഞാനല്ലാതായി. ഒരു ബിന്ദുവായി.

അവിടേയ്ക്ക് നാനാവശത്തുനിന്നും ലൈറ്റടിക്കപ്പെട്ടു. പ്രകാശമില്ലാത്ത ലൈറ്റ്!

ഒരിക്കൽകൂടി മുല്ലയെ കാണാൻ ആഗ്രഹിച്ചു. മാളത്തിനടുത്തെത്തി.

മരത്തിൽ മുല്ലയില്ല. താഴേക്കുനോക്കി. അതവിടെ തറയിൽ വാടിക്കിടക്കുന്നു. അതിൽനിന്നും വെളിച്ചം പെട്ടെന്ന് ഉത്ഭവിച്ചു. എന്നെ മുല്ലയ്ക്ക് മനസ്സിലായി. ഞാനെല്ലാം മറന്നതിനെ കെട്ടിപ്പുണർന്നു. വെളിച്ചം അപ്പോഴും വന്നുകൊണ്ടിരുന്നു.

“എനിക്കീ വെളിച്ചം തരൂ” ഞാൻ ആവശ്യപ്പെട്ടു.

“ഇല്ല. ഇനി ഞാൻ ഇതാർക്കും കൊടുക്കില്ല. ഇതിന്റെ പ്രകാശം എന്നോ നഷ്ടമായി.” മുല്ല നിഷേധിച്ചു

“ഈ പ്രകാശം എനിക്ക് ധാരാളമാണ്. തരൂ...തരൂ...” വീണ്ടും ഞാനഭ്യർത്ഥിച്ചു.

"ഈ വെളിച്ചം ഒരിക്കൽ നിനക്കുവേണ്ടി ഞാൻ തെളിയിച്ചു. അന്ന് നീ ഇതാവശ്യപ്പെട്ടില്ല. ഞാൻ കാത്തിരുന്നു. പക്ഷെ ഞാൻ തട്ടിപ്പറിക്കപ്പെട്ടു. എന്നെ ബലാൽക്കാരം ചെയ്തു. എന്റെ എല്ലാം നശിപ്പിച്ചു. എന്റെ പൂക്കൾ എല്ലാം നശിപ്പിക്കപ്പെട്ടു. അതോടെ എന്റെ വെളിച്ചം നഷ്ടമായി. ഞാൻ ഞാനല്ലാതായി. തളർന്നുവീണു. നിനക്കുതരാൻ ഇന്നെന്റെ കയ്യിൽ പുതിയതായി ഒന്നുമില്ല. നീ മറെറാരു വെളിച്ചം അന്വേഷിക്കു. നിന്നെ എത്രയോ വെളിച്ചങ്ങൾ അന്വേഷിക്കുന്നുണ്ട്. അതിലൊന്നിനെ സ്വീകരിക്കു" മുല്ല പറഞ്ഞുനിർത്തി. ഞാൻ പരിഭ്രമിച്ചുപോയി.

"അപ്പോൾ ഞാൻ നിന്റെ പൂവിറുക്കാൻ കൈനീട്ടിയപ്പോൾ വെളിച്ചം കെടുത്തിയതെന്തേ?"

"സന്തോഷംകൊണ്ട് കണ്ണുചിമ്മിയതായിരുന്നു."

"ഓ... എന്റെ മുല്ലേ നീ മാത്രം മതിയെനിക്ക്. നീ മാത്രം. നിന്റെ വെളിച്ചം മാത്രമേ എനിക്കാവശ്യമുള്ളു. നിന്റെ വെളിച്ചം മാത്രം" ഞാനാ തറയിൽ എന്റെ മുല്ലയെയും കെട്ടിപ്പിടിച്ചുകൊണ്ട് കിടന്നുരുണ്ടു

"എനിക്ക് മാപ്പ്... എനിക്ക് മാപ്പ്" എന്റെ ചുണ്ടുകൾ ചലിച്ചുകൊണ്ടിരുന്നു.

പെട്ടെന്ന് എന്റെ കരവലയത്തിൽ കിടന്നിരുന്ന മുല്ല നിശ്ചലമായി. ആ വെളിച്ചം നിലച്ചു.

പിന്നെ ഞാനോടുകയായിരുന്നു. ഒരു ഭ്രാന്തനെപ്പോലെ. ദുഃഖം എനിക്ക് സഹിക്കാൻ കഴിയുന്നില്ല. അവസാനം ഞാൻ മാളത്തിൽ വീണ്ടും കയറി. മുല്ലയില്ലാത്ത ജീവിതം എനിക്ക് വേണ്ട. ഞാൻ മാളത്തിന്റെ മുഖം മൂടിയിട്ടുണ്ട്. ഇനി ഉറങ്ങാൻ പോകയാണ്. അവസാനത്തെ ഉറക്കം.

——

# വെളിച്ചത്തിലേയ്ക്ക്!

(വി. രാഘവനുണ്ണി I

പാവനപ്രതിഷ്ഠക-
ളുദൃശ്യമായ്ത്തീരുന്നു
ഹാ വനാന്തരമാകെ
ചഞ്ചലമായിടുന്നു.

സംഹരിയ്ക്കാനെന്നപോ-
ലാഴികളിരമ്പുന്നു
ഉന്നതമായ ഗിരി
യിടിഞ്ഞുപൊളിയുന്നു!

അന്ധകാരത്തിൻ കൊടി-
യെങ്ങുമേ പറക്കുന്നു
ഹന്ത ജീവിതം വ്രണം
പോൽപൊട്ടിയൊലിയ്ക്കുന്നു

ദുഃഖത്തിൻ നെടുവീർപ്പും
ദീനരോദനങ്ങളും
ശക്തിയായ് ലോകത്തിനെ
മഥിച്ചുണരുക്കുന്നു.

ഖൃങ്ങകളെവിടെയു-
മിരുട്ടിലിരുന്നുച്ചം
മോങ്ങുന്നു, നിശാചരർ
ഗർജ്ജനം തുടരുന്നു.

ഇടിയും കൊടുങ്കാറ്റും
മിന്നലുംപോലെ, മർത്ത്യ-
ർക്കിടയിൽ കൊലകളും
കൊള്ളയും ഭയാനകം.

സത്യത്തിൻ പുതുനാമ്പ-
ങ്ങിവിടെയുദിപ്പിപ്പാൻ
ഉദ്ബുദ്ധരായ്ത്തീരുവിൻ
മാനുഷഗണങ്ങളേ!

എതിരായ്വന്നീടുന്ന
ചപലവർഗ്ഗങ്ങളെ-
യെരിച്ചാമ്പലാക്കുവിൻ
ജീവിതം ജയിച്ചീടാൻ!

# വേർപാട്

മൊയ്തീൻകോയ എം. ബി.
I പി. ഡി. സി.

അന്നൊരു സുദിനത്തി-
ലാദ്യമായ് നിന്നെക്കാൺകെ
യെൻമനം വെളിച്ചത്തി-
ലാറാടിക്കൊണ്ടേനിന്നു.
നിന്നിൽ ഞാൻ ജീവിതത്തിൽ
ദീർഘമാം പാതകണ്ടു
അന്നുനിൻ പാതകളിൽ
ദുഃഖങ്ങൾ മൃത്യുപൂകി.
നിന്നെയും പൊക്കിക്കൊണ്ടെൻ
സ്വപ്നങ്ങൾ വാനിൽപൊങ്ങി
ജന്മസാഫല്യം തന്നെ
നേടിഞാൻ-സായൂജ്യവും.
സൗന്ദര്യസൗഭാഗ്യമേ
സ്വപ്നത്തിൻ സായൂജ്യമേ
സ്വാന്തത്തിൽ കടന്നു നീ
സാമ്രാജ്യം പടുത്തല്ലോ !

ഇന്നുനീ വഴിതെററി
എന്നിൽ നിന്നകന്നല്ലോ.
എന്നിലെ സ്വപ്നങ്ങളും
മോഹവും മിഥ്യയായോ.
എന്നിലെ സങ്കല്പത്തിൻ
മാളിക തകർന്നുവോ
എൻ ഹൃദയത്തിലാകെ
യിരുട്ടു പരന്നുവോ.
തമസ്സിൻ കൂടാരത്തിൽ
പാതകൾ മരിക്കുന്നോ.
വഴികളറിയാതെൻ
പാദങ്ങളിടറുന്നോ.
മൃത്യുതൻ കരമെന്നെ
തഴുകുംമുമ്പേ നീയെൻ
കരങ്ങൾ തഴുകുമോ
അരികിലണയുമോ.

# വിഷപുഷ്പം

മെഹബൂബ് എൻ. മഹൽ II ബി. കോം

...ാനസതീർത്ഥത്തിൽ പൂത്തുലഞ്ഞീടിന
...ജ്ജിമയാലുന്ന പ്രേമപത്മം
...ൽകത്തിനിന്നു ഫണം വിടർത്താട്ടുന്നൊ-
...ക്കൻ കരിനാഗമായിമാറി.
...ാഹനസങ്കല്പ സൂനം വിടർന്നൊരെൻ
...നസസുന്ദര പത്മതീർത്ഥം
...തിയിളക്കി കലക്കിമറിച്ചു ഹാ
...ിന്ദിയാറുപോൽ മോഹനാംഗി
...ിൽമലർന്നൊരു മാർകഴിമല്ലിക

മാറി-ജുളൂകസ്സായ് രക്തമൂറി
വന്നു പനിമതിപോലെ മതിമുഖി
പിന്നിപിപികരങ്ങൾ രക്തയക്ഷി.
കത്തിക്കരിക്കുവാനീ പുഷ്പവാടിയെ-
എത്തിബന്ധവാഗ്ദായായി തന്വി.
''സ്നേഹ''മെന്നോതി വരുന്നൊരു ''മോഹ''ത്തെ
സ്നേഹിക്കരുതെന്നറിഞ്ഞീലല്ലോ.
ഇപ്പ്ചരതൻ പരിശ്രമങ്ങൾ താഡനമേല്പുകി
...ിപ്പ്ഫണി ശോകചിത്രം വരിക്കും!

# യാത്ര

ആന്റണി എം. പി. I M. Sc.

കുഞ്ഞിരാമൻ മുണ്ടു് ഒന്നു കുടഞ്ഞുടുത്തു് വീണ്ടും നടന്നു. ചരിത്രത്തിന്റെ മൺമറഞ്ഞ പാതയിലൂടെ, വിശാലമായ ലോകത്തിന്റെ ഇടുങ്ങിയ വഴിയിലൂടെ അയാൾ നടന്നു. മുടന്തിയേന്തി. ലക്ഷ്യം അയാൾക്കറിയില്ല. വൃത്തം സ്വപ്നത്തിലായിരുന്നു. അർത്ഥം അതയാൾക്കറിയാത്ത വാക്കാണിപ്പോഴും.

മുകളിൽ ആകാശം തന്റെ ആയിരം കണ്ണുകൾവെച്ചു് നോക്കുന്നു. വഴിയിൽനിന്നു് അയാളെത്തന്നെ തറപ്പിച്ചുനോക്കുന്ന കൈതച്ചെടികൾക്കു് വരൾച്ച വന്നതുപോലെ നിന്നു. ഏതോ നിശ്ശബ്ദലോകം കൈയടക്കുന്ന രാജാക്കന്മാർ. അതിന്റെ ഗുഹ്യഭാഗത്തു് പററിപ്പടന്നു കിടക്കുന്ന സർപ്പങ്ങൾ അവയുടെ വിഷസഞ്ചിയിലേക്കുററിനില്ക്കുന്ന ശാസ്ത്രം. മനുഷ്യനു് പുതിയ പേരിടാൻ ശ്രമിക്കുന്ന വിഡ്ഢികൾ. അതിന്റെ പരിസരത്തു് പൊട്ടിത്തകർന്ന ഗോപുരംപോലത്തെ കൂൺ ചെടികൾ. ജനിക്കുന്നതിനുമുമ്പേ തകർക്കപ്പെടുന്ന നിസ്സാരികൾ. അവരുടെ ചോരകൊണ്ടു് അപ്പംചുടുന്ന അർത്ഥശാസ്ത്രം.

ഈ വഴി ഒരിക്കലും അവസാനിക്കുന്നതായി കുഞ്ഞിരാമനു് തോന്നിയില്ല. നാഴികക്കല്ലുകൾ എത്ര താണ്ടിയിട്ടും അയാൾ ധ്രുവങ്ങൾ കണ്ടില്ല. അയാൾ ഒരു ധ്രുവത്തിൽനിന്നു് വരുന്നെന്നാണു് അയാളുടെ ഓർമ്മ. പക്ഷെ ആ ധ്രുവം മുതൽ ഇന്നേവരെ ഏതെല്ലാം അക്ഷാംശങ്ങൾ താണ്ടിയെന്നാണു് അയാളുടെ ചിന്ത.

പണ്ടു് രാമൻപിള്ള അയാളോടു് പറഞ്ഞിരുന്നു ധ്രുവങ്ങളുടെ സംയോഗമാണു് സമാധിയെന്നു്. സമീപിക്കാൻ വൈകുന്ന ധ്രുവത്തെ അയാൾ പ്രാകി.

ദൂരെ അല്പം മഞ്ഞുമലകൾക്കപ്പുറത്തു് അയാൾ അയാളുടെ നാഴികക്കല്ലുകണ്ടു. അയാൾ നടത്തത്തിന്നു് വേഗത കൂട്ടി. പക്ഷെ അയാളുടെ ആഗ്രഹങ്ങൾക്കൊത്തു് കാലുകൾ നീങ്ങുന്നില്ല. അയാളുടെ നാഴികക്കല്ലിന്നു് സമീപം ക്രിസ്തുവിന്റെയും വിഷ്ണുവിന്റെയും ചരിത്രമുണ്ടെന്നയാൾക്കറിയാം. പക്ഷെ ചരിത്രവും ഭൂതവും അയാളെ അലട്ടിയിരുന്നില്ല. വൃത്തികെട്ട സമൂഹത്തിന്റെ ചരിത്രം അയാൾക്കറിയേണ്ട ആവശ്യമുണ്ടായിരുന്നില്ല. തന്റെ നാഴികക്കല്ലിനടുത്തെത്തേണ്ടതു് അയാളുടെ ആവശ്യമാണു്. പിന്നെ അവിടെ സുഗന്ധംപൊഴിക്കുന്ന വസന്തങ്ങളും അതിമനോഹരമായ മദാലസരാത്രികളും അയാളുടെ കൂടെയുണ്ടാവുമെന്നു് അയാളുടെ അമ്മ പറഞ്ഞിട്ടുണ്ടായിരുന്നു. മകന്റെ പൗരുഷവും കക്ഷത്തിലെ രോമവും കണ്ടു് അമ്മ സന്തോഷിച്ചു. അപ്പോഴാണു് അവന്റെ അച്ഛൻ ഭൂമദ്ധ്യരേഖ കടന്നു് ഹിമാലയത്തിലലഞ്ഞു് ധ്രുവത്തിലെത്തിയ പരമാർത്ഥം അമ്മ പറഞ്ഞതു്. എല്ലാവരും ഭൂമദ്ധ്യരേഖ കടന്നാൽ മനുഷ്യരെ മറക്കുമെന്നും മണിമാലയും മരക്കഷണവും കയ്യിൽത്തിരുകി തമസ്സിലഭയം തേടുമെന്നും അമ്മ അയാളെ ഓർമ്മിപ്പിച്ചു.

കുഞ്ഞിരാമൻ മഞ്ഞുമലകൾ ചവിട്ടിക്കയറി. വസന്തത്തിനും മദാലസയാമങ്ങൾ

ക്ഷം വേണ്ടി അയാൾ കൊതിച്ചു. അവനു സമാന്തരമായി അനേകം യാത്രക്കാർ പല വഴിയിലേ നടന്നിരുന്നു. വഴിയിലെ ഉള്ള പൊള്ളയായ മരങ്ങളിലൂടെ അവർ തമ്മിൽ കണ്ടു. കാതങ്ങൾക്കപ്പുറത്തുള്ളവരെക്കുറിച്ചു സംസാരിച്ചു. എല്ലാവരും അവനെപ്പോലെ പച്ചപ്പുല്ലുകളെപ്പോലും വേദനിപ്പിക്കാതെ നടന്നവർ തന്നെ. അവസാനം അയാൾ മഞ്ഞുമലകൾ താണ്ടി പത്മസരസ്സുകൾ നീന്തി പുഷ്പമെത്തയിൽ സ്വപ്നകിരീടവുമായി ഉരുണ്ട് നാഴികക്കല്ലിനടുത്തെത്തി. അവിടെ വലിയ ചാനൽ ചെറിയ കാൽവെപ്പുകൊണ്ട് കടക്കാമായിരുന്നു. ക്ഷീണം മാററാൻ അല്പം അവിടെ വിശ്രമിച്ചു. കാരണം അയാൾ ഒന്നിന്റെ സമാധിയിലും മററതിന്റെ ആരംഭത്തിലുമായിരുന്നു. അവിടെ ഒരു ചൂണ്ടുപലകയിൽ 21 എന്ന് എഴുതിവെച്ചിരുന്നു. അയാൾ ഹിന്ദിയിലും ഇംഗ്ലീഷിലും സംസ്കൃതത്തിലും അതു് വായിച്ചു. അയാൾക്കാ പലക തട്ടിയുടയ്ക്കണമെന്ന് തോന്നിയതേ ഇല്ല.

അയാളുടെ സമാന്തരികളുടെ അട്ടഹാസം കുഞ്ഞിരാമന്റെ ചെവിയിലെത്തി. അവർ അവിടെ ചങ്ങലകൾ പൊട്ടിക്കുകയും നിയമപുസ്തകം പിച്ചിച്ചീന്തി കത്തിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. നഷ്ടപ്പെട്ട ചരിത്രം അവർ അഗ്നിയിൽ ഹോമിച്ചു. സ്വരക്തം കുഞ്ഞിരാമനു് ആവേശം പകന്നു. അയാൾ മുമ്പുണ്ടായിരുന്നതെല്ലാം നശിപ്പിച്ചു. അയാളുടെ വസ്ത്രമടക്കം. അവർ എല്ലാവരും കുഞ്ഞിരാമന്റെ അടുത്തെത്തി. അവരും നഗ്നരായിരുന്നു. അവരെല്ലാവരും ഒരു സ്ഥലത്തു് കൂടി പുണ്യത്തിൻേറയും സത്യത്തിൻേറയും ചിതക്കു് തീ കൊളുത്തി. ധമ്മത്തിൻേറയും അഹിംസയുടേയും ശവകല്ലറകൾ നൂതന മാതൃകയിൽ നിർമ്മിച്ചു. അതിൽക്കയറി അവർ താണ്ഡവനൃത്തമാടി. ആയിരം കാതങ്ങൾക്കപ്പുറത്തു് നിന്നു് തന്റെ അച്ഛന്റെ ശബ്ദം കുഞ്ഞിരാമൻ കേട്ടു. അതു് അവ്യക്തമായിരുന്നു. കുറച്ചു നാഴികകൾക്കപ്പുറത്തു് നിന്നു് അമ്മയുടെ രോദനം അയാൾ കേട്ടു. എന്നാൽ അതിനെ മനസ്സിലാക്കുവാൻ അയാൾ ശ്രമിച്ചില്ല. അയാൾ അട്ടഹസിക്കുക മാത്രം ചെയ്തു. കാരണം അവയൊക്കെ തന്റെ വഴിയിലെ വിലങ്ങുതടികളായിരുന്നു.

ആകാശത്തു് മഴ പെയ്യുന്നതും അതു് ഭൂമിയിൽ വീഴാത്തതും അവർ കണ്ടു. ചുററും മരുഭൂമിയും അതിന്റെ നടുവിൽ നിന്നിട്ടും പൊള്ളാത്തതും അവരറിഞ്ഞു.

അവക്ക് മുമ്പിൽ അനേകം വഴികളുണ്ടായിരുന്നു. അവർ ചുററും നോക്കി. വരണ്ടമരങ്ങളും മുള്ളുംകല്ലും നിറഞ്ഞ വഴി അവക്ക് ദൃശ്യമായി. പൂർവ്വികരുടെ ആ വഴിയിലൂടെ ആരും പോയില്ല അടുത്തതായി പുഷ്പം വമിച്ചുനില്ക്കുന്നതും മോഹിനി മോഹനന്മാർ നഗ്നരായി അവരെത്തുറിച്ചുനോക്കി കണ്ണുകൾകൊണ്ടു് മാടിവിളിക്കുന്നതും അവർ കണ്ടു. കുഞ്ഞിരാമനോടു് അമ്മ പറഞ്ഞ വഴി ഇതായിരിക്കുമെന്നു് അവനു് തോന്നി. അവനങ്ങോട്ടു് തിരിയാൻ ശ്രമിച്ചപ്പോൾ മററുള്ളവർ തടഞ്ഞു. അവൻ എല്ലാം തകത്തിരുന്നവല്ലൊ?

പിന്നെ ക്രിസ്തുവിൻേറയും വിഷ്ണുവിൻേറയും വഴികൾകണ്ടു. ആരും അതിലേ പോയില്ല. പിന്നെ സ്വാതന്ത്ര്യത്തിൻേറയും രക്തത്തിൻേറയും വഴികൾ കണ്ടു. രക്തത്തിന്റെ വഴി കണ്ടപ്പോൾ അവർ ആഹ്ലാദംകൊണ്ടു് കുതിച്ചു ചാടി. നഗ്നരായി അവർ അതിലെ നീങ്ങി. ആ വഴിയിൽ രക്തം കട്ടപിടിച്ചു കിടന്നിരുന്നു. അവർക്കതു കണ്ടു് അറച്ചില്ല. വഴിയിലുള്ള ഉണക്കമരങ്ങൾ വെട്ടിവീഴ്ത്തി. മോഹിനിമാരെ തട്ടിയെടുത്തു് അവരുടെ വഴിയിൽ രക്തത്തുള്ളികൾ ഉററിച്ചു. നാഴികകൾ താണ്ടുംതോറും ലക്ഷ്യം അകന്നകന്നു് പൊയ്ക്കൊണ്ടിരുന്നു. അവരുടെ വഴി ദുർഗ്ഗമമായി മാറുകയാ

യിരുന്നു. ചുററുംനിന്നു് കാലൻെറ ഭടന്മാർ അവരെ സൂക്ഷിച്ചുനോക്കി. പലപ്പോഴും രക്തം അവക്കു് നഷ്ടപ്പെട്ടു. രാജകിങ്കരന്മാരും അവരെ വെറുതെ വിട്ടില്ല.

പ്രയാണത്തിൽ കുഞ്ഞിരാമൻെറ കൂട്ടുകാരിൽ പലരും അവനു് നഷ്ടപ്പെട്ടു. അപ്രതീക്ഷിതമായിട്ടാണു് അവിടെ ഒരു തീവണ്ടി വന്നതു്. അതിൻെറ വാതിൽ തുറന്നിട്ടിരിക്കയായിരുന്നു. അതിലെ കാക്കിച്ചാക്കകൾ ധരിച്ച ചെന്നായ്ക്കളുടെ തീ തുപ്പുന്ന കണ്ണുകളിൽനിന്നു് രക്ഷപ്പെടുവാൻ വേണ്ടി ശേഷിച്ച കൂട്ടുകാർ അതിൽ ചാടിക്കയറി. പക്ഷെ കുഞ്ഞിരാമൻ വീണില്ല. കരിവണ്ടി മുന്നോട്ടു് നീങ്ങി. അതു് എവിടേക്കാണെന്നു് അറിയില്ലായിരുന്നു. അതു് വായുവിൽക്കൂടെ പറന്നുവന്ന പോലെ തോന്നി. അതിൻെറ ഏററവും അവസാനത്തെ മുറിയിൽ വൃത്തികെട്ടു് അളിഞ്ഞു് നാററം വന്ന കുറേ പേരുണ്ടായിരുന്നു. അപ്പോഴേക്കും അനേകം ചെന്നായ്ക്കൾ അവനു് ചുററും വളഞ്ഞു. അവ കുഞ്ഞിരാമനെ അളിഞ്ഞു ചീഞ്ഞവരുടെ മുറിയിലേക്കു് വലിച്ചെറിഞ്ഞു. അപ്പോഴും തീവണ്ടി ഓടിക്കൊണ്ടിരുന്നു. അതു് ചൂളംവിളിച്ചു് എങ്ങോട്ടോ പോയി. അതിൻെറ ചൂളംവിളി അവൻെറ അമ്മ കേട്ടു. അവൻെറ സഹയാത്രികരിൽ ചിലർ കേട്ടു. പക്ഷെ അവർ നിസ്സഹായരായിരുന്നു. സമൂഹത്തിൻെറ ഭ്രാന്തിൽ ആ ശബ്ദം മുങ്ങിപ്പോയി. എന്തെങ്കിലും വീണ്ടും കേൾക്കാനായി തളരാത്ത ഗാനമായി ഉണരാൻ..................